# വിശുദ്ധനായോരു ദൈവപുരുഷൻ

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# വിശുദ്ധനായോരു ദൈവപുരുഷൻ


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 682 311**

●

Cover Page & Design
Binus Pulpally and Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 70


●


All rights reserved with the publisher

# ആമുഖം

വിജയകരമായ ഒരു ക്രൂസേഡ് നടത്തിക്കഴിഞ്ഞപ്പോൾ ബില്ലിഗ്രഹാമിനോട് ഒരാൾ ചോദിച്ചു: "ഇതാണോ സാക്ഷാൽ ആത്മീയ ഉണർവ്വ്?" ബില്ലിഗ്രഹാം മറുപടി പറഞ്ഞു: "അല്ല. ആദ്ധ്യാത്മിക ഉണർവ്വുണ്ടാകുമ്പോൾ രണ്ടു കാര്യങ്ങൾ നമുക്ക് കാണാൻ കഴി യും. ഒന്ന്, ദൈവത്തിന്റെ പരമ വിശുദ്ധി യെക്കുറിച്ചുള്ള ഒരു നൂതനബോധം. രണ്ട്, നമ്മുടെ പാപത്തെ ക്കുറിച്ചും നമ്മുടെ ജഡമയത്വത്തെക്കുറിച്ചുമുള്ള വ്യക്തമായ ബോധ്യം."

പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലം നമുക്ക് നമ്മെ ത്തന്നെ കാണുവാനുള്ള എളിമയും, നിത്യപരിശുദ്ധനായ ദൈവത്തിന്റെ നിത്യോജ്ജ്വലസ്നേഹത്തെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാടുമുണ്ടാകുന്നു. അതാണ് സെന്റ് ജോൺ സുവിശേഷത്തിൽ പറയുന്നത്: "പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കു റിച്ചും ബോധം നൽകും." യോഹന്നാൻ 16 : 8

അഗാധമായ കുറ്റബോധമാണ് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ ലക്ഷണം. കുറ്റബോധം (Conviction) ഹൃദയ ത്തകർച്ചയിലേക്കും (Contrition) അത് മാനസാന്തരത്തി ലേക്കും(Conversion) നമ്മെ നയിക്കും. മാനസാന്തരപ്പെടുമ്പോ ഴാണ് പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണമെന്ന ആഗ്രഹമു ണ്ടാകുന്നത് (Confession). അങ്ങനെ ഒരു പുതിയ സൃഷ്ടിയാ യിത്തീരുമ്പോൾ അനേകർക്ക് ഇത് അനുഭവിക്കണം എന്ന അഭിവാഞ്ഛയാൽ സുവിശേഷവേല ചെയ്യുവാനുള്ള ദൈവി

കനിയോഗം പ്രാപിക്കുന്നു (Commission).

ഈ ആശയം എന്റെ ഉള്ളിൽ തിങ്ങിയതാണ് പുസ്തകങ്ങൾ രചിക്കുവാനുള്ള താത്പര്യം എന്നിൽ ഉളവാക്കിയത്.

സുവിശേഷവേല ചെയ്യണമെങ്കിൽ ക്രിസ്തുവിനോടുള്ള സ്നേഹവും ആത്മാക്കളെക്കുറിച്ചുള്ള ദാഹവും ഉള്ളിൽ ഉളവാകണം. സെന്റ് പോൾ പറയുന്നുണ്ട്: “നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു, ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബ്ബന്ധിക്കുന്നു, സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല എന്നെല്ലാം.” മദ്ധ്യപൂർവ്വ ഏഷ്യയെയും യൂറോപ്പിനെയും സുവിശേഷംകൊണ്ട് നിറയ്ക്കാൻ സെന്റ് പോളിന് കഴിഞ്ഞത് ഈ മഹത്തായ ഉത്തരവാദിത്വം ഏറ്റെടുത്തതുകൊണ്ടാണ്. സുവിശേഷത്തിനുവേണ്ടി സെന്റ് പോളിന് അഭിമുഖീകരിക്കേണ്ടി വന്ന ദുരിതങ്ങൾ കൊരിന്ത്യർക്ക് എഴുതിയ രണ്ടാമത്തെ ലേഖനം 11-ാം അദ്ധ്യായത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്.

> *“ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി; യഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു; മൂന്നുവട്ടം കോലിനാൽ അടികൊണ്ടു; ഒരിക്കൽ കല്ലേറുകൊണ്ടു, മൂന്നുവട്ടം കപ്പൽഛേദത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു; നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണസംഗതികൾ ഭവിച്ചത് കൂടാതെ*

*എനിക്ക് ദിവസേന സർവ്വ സഭകളേയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്.”*

*2 കൊരിന്ത്യർ 11 : 23 –29*

സുവിശേഷവേല ചെയ്യുമ്പോൾ ഒട്ടേറെ പ്രതിസന്ധികളെ നമുക്ക് നേരിടേണ്ടി വരും. ആക്ഷേപങ്ങൾ, അവഹേളനങ്ങൾ, ഒറ്റപ്പെടുത്തലുകൾ, മിഥ്യാപവാദങ്ങൾ, കുറ്റാരോപണങ്ങൾ മുതലായവ നേരിടുമ്പോൾ അവയെ എല്ലാം പുഞ്ചിരിയോടെ നേരിടുവാൻ സാധിക്കുന്നതാണ് വാസ്തവമായ നേട്ടം.

ക്രിസ്തു അപ്പൊസ്തലൻമാരെ തെരഞ്ഞെടുത്തപ്പോൾ “അവർ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നു അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു.” എന്നാണ് തിരുവചനത്തിൽ നാം വായിക്കുന്നത്. മർക്കോസ് 3:14,15

തന്നോട് കൂടെ ഇരിക്കുന്നവർക്ക് മാത്രമേ സുവിശേഷവേല ചെയ്യുവാൻ യോഗ്യതയുള്ളൂ. ക്രിസ്തുവിനോട് കൂടെ ഇരിക്കണമെങ്കിൽ ക്രിസ്തുവിന്റെ വിശുദ്ധരായി തീരണം.

ക്രിസ്തുവിന്റെ ഒരു വിശുദ്ധനായി തീരണം എന്നുള്ള അഭിവാഞ്ഛയാണ് പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടപ്പോൾ എന്റെ ഹൃദയത്തിൽ അങ്കുരിച്ചത്. വിശുദ്ധിയിലേക്കുള്ള പാതയിൽ അനേകം നാഴികക്കല്ലുകൾ ഉണ്ട്. അവയെ പിന്നിട്ടുകൊണ്ടുള്ള ഒരു തീർത്ഥയാത്രയാണ് – ക്രിസ്തുവിന്റെ ക്രൂശിന്റെ ചുവട്ടടിയിലേക്കുള്ള തീർത്ഥയാത്ര – എന്റെ ആന്തരാത്മാവിൽ ഞാൻ അനുഭവിക്കുന്നത്. സെന്റ് പോൾ പറയുന്നതുപോലെ:

*“ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തു യേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടി*

*ക്കാമോ എന്നുവെച്ച് പിന്തുടരുന്നതേ ഉള്ളൂ."*

*ഫിലിപ്പിയർ 3 : 12*

ഈ ഒരു കാഴ്ചപ്പാടിലേക്ക് എന്റെ ബഹുമാന്യ സഹോദരങ്ങൾ വരണമെന്നുള്ള എന്റെ അഗാധമായ ആഗ്രഹമാണ് ഈ പുസ്തകരചനയുടേയും ലക്ഷ്യം. 'വിശുദ്ധനായോരു ദൈവപുരുഷൻ' എന്ന ഈ ഗ്രന്ഥം വായിക്കുമ്പോൾ എനിക്കും അങ്ങനെ ആകണമെന്നുള്ള ഒരാഗ്രഹം എന്റെ പ്രിയപ്പെട്ട വായനക്കാരുടെ ഹൃദയത്തിൽ ഉളവായാൽ ഞാൻ കൃതാർത്ഥനായി.

ഈ ഗ്രന്ഥം പ്രകാശം കാണുന്നതിന് എന്നെ സഹായിച്ച അനേകം ദൈവമക്കളുണ്ട്. DTP, Correction, Editing, Cover page, Printing എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ നേതൃത്വം നൽകിയ എന്റെ സഹോദരങ്ങളോടുള്ള എന്റെ അളവറ്റ കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഇത് വായിക്കുന്ന ഏവർക്കും കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ തിരുസന്നിധിയിലേക്ക് പറന്നുയരാനുള്ള സൗഭാഗ്യം ലഭിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

നിങ്ങളുടെ വിനീത വിധേയൻ,

**എം.വൈ. യോഹന്നാൻ.**

# ഒന്ന്

*"ഒരു ദിവസം എലീശാ ശൂനേമിലേക്കു പോയി; അവിടെ ധനികയായോരു സ്ത്രീ ഉണ്ടായിരുന്നു; അവൾ അവനെ ഭക്ഷണത്തിന്നു വരേണം എന്നു നിർബന്ധിച്ചു. പിന്നത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിന്ന് അവിടെ കയറും. അവൾ തന്റെ ഭർത്താവിനോട്: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു."* *2 രാജാക്കന്മാർ 4 : 8, 9*

വിശുദ്ധനായൊരു ദൈവപുരുഷൻ! അത് നമ്മുടെ ജീവകാലം മുഴുവൻ ജ്വലിച്ചു നിൽക്കേണ്ട ഒരു ചിന്തയാണ്.

വിശുദ്ധജീവിതം എന്നതും വിശുദ്ധനാകുക എന്നതും ഒരു കൃപയാണ്. പാപം വേണ്ടെന്ന് വയ്ക്കാൻ തോന്നുന്നത്, പാപത്തോട് അറപ്പ് വരുന്നത് ഒരു കൃപയാണ്. എല്ലാം ദൈവത്തിന്റെ ദാനമാണ്. നമ്മുടെ ഒരുക്കമല്ല, നമ്മുടെ കഴിവല്ല, നമ്മുടെ സാമർത്ഥ്യമല്ല, നമ്മുടെ പഠിപ്പല്ല, പരിജ്ഞാനമല്ല, നമ്മുടെ വായനയുമല്ല, ദൈവത്തിന്റെ അനന്തമായ കൃപകൊണ്ടാണ് ഒന്ന് ഉള്ളുരുകി പ്രാർത്ഥിക്കാൻ കഴിയുന്നത്.

ചിലപ്പോൾ ഏതെങ്കിലും പ്രശ്നങ്ങളിൽ മനസ്സ് ഭാരപ്പെട്ട് വിഷാദഭരിതമായി വാടിമൂടിയിരിക്കുന്ന സമയത്ത് അല്പനേരം ഇരുന്ന് പ്രാർത്ഥിക്കുക. അപ്പോൾ നമ്മുടെ മനസ്സ് ശാന്തമാകും. ദൈവസാന്നിദ്ധ്യം കിട്ടിക്കഴിയുമ്പോൾ എന്തൊരു

സമാധാനം! എന്തൊരു സന്തോഷം! ക്രിസ്തുവിന്റെ സാക്ഷാത്തായ സാന്നിദ്ധ്യം അനുഭവിക്കാൻ പറ്റുന്നു. എന്തൊരു മഹാഭാഗ്യം!

എലീശാ തന്റെ വയലിൽ പന്ത്രണ്ട് ഏർ കാളപൂട്ടി ഉഴുതുകൊണ്ടിരിക്കയായിരുന്നു. എത്രമാത്രം ഏക്കർ ഭൂമിയുടെ ഉടമസ്ഥനായിരിക്കും എലീശ! ജന്മിയായ എലീശാ അവിടെ വാണരുളുകയല്ല, വയലിൽ വേല ചെയ്യുകയാണ്. ആ യുവാവ് പന്ത്രണ്ട് ഏർ കാളയുടെ ഏറ്റവും പിറകിലായി ഒരേർ കാളപൂട്ടി ഉഴുതുകൊണ്ടിരിക്കുകയാണ്.

അപ്പോഴാണ് വളരെ യാദൃച്ഛികമായി ഈ ചെറുപ്പക്കാരന്റെമേൽ ഒരു പുതപ്പ് വന്നു വീഴുന്നത്. ആ പുതപ്പ് തൊട്ടമാത്രയിൽ എലീശായുടെ കൈ കലപ്പയിൽനിന്ന് വിട്ടു. എലീശാ നടന്നുപോകുന്ന ഏലീയാപ്രവാചകന്റെ പിന്നാലെ ഓടി.

ദൈവകൃപ വന്ന് തൊട്ടാൽ ആ കൃപ തൊടുന്നതിന് മുഖാന്തരമായ പരിശുദ്ധാത്മാവിന്റെ പിന്നാലെ നാം ഓടും. അതൊരു അത്ഭുതമാണ്. നാമെല്ലാവരും ഓടുന്നതിന്റെ പിന്നിലുള്ള രഹസ്യം അതാണ്. ഒരു കൃപ വന്ന് നമ്മെ തൊട്ടു! ഒരു ദൈവസ്നേഹം നമ്മെ വശീകരിച്ചു! പിതാക്കന്മാർ പാടി:

"എന്നെ മയക്കി നിൻ നൽ സൗന്ദര്യാശ്ചര്യങ്ങൾ
നിൻ സ്തുതി ദൈവസുതാ പാടാൻ
സ്വരമിവനില്ലൊന്നും."

നിന്റെ ആശ്ചര്യകരമായ സൗന്ദര്യം എന്നെ മയക്കി. എത്ര അർത്ഥവത്താണ് പിതാക്കന്മാർ പാടിയത്! നിന്റെ മുറിവുകളിൽനിന്നും എനിക്കാദ്യം ഒരു സുഗന്ധമാണ് കിട്ടിയത്. ആ നറുമണം വരുന്നത് എവിടെനിന്നെന്ന് അറിയാനായി അത്യാകാംക്ഷയോടെ ഞാൻ ഓടാൻ തുടങ്ങി. അപ്പോൾ ഭടന്മാർ എന്നെ തടുത്തു. നീയെങ്ങോട്ടാണ് ഓടുന്നത്? എന്തു സുഗന്ധം? ഇതെല്ലാം വെറും മണ്ടത്തരമല്ലേ? എന്നുപറഞ്ഞ്

പലരും എന്നെ തടഞ്ഞു.

നിന്റെ മുറിവുകളിൽ നിന്നേറ്റ സുഗന്ധം മൂറോന്റെ നറുമണമായിരുന്നു; പരിശുദ്ധാത്മാവിന്റെ സുഗന്ധമായിരുന്നു. നിന്റെ അധരങ്ങളിൽ നിന്നും പൊഴിഞ്ഞ വചനം ഞാൻ ശ്രദ്ധിച്ചു - ജീവന്റെ വചനം കേട്ടാൽ പരിശുദ്ധാത്മാവിന്റെ സുഗന്ധം ഏശും - അത് കാണ്മാൻ ഞാൻ ഓടിയപ്പോൾ ഭടന്മാർ എന്നെ തടുത്തു. വിഡ്ഢിത്തം! ഇങ്ങനെയെല്ലാം പറഞ്ഞ് എത്രപേർ ഓടിയിട്ടുണ്ട്? നീ അവിടെ നിൽക്ക്, ഇതിന്റെ ഒന്നും പിറകെ പോകണ്ട.

പക്ഷേ, ഈ സുഗന്ധത്തിന്റെ ആകർഷണം അത്രയ്ക്ക് ശക്തമായിരുന്നതുകൊണ്ട് ഞാനതിന്റെ ഉറവിടം തേടി ഓടാൻ തുടങ്ങി. എന്നെ ആർക്കും തടുക്കാൻ പറ്റിയില്ല. ചെന്നെത്തിയത് സുഗന്ധത്തിന്റെ ഉറവിടമായ കുരിശിന്റെ ചുവട്ടിലാണ്. അപ്പോൾ തിരുമാർവ്വ് തുറന്നും തിരുരക്തം വാർന്നും കിടക്കുന്ന എന്റെ നാഥനെ ഞാൻ കണ്ടു. ആ മുറിവിൽ നിന്നാണ് സുഗന്ധം! എന്റെ ജീവരക്ഷയ്ക്കുവേണ്ടി ജീവൻ വെടിഞ്ഞ രക്ഷകനാണ് ഇവനെന്ന് പറഞ്ഞ് ഞാൻ അട്ടഹസിച്ചുകൊണ്ട്, സ്തോത്രം, ഹല്ലേലുയ്യാ എന്ന് പാടി.

നിൻ മുറിവുകളിൽ നിന്നേറ്റേൻ
മൂറോൻ മണമെൻ നാഥാ!
നിന്നധരങ്ങളഹോ പട്ടിൻ-നൂലോടൊത്തുള്ളൂ
കാണ്മാൻ വന്നോ-രെന്നെ ഭടർ ചുറ്റി
ഗോഗുൽത്തായി-ക്കവരെ വിട്ടോടി
നിൻ മാർവ്വുതുറന്നും, രക്തം-വാർന്നും കണ്ടേൻ ഞാൻ
കുരിശാലടിയാരെ കാക്കും-നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ - അട്ടഹസിക്കുന്നേൻ.

പൂർവ്വപിതാക്കന്മാർ ഇതെല്ലാം അനുഭവിച്ചു. കുരിശിൻചുവട്ടിലേക്ക് ഓടിവരുന്നവരെ ആകർഷിച്ചു.

യേശുക്രിസ്തുവിന്റെ കൃപയനുഭവിക്കുന്ന ദൈവമക്ക

ളാണ് സ്തുതിക്കുന്നത്. എനിക്ക് അർഹതയില്ലാത്തത് തന്ന ല്ലോ എന്നോർക്കുമ്പോഴാണ് നന്ദി വരുന്നത്. എനിക്ക് അർഹത യുള്ളത് കിട്ടിയാൽ പ്രത്യേകിച്ച് നന്ദി വരാനില്ല.

ഞാൻ ഒരുകാലത്തും ആത്മീയരംഗത്ത് എത്തിപ്പെടാൻ സാധ്യതയുള്ളവനല്ല. ഇതോർക്കുമ്പോൾ സ്തുതി വരും. എന്തെങ്കിലും സ്വന്തമായിട്ടുണ്ടെന്ന് തോന്നിയാൽ സ്തുതി വരില്ല. വായ്കൊണ്ട് പറയുമായിരിക്കും. പക്ഷേ, ഹൃദയ ത്തിൽ നന്ദിവരണം. ഞാനാരായിരുന്നു? ഞാനെന്തായിരുന്നു?

ഒരുപാട് ആപത്തുകൾ വന്ന വീടാണ് ഞങ്ങളുടേത്. അഞ്ചു മരണം നടന്ന വീട്. അമ്മ ധാരാളം വഴിപാടുകൾ കഴി ക്കും. കോലഞ്ചേരി പള്ളിയിലെ പെരുന്നാളിന്, റോഡ് മുതൽ പള്ളിവരെ ഇരുവശങ്ങളിലും ഇരിക്കുന്ന ധർമ്മക്കാർക്ക് പൈസ കൊടുക്കും. മൂന്നു പൈതങ്ങളുടെ നേർച്ച എല്ലാ വർഷവും പിറവം പള്ളിയിലേക്ക് നേർന്നു, ആൾരൂപം നേർന്നു. കോത മംഗലം പള്ളിയിൽ, കടമറ്റം പള്ളിയിൽ, കോലഞ്ചേരി പള്ളി യിൽ എല്ലാം പെരുന്നാളിന് പോകണമായിരുന്നു.

ഗീവർഗ്ഗീസ് സഹദായുടെ ഊട്ട് ആണ്ടുതോറും നടത്തി യിരുന്നു. എല്ലാ വർഷവും അച്ചൻ വന്ന് കൂദാശ നടത്തിയിരു ന്നു. ഇങ്ങനെ ദൈവത്തിനെന്തെങ്കിലും കൊടുത്ത് അനുഗ്രഹം പ്രാപിക്കാൻ നോക്കുന്ന വളരെ പ്രാകൃതമായ രീതി! തരം താണ ചിന്താഗതി! പത്തിരുപത് കോഴിക്കുഞ്ഞുണ്ടായാൽ ഒരു കോഴിക്കുഞ്ഞിനെ പള്ളിക്ക് നേരും. എന്തിനുവേണ്ടി?

മറ്റ് പത്തൊൻപത് കോഴിക്കുഞ്ഞിനെയും ദൈവം നോക്കണം, മാതാവ് നോക്കണം. ഞാനിത് തുറന്നു പറയു ന്നത്, ചിലർ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്. ചിലരെ ങ്കിലും ഇന്നും അന്ധവിശ്വാസത്തിൽ കുടുങ്ങിക്കിടക്കുന്നവ രുണ്ട്. എനിക്ക് ആദ്യത്തെ ശമ്പളം കിട്ടിയപ്പോൾ ഒരു വർഷത്തെ പള്ളിപ്പെരുന്നാൾ ഏറ്റുകഴിക്കാനുള്ള ചെലവ് ഞാൻ കൊടുത്തു. ഒട്ടറേ അന്ധവിശ്വാസമുള്ള, അബദ്ധാചാര

ങ്ങളുള്ള, മൂഢാചാരങ്ങളുള്ള ഒരു വീടായിരുന്നു ഇത്. സത്യാരാധന എന്താണെന്നറിയാതെ, സത്യദൈവം ആരെന്നറിയാതെ പരിശുദ്ധന്മാരുടെയും കന്യകമാതാവിന്റെയും പിറകെ അന്ധതയിൽ തപ്പിത്തടഞ്ഞ് പോയിരുന്ന കാലങ്ങൾ!

ഇന്ന് പരിശുദ്ധന്മാരെ ശരിയായ രീതിയിൽ ആദരിക്കാൻ കഴിയുന്നു. കന്യകമാതാവിനെ ആദരിക്കാൻ സാധിക്കുന്നു. കന്യകമാതാവിന്റെ വിശുദ്ധിയുടെ തേജസ്സിന്റെ മുമ്പിൽ ഞാൻ ആരുമല്ലല്ലോ എന്നോർത്ത് മദ്ധ്യസ്ഥതയിൽ അഭയപ്പെടാൻ സാധിക്കുന്നു.

പത്രോസ് പൗലോസ് ശ്ലീഹന്മാർ, യോഹന്നാൻ ശ്ലീഹാ, യാക്കോബ് ശ്ലീഹാ, തോമാസ് ശ്ലീഹാ അവരെല്ലാം വിശുദ്ധന്മാർ. അവർക്ക് ലഭിച്ച പദവി എന്താണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. എന്നാൽ അവരെല്ലാം - കന്യകമാതാവും എല്ലാപരിശുദ്ധന്മാരും - പരിശുദ്ധന്മാരായത് യേശുക്രിസ്തു മൂലമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. തമ്പുരാനെ പെറ്റ അമ്മ ജനിക്കുന്നതിന് മുമ്പ് നൂറ്റാണ്ടുകളല്ല, യുഗങ്ങളല്ല, കാലാതീതമായ കാലത്ത് ആദിയിൽ യേശുക്രിസ്തു ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ എനിക്ക് സാധിക്കുന്നു.

യേശുക്രിസ്തുവാണ് ആരാധനയ്ക്ക് യോഗ്യൻ! യേശുവിനെ ആരാധിക്കാതെ യേശുക്രിസ്തുവിന്റെ പരിശുദ്ധന്മാരെ ആരാധിക്കുന്നത് അബദ്ധമാണെന്ന് തിരിച്ചറിയുന്നു. അങ്ങനെ അബദ്ധാചാരങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന എനിക്ക് ദൈവം ഒരു സുബോധം തന്നു. ഓരോന്നിന് അതാതിന്റെ വില കൊടുക്കാൻ സാധിക്കുന്നു. എല്ലാം ദൈവം തരുന്ന കൃപയാണ്.

നമ്മെ ഓരോരുത്തരെയും വിശുദ്ധരാക്കിത്തീർക്കുന്നത് യേശുക്രിസ്തുവിന്റെ കൃപയാണ്. കർത്താവേ, നിന്റെ കൃപ എന്നിൽനിന്നും മാറരുതേയെന്ന് പ്രാർത്ഥിക്കണം. എനിക്ക് സുബോധം തന്ന കൃപ, വെളിവ് തരുന്ന കൃപ എന്നിൽനിന്നും മാറരുതേ. ആ കൃപയുടെ കരം എന്നിൽനിന്നു മാറാതെ, കൃപ

എപ്പോഴും എന്റെ കൂടെ ഉണ്ടായിരിക്കണമേയെന്ന് പ്രാർത്ഥിക്കണം. ജീവിതവിശുദ്ധി നമുക്ക് അർഹതയില്ലാത്തതാണ്. അത് പരിശുദ്ധാത്മാവ് തരുന്ന ദാനമാണ്. പരിശുദ്ധാത്മാവ് നമ്മുടെമേൽ പൊതിഞ്ഞ് നമ്മുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തിത്തരുന്നതാണ് വിശുദ്ധി.

നാം ഇന്നായിരിക്കുന്ന കാഴ്ചപ്പാടും മനോഭാവവും മാറ്റി, ഒരു പുതിയ മനോഭാവത്തിലേക്ക് നമ്മെ ആക്കിത്തീർക്കുന്നതാണ് ദൈവത്തിന്റെ വിശുദ്ധി.

> *“മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു” എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്ന് ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? അവർ ശിക്ഷിച്ചതു കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്ന് നമ്മുടെ ഗുണത്തിന്നായി തന്നേ ശിക്ഷിക്കുന്നത്.”*
>
> *എബ്രായർ 12 : 5 – 10*

മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്. കർത്താവ്

ശാസിക്കുമ്പോൾ മുഷികയുമരുത്. ശിക്ഷണം തന്നു എന്നു വരും. മക്കളെയല്ലേ അപ്പൻ ശിക്ഷിക്കുന്നത്? അന്യരെ ശിക്ഷിക്കയില്ലല്ലോ. ബാലശിക്ഷ നിങ്ങൾ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോട് പെരുമാറുന്നു. എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതെയിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല, കുലടയുടെ മക്കളത്രേ (കുലട – വേശ്യാസ്ത്രീ).

നമുക്ക് ശാസന കിട്ടുന്നത്, ശിക്ഷണം കിട്ടുന്നത് എന്തിനു വേണ്ടിയാണ്? ക്രിസ്തുവിന്റെ വിശുദ്ധി നാം പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായിട്ടാണ് ശിക്ഷിക്കുന്നത്. നമ്മുടെ കാഴ്ചപ്പാടിലുള്ള വിശുദ്ധിയല്ല, ദൈവത്തിന്റെ കാഴ്ചപ്പാടിലുള്ള വിശുദ്ധി. അത് കൃപയാലാണ് കിട്ടുന്നത്. അത് നമ്മുടെ സ്വന്തമല്ല, നമ്മുടെ മാതാപിതാക്കളിൽനിന്നും കിട്ടിയതല്ല; ആരെങ്കിലും പഠിപ്പിച്ചു തന്നതല്ല. ദൈവത്തിന്റെ വിശുദ്ധി ദൈവം നമുക്ക് തരികയാണ്. അത് ദൈവം തരുന്ന ദാനമാണ്. ദാനം സ്വീകരിപ്പാൻ നമ്മുടെ കൈകൾ നാം തുറക്കണം; നമ്മുടെ ഹൃദയം തുറക്കണം; നാം താഴണം. ദാനം തരുന്ന ആളെക്കാൾ നാം ഉയർന്ന് നിൽക്കരുത്.

ഇന്ന് നമ്മിൽ പലർക്കും ദാനം കിട്ടാതെ പോകുന്നതിന്റെ കാരണം, നമുക്ക് താഴാൻ മനസ്സില്ല. വിനയപ്പെടാൻ മനസ്സില്ല. ഞാൻ വിനയപ്പെടാൻ തയ്യാറായാൽ ദൈവത്തിന്റെ വിശുദ്ധി എന്നിലേക്ക് ഒഴുകും. താണസ്ഥലത്തേക്കേ നീരോടുകയുള്ളൂ. താണ് നിന്നാൽ മാത്രമേ നമ്മിലേക്ക് ജീവജലനദി ഒഴുകുകയുള്ളൂ. പരിശുദ്ധാത്മാവ് ഇറങ്ങിവന്നാൽ മാത്രമേ വിശുദ്ധി കിട്ടുകയുള്ളൂ. നാം എത്ര ക്രമീകരണങ്ങൾ ചെയ്താലും വിശുദ്ധി കിട്ടുകയില്ല. നാം എത്രമാത്രം പുസ്തകം വായിച്ചാലും പഠിച്ചാലും വിശുദ്ധി കിട്ടുകയില്ല.

സ്ഥിരമായി വിശുദ്ധി നിൽക്കണമെങ്കിൽ നാം എപ്പോഴും അവന്റെ പാദപീഠത്തിൽ താണിരിക്കണം. കർത്താവേ, ഞാൻ അശുദ്ധനാണ്. നന്മ ചെയ്‌വാൻ ഞാൻ ആഗ്രഹിച്ചാലും ആഗ്ര

ഹിക്കാത്ത തിന്മയത്രേ എന്നിൽനിന്നും വരുന്നത്. അശുദ്ധമായ ചിന്തയോ സംസാരമോ പ്രവൃത്തിയോ വരാത്തപ്പോഴും ഞാൻ അശുദ്ധനാണ്. റോമർ 7–ാം അദ്ധ്യായം 18–ാം വാക്യത്തിൽ പൗലോസ് അപ്പൊസ്തലൻ പറയുന്നതുപോലെ: “I am rotten through and through.” “ഞാൻ മുഴുവനും ചീഞ്ഞളിഞ്ഞവനാണ്.”

ദൈവത്തിന്റെ വിശുദ്ധി പ്രാപിപ്പാൻ നാം നമ്മെത്തന്നെ താഴ്ത്തുന്നതാണ് പ്രാർത്ഥന, ഉപവാസം, ആത്മതപനം മുതലായവ. അപ്പോൾ നാം നമ്മെത്തന്നെ കാണുന്നു. അതെല്ലാം അനുതാപത്തിന്റെ ലക്ഷണമാണ്. ലജ്ജകൂടാതെ തുറന്ന് ഏറ്റുപറയണം. അവരവരുടെ വീട്ടിൽ, കഴിയുമെങ്കിൽ മുട്ടിന്മേലിരുന്ന് നിങ്ങൾ തന്നെത്താൻ നിങ്ങൾക്ക് വന്നുപോയ പാപങ്ങൾ ഓരോന്ന് ഏറ്റുപറയണം.

ഓർമ്മവച്ചപ്പോൾ മുതലുള്ള പാപങ്ങൾ എണ്ണിയെണ്ണി ഏറ്റുപറയണം. പാപങ്ങൾ ഏറ്റുപറയുമ്പോൾ ഒരു കാര്യം ഓർക്കണം: “കർത്താവേ, ഞാനീ പാപം ഏറ്റുപറയുന്നത് നിന്നെ അറിയിക്കാൻ വേണ്ടിയല്ല. എല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതാണല്ലോ. ഓർമ്മയുടെ പുസ്തകത്തിൽ എല്ലാം എഴുതിയിട്ടുണ്ട്. എന്നാൽ ഞാനത് കണ്ട് ദുഃഖിക്കുന്നതുകൊണ്ട് ഞാൻ ഏറ്റുപറയുന്നു.” ഈ മനോഭാവത്തോടെ നിങ്ങൾ പാപങ്ങൾ ഏറ്റുപറയണം. എന്നിട്ട് പറയണം: കർത്താവേ, ഞാനൊരു കാര്യം തീരുമാനിക്കുന്നു. മേലിൽ, യാതൊരു പാപവും മനസ്സറിഞ്ഞ് വരാതവണ്ണം ഞാൻ എന്നെത്തന്നെ സൂക്ഷിക്കും.

പാപങ്ങളൊന്നും വരാത്തപ്പോഴും എന്റെ ആളത്വം പാപമയമായതുകൊണ്ട് കർത്താവേ, ഈ സ്വഭാവം നീ തന്നെ രൂപാന്തരപ്പെടുത്തിത്തരണം; അതിനായി ഞാൻ നിന്നോടു യാചിക്കുന്നു. കർത്താവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ആ തിരുരക്തം എന്റെ ഹൃദയത്തിലേക്ക് നീ ഇപ്പോൾ പകര

ണമേ.

യേശുക്രിസ്തുവിന്റെ തിരുരക്തം നമ്മുടെ സിരകളിലൂടെ ഒഴുകുമ്പോൾ നമ്മുടെ സ്വഭാവം മാറും. ചിന്താഗതികൾ മാറും. ദ്രവ്യാഗ്രഹം മാറും. സ്വാർത്ഥതയും അഹങ്കാരവും മാറും. നമ്മുടെ അഴുക്കായ വികാരങ്ങൾ മാറും. എല്ലാ പാപങ്ങളും ഏറ്റുപറഞ്ഞ് താഴ്ത്തി സമർപ്പിക്കുമ്പോൾ തിരുരക്തം നമ്മിലേക്ക് ഒഴുകി വരുന്നത് അനുഭവിക്കാൻ സാധിക്കും.

ശരീരത്തിൽ ഒരു ചലനമോ നാവിൽ ഒരു ശബ്ദമോ ഉണ്ടായില്ല എന്നുവരും, എന്നാൽ നിങ്ങൾ നിങ്ങളുടെ സിരകളിലൂടെ ഈ രക്തം ഒഴുകുന്നത് അനുഭവിക്കാൻ തുടങ്ങും.

ക്രിസ്തുവിന്റെ രക്തം നമ്മുടെ ഹൃദയത്തിലേക്ക് പമ്പ് ചെയ്ത് കഴിഞ്ഞാൽ ആസകലം വ്യാപിക്കും. നമ്മുടെ മനസ്സും തലച്ചോറിലെ രക്തധമനികളും എല്ലാം ഈ രക്തത്താൽ പരിശുദ്ധമാക്കപ്പെടും. യേശുവിന്റെ രക്തത്താൽ പരിശുദ്ധമാക്കപ്പെടുകയെന്നത് എന്തൊരു മഹാഭാഗ്യമാണ്!

"ഇതാ നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഇയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു." ഇതെനിക്ക് അസാദ്ധ്യമാണെന്ന് നിങ്ങൾക്കാർക്കും തോന്നരുത്. ഇതനുഭവിക്കുമ്പോൾ നിങ്ങളുടെ മാനസികരോഗങ്ങൾപോലും മാറും. ബുദ്ധിക്കുറവുകൾ മാറും. ഇന്ന് പഠിക്കാൻ മോശമാണോ? അതെല്ലാം മാറിക്കിട്ടും. കാരണം, യേശുവിന്റെ തിരുരക്തമാണ് നിങ്ങളുടെ തലച്ചോറിലൂടെ വ്യാപരിച്ചുകൊണ്ടിരിക്കുന്നത്.

വിദ്വേഷവും വൈരാഗ്യവും പകയും പിണക്കവും വിരോധവുമുള്ള തലച്ചോറിൽ ക്ഷമ വന്ന് നിറയും; വിശുദ്ധി വന്ന് നിറയും. കാരണം, യേശുവിന്റെ തിരുരക്തമാണ് അതിലൂടെ ഒഴുകുന്നത്. തലച്ചോറും ഹൃദയവും ശരീരവും മുഴുവനായും വിശുദ്ധികൊണ്ട് നിറയുകയാണ്. അശുദ്ധമായ വികാ

രങ്ങളെല്ലാം കത്തിപ്പോകുകയാണ്. രക്തം മാറ്റുന്ന അത്ഭുത പ്രക്രിയ അവിടെ നടക്കുകയാണ്. യേശുവിന്റെ തിരുരക്തം നമ്മുടെ സിരകളിൽ നിറയുകയാണ്. നിങ്ങളുടെ ഭവനങ്ങളിൽ വിശുദ്ധന്മാരുണ്ടാകട്ടെ. നിങ്ങളുടെ ഓരോരുത്തരുടേയും ദേശത്ത് വിശുദ്ധിയുള്ളൊരു തലമുറയുണ്ടാകട്ടെ.

ഇന്ന് കണ്ണീരും കൈയുമാണ്. ദുരിതമാണ്. രോഗമാണ്. ആവലാതിയാണ്. കഷ്ടപ്പാടാണ്. പരസ്പരം പിണക്കമാണ്. തീരാവ്യാധികളാണ്. മാഞ്ഞുപോകാത്ത മുറിവുകളാണ്. മനസ്സിൽ നിറയെ അസ്വസ്ഥതകൾ! നോവുന്ന അനുഭവങ്ങൾ! കുത്തിനോവിക്കുന്ന മുള്ളുവാക്കുകൾ! എല്ലാം മാറും. ആരും ഭാരപ്പെടേണ്ട. ജീവനുള്ള ക്രിസ്തു അത് നിങ്ങൾക്ക് മാറ്റിത്തരും. അവൻ നിങ്ങളെ തൊടും, നിങ്ങളെ തലോടും, നിങ്ങളുടെ രോഗങ്ങൾ മാറും.

യേശുവിന്റെ തിരുരക്തം നിങ്ങളുടെ സിരകളിലൂടെ ഒഴുകുമ്പോൾ ശരീരത്തിൽ അവിടവിടെയുള്ള ബ്ലോക്കുകൾ തട്ടിത്തെറിപ്പിച്ചു കളയും. ഇന്ന് നിങ്ങൾക്ക് ആസ്ത്മാ രോഗമുള്ളത് ശ്വാസനാളിയിലെ തടസ്സം മൂലമാണ്. അതെല്ലാം മാറിക്കിട്ടും. നിങ്ങളുടെ ആമാശയത്തിൽ അൾസറാണ്, അതും മാറും. ശരീരത്തിൽ ക്യാൻസർ വളരുന്നുണ്ട്, അത് മാറ്റിത്തരും. നിങ്ങളുടെ ത്വക്കിലുള്ള കേടുകൾ മാറിക്കിട്ടും. കാരണം, അവിടെയെല്ലാം യേശുവിന്റെ തിരുരക്തം വന്ന് നിറയുകയാണ്.

ആ തിരുരക്തത്തിന്റെ ശക്തി ഇന്ന് നിങ്ങളെ തഴുകാൻ അരികെ വന്നിരിക്കുന്നു, ആ തിരുരക്തം നിങ്ങളുടെ അരികിലേക്ക് ഒഴുകി വരുന്നു. നിങ്ങളിപ്പോൾ ആ തിരുരക്തത്തിൽ കുളിപ്പിൻ. ഇന്ന് നിങ്ങൾക്ക് കുഞ്ഞാടിന്റെ തിരുരക്തത്തിൽ കുളിച്ച് ശുദ്ധീകരണം പ്രാപിക്കാം. ഇന്ന് ഉറവ തുറന്നിട്ടുണ്ട്. എല്ലാതിന്മയുടെയും പാപത്തിന്റെയും പരിഹാരത്തിനായി സ്വർഗ്ഗത്തിലെ നീരുറവ തുറന്നിരിക്കുന്നു. ആ ഉറവയിൽ നിന്നും നിങ്ങൾക്ക് കുടിക്കാം. ആ ഉറവയിൽ നിങ്ങൾക്ക് കുളി

ക്കാം. ഇന്ന് ഒരു സുപ്രസാദകാലം, രക്ഷാദിവസം തന്നിരിക്കയാണ്.

ഇന്ന് കൃപയുടെ കാലയളവാണ്. കൃപാസനത്തിലിരിക്കുന്ന ക്രിസ്തു ന്യായാസനത്തിലേക്ക് പോകുന്നതിനുമുമ്പ്, ഇന്ന് ഇപ്പോൾത്തന്നെ നിങ്ങളുടെ ഹൃദയം തുറക്കുവിൻ. യേശുവേ, നിന്റെ തിരുരക്തം എന്റെമേൽ ഒഴുകണമേ. എന്റെ സിരകളിലൂടെ ഒഴുകണമേ. എന്നെ കഴുകണമേ. എന്റെ നിരാശകൾ മാറ്റണമേ. എന്റെ ഹൃദയത്തിന്റെ വിഷാദങ്ങൾ മാറ്റണമേ. മ്ലാനതകൾ മാറ്റണമേ. വാടിയ മുഖം മാറ്റണമേ. എന്റെ കുടുംബത്തിന്റെ അലോസരങ്ങൾ മാറ്റണമേ. ജീവിതത്തിലെ കഷ്ടപ്പാടുകൾ മാറ്റണമേ. എന്റെ കടത്തിന്റെ കേടുകൾ മാറ്റിത്തരണമേ. എന്റെ രോഗത്തിന്റെ ബാധകൾ മാറ്റിത്തരണമേ. എന്റെ മേലുള്ള പൈശാചികബാധകൾ മാറ്റണമേ. എന്റെ മേലുള്ള ശാപദോഷങ്ങൾ മാറ്റിത്തരണമേ.

ദൈവമക്കളേ, ഇപ്പോൾ നിങ്ങൾ പ്രാർത്ഥിക്കുക. രാജാധിരാജൻ അരികിൽ വന്നിരിക്കുന്ന ഈ നല്ല സമയം നിങ്ങൾ നഷ്ടപ്പെടുത്തരുത്. യേശുവിനെ വിളിപ്പിൻ, യേശുവിനെ ക്ഷണിപ്പിൻ, യേശുവിനോട് പ്രാർത്ഥിപ്പിൻ. അടഞ്ഞ ഗർഭപാത്രങ്ങൾ തുറക്കട്ടെ! അടഞ്ഞ വാതിലുകൾ തുറക്കട്ടെ! അടഞ്ഞ ജീവിതങ്ങൾ തുറക്കട്ടെ! നിരാശപൂണ്ട ജീവിതത്തിൽ പ്രത്യാശ പകരട്ടെ! പൈശാചിക ബാധകൾ മാറട്ടെ! യേശുവിന്റെ അധികാരമുള്ള നാമത്തിൽ ദുഷ്ടപ്പിശാചുക്കൾ ഓടിമാറട്ടെ! യേശുവിന്റെ അധികാരമുള്ള നാമത്തിൽ പൈശാചികശക്തികൾ വിഭ്രമിച്ച് ഓടട്ടെ! യേശുവിന്റെ അധികാരമുള്ള നാമത്തിൽ എല്ലാ ബന്ധനങ്ങളും അഴിയട്ടെ! യേശുവിന്റെ നാമത്തിൽ പാപമോചനം ലഭിക്കട്ടെ!

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഈ നല്ല സമയത്തിനായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. തിരുവചനങ്ങൾക്കായി, സ്വർഗ്ഗീയ സാന്നിദ്ധ്യത്തിനായി ഞങ്ങൾ

അങ്ങയെ സ്തുതിക്കുന്നു. അപ്പാ, അവിടുത്തെ തൃക്കരം ഞങ്ങൾ ചുംബിച്ചുകൊള്ളട്ടെ. തൃപ്പാദത്തിൽ ഞങ്ങളെത്തന്നെ സമർപ്പിച്ചുകൊള്ളട്ടെ. ഞങ്ങളോടു കൂടെയിരിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവുവരെയും കാത്തുകൊള്ളണമേ. യേശുവിൻ നാമത്തിൽത്തന്നേ, ആമ്മേൻ.

## രണ്ട്

ഒരു വിശുദ്ധനായ ദൈവപുരുഷനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ഉപദേശംതേടി പലരും ചെല്ലാറുണ്ട്. വീട്ടിലെ യാതനകൾ, കുടുംബത്തിലെ ക്ലേശങ്ങൾ, വീട്ടിലുള്ള അക്കച്ചിക്കലുകൾ, പലവിധത്തിലുള്ള പ്രതിസന്ധികൾ എല്ലാം പറയും. അദ്ദേഹം അവരോടെല്ലാം പറയുന്നത്, ക്ഷമിക്കുക, സ്നേഹത്തോടെ ക്ഷമിക്കുക എന്നാണ്.

ഒരു ചെറുപ്പക്കാരൻ ഒരിക്കൽ അദ്ദേഹത്തോടു പറഞ്ഞു: "എത്രനാളായി ഞാൻ അങ്ങയുടെ ഉപദേശം കേൾക്കാൻ വരുന്നു? എന്നും അങ്ങ് ക്ഷമിക്കുക, ക്ഷമിക്കുക എന്നാണല്ലോ പറയുന്നത്. എനിക്കൊരു പരിഹാരം കിട്ടുന്നില്ല." അന്നും അദ്ദേഹം പറഞ്ഞു: "ക്ഷമിക്കുക, ക്ഷമിക്കുക."

കുറച്ചുനേരം കേട്ടുകഴിഞ്ഞപ്പോൾ ആ ചെറുപ്പക്കാരനു ദേഷ്യം വന്നു. അവൻ ഈ വിശുദ്ധനായ ദൈവപുരുഷനെ കുറെ അധികം ചീത്തവിളിച്ചു: എന്നും നിങ്ങൾക്കിതേ പറയാനുള്ളൂ? ഞാനൊരു പരിഹാരം കാണാനല്ലേ ഇവിടെ വന്നത്? അവൻ അദ്ദേഹത്തെ വല്ലാതെ ചീത്തപറഞ്ഞു. വളരെ മോശമായി സംസാരിച്ചു. പക്ഷേ, അപ്പോഴും അദ്ദേഹം ഒരു ഭാവഭേദവും കൂടാതെയിരുന്നു, ഒന്നും മിണ്ടിയില്ല.

ആ ചെറുപ്പക്കാരൻ ചോദിച്ചു: ഗുരോ അങ്ങ് എന്താണ് ഇത്രയേറെ ചീത്തവാക്കുകൾ പറഞ്ഞിട്ടും ഒരു ഭാവഭേദവും കൂടാതെയിരിക്കുന്നത്? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ? അദ്ദേഹം പറഞ്ഞു: "നീ പറഞ്ഞ ചീത്തവാക്കുകളൊന്നും ഞാൻ സ്വീകരിച്ചിട്ടില്ല." "അല്ല, സ്വീകരിച്ചില്ലെങ്കിലും കേട്ടില്ലേ?"

അദ്ദേഹം പറഞ്ഞു: "നീ എനിക്ക് ആയിരം രൂപ തന്നു എന്നിരിക്കട്ടെ. ഞാൻ അത് സ്വീകരിച്ചില്ലെങ്കിൽ ആ രൂപ ആരുടെ കൈയിലാണ്? നിന്റെ കൈയിൽത്തന്നെയല്ലേ? നീ പറഞ്ഞ ആ ചീത്തവാക്കുകളൊക്കെ ഇപ്പോൾ നിന്റെ കൈയിലാണ്. ഞാൻ സ്വീകരിച്ചിട്ടില്ല. അതെല്ലാം നിന്നിൽ ത്തന്നെയാണ് നിൽക്കുന്നത്."

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ വിശുദ്ധിയുടെ അടയാളം അതാണ്. മനുഷ്യർ നമുക്കെതിരായി പറയുമ്പോഴും തെറ്റിദ്ധരിക്കുമ്പോഴും ദ്വേഷിക്കുമ്പോഴും മറ്റുള്ളവരിൽ നിന്നും പലതരത്തിലുള്ള പീഡകൾ നാമേൽക്കുമ്പോഴും നാം അതു സ്വീകരിക്കാതിരിക്കുക, അതവരിൽത്തന്നെ നിൽക്കും!

ആരെങ്കിലും നമ്മെ ശപിച്ചാൽ നാമത് കൈക്കൊള്ളാ തെയിരിക്കുക. ആ ശാപം അവരിൽത്തന്നെ നിൽക്കും. ആരെങ്കിലും നമ്മെ ചീത്ത പറഞ്ഞാൽ നാം പ്രതികരിക്കാതിരി ക്കുക; നമ്മുടെ ഹൃദയത്തിൽ പോറലേൽക്കാതെയിരിക്കുക; മുറിവേല്ക്കാതെയിരിക്കുക. അത് അവരിൽത്തന്നെയിരിക്കും.

വീട്ടിൽ അമ്മായിയമ്മപ്പോരുണ്ടോ? അമ്മായിയമ്മ വല്ലാതെ ഉപദ്രവിക്കുന്നുണ്ടോ? വല്ലാതെ പീഡിപ്പിക്കുന്നുണ്ടോ? ഒരു പ്രതികരണവുമില്ലാതെ, ഒരു ഭാവഭേദവുമില്ലാതെ നാമത് സ്വീകരി ക്കാത്ത അനുഭവം നമ്മിൽ വരണം. മരുമകൾക്ക് അതൊരു വേദനാവിഷയമല്ലാതെ, ഒരു ചിന്താവിഷയമല്ലാതെയാവണം. അപ്പോൾ ആ അമ്മായിയമ്മ ചെയ്യുന്ന ചീത്തപ്രവൃത്തികളും ചീത്തവാക്കുകളും അമ്മായിയമ്മയിൽ തന്നെ ഇരിക്കും. അതുപോലെ നാത്തൂൻ പോരുണ്ട്, കൂടെ ജോലിചെയ്യുന്നവരിൽ നിന്നുള്ള ആക്ഷേപമുണ്ട്; ജോലിസ്ഥലത്ത് തൊഴുത്തിൽ കുത്തുണ്ട്; ഒരു വീട്ടിൽത്തന്നെ സഹോദരങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസമുണ്ട്. പക്ഷേ, യാതൊരു പ്രതികര ണവുമില്ലാതെ, യാതൊരു ഭാവഭേദവുമില്ലാതെ അതെല്ലാം അഭിമുഖീകരിക്കാൻ നമുക്ക് സാധിക്കും, നാമൊരു വിശുദ്ധനായ ദൈവപുരുഷനാണെങ്കിൽ!

A Holy Man of God! വിശുദ്ധനായ ഒരു ദൈവപുരുഷനാണ് ഞാനെങ്കിൽ, പ്രശ്നങ്ങളും പ്രതിസന്ധികളും എന്റെ ഉള്ളത്തെ സ്പർശിക്കയില്ല. മറ്റുള്ളവരിൽ നിന്നുള്ള കുറ്റപ്പെടുത്തലുകളോ പരിഹാസങ്ങളോ തുച്ഛീകരണങ്ങളോ ഒറ്റപ്പെടുത്തലുകളോ എന്റെ ഉള്ളത്തെ സ്പർശിക്കയില്ല.

നിങ്ങൾ പറയണം: "കർത്താവേ, ഞാൻ ഇന്നുമുതൽ വിശുദ്ധനായൊരു ദൈവപുരുഷനായിരിക്കും. ഞാനൊരു ശുദ്ധിമതിയായിരിക്കും." നിങ്ങൾ വിചാരിക്കരുത്, എനിക്കത് അസാദ്ധ്യമാണ് എന്ന്. എന്നും പ്രാർത്ഥിക്കണം: ഒരു മനുഷ്യന് ഈ ഭൂമിയിൽ വച്ച് എത്രത്തോളം വിശുദ്ധനാകുവാൻ പറ്റുമോ, അത്രത്തോളം എനിക്ക് പരിശുദ്ധനാകണം. അതൊരു ആഴമേറിയ അഭിവാഞ്ഛയായി മാറണം. അന്തരാത്മാവിൽ നിന്നും ഉയർന്നു വരുന്ന ഒരു പ്രാർത്ഥനയായിത്തീരണം.

തലമുറകൾ തലമുറകൾ കഴിഞ്ഞ്, നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾ കഴിഞ്ഞ്, കർത്താവിന്റെ രണ്ടാമത്തെവരവ് വൈകുന്നെങ്കിൽ നിങ്ങളുടെ അനന്തരതലമുറകൾ പറയും: "ഞങ്ങളുടെ കുടുംബത്തിൽ ഒരു വിശുദ്ധനായ ദൈവപുരുഷ നുണ്ടായിരുന്നു" എന്ന്. ഞങ്ങളുടെ ദേശത്ത്, ഞങ്ങളുടെ സഭയിൽ, ഞങ്ങളുടെ സ്ഥാപനത്തിൽ വിശുദ്ധനായ ഒരു ദൈവപുരുഷനുണ്ടായിരുന്നു. അതാണ് നിങ്ങൾ വച്ചിട്ടു പോകുന്ന പാദമുദ്ര. നിങ്ങളുടെ സ്വഭാവത്തിന്റെ നൈർമ്മല്യം, സ്വഭാവസംശുദ്ധി, അത് തലമുറകളെ പ്രകമ്പനം കൊള്ളിക്കും. തലമുറകൾക്ക് ആവേശം പകരും.

വേദപുസ്തകത്തിൽ ശമൂവേൽ പ്രവാചകനെ നാം കാണുന്നു. ശമൂവേൽ പ്രവാചകന്റെ കാലശേഷം ഏലിയാപ്രവാചകനെ കാണുന്നു. ഏലിയാപ്രവാചകന്റെ കാലശേഷം എലീശാ പ്രവാചകനെ കാണുന്നു. പ്രവാചകന്മാർ, ദൈവത്തിൽ നിന്ന് അരുളപ്പാടുകൾ പ്രാപിച്ച് ജനത്തിന് കൊടുക്കുന്നവരാണ് - പ്രവാചകശുശ്രൂഷ.

ഏലീയാപ്രവാചകൻ എട്ട് അത്ഭുതങ്ങൾ പ്രവർത്തിച്ച തായി നാം തിരുവചനത്തിൽ വായിക്കുന്നു. എന്നാൽ എലീശാ പ്രവാചകൻ പതിനാറ് അത്ഭുതങ്ങൾ ചെയ്തു. വേദപുസ്തക ത്തിൽ പറഞ്ഞിരിക്കുന്ന ഒരു വാക്യമുണ്ട്: “ഏലിയാവിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടിപ്പങ്ക് എലീശായുടെമേൽ വന്നു” എന്ന്.

ഏറ്റവും വലിയ അത്ഭുതമെന്താണ്? അത് മനുഷ്യ ഹൃദയത്തിന്റെ രൂപാന്തരമാണ്. മനുഷ്യസ്വഭാവം മാറുന്നു! മനുഷ്യന്റെ പ്രകൃതം മാറുന്നു! അന്തരാത്മാവിലുള്ള രൂപാന്തരം ലഭിക്കുന്നു! ഒരു ശാന്തത, എളിമ, താഴ്മ, സ്നേഹം, നിഷ്ക്കളങ്കത ഇതെല്ലാം നമ്മുടെ കൈമുതലായിത്തീരുന്നു. വിശുദ്ധനായൊരു ദൈവപുരുഷൻ!

നിങ്ങൾ പ്രാർത്ഥിക്കൂ. കർത്താവേ, അങ്ങനെ ഒരു സ്ഥിതി ഉണ്ടെങ്കിൽ, ആന്തരിക മനുഷ്യന്റെ രൂപാന്തരം നടക്കുന്ന ഒരു അവസ്ഥയുണ്ടെങ്കിൽ, അകത്തെ മനുഷ്യന് സമ്പൂർണ്ണമായ രൂപാന്തരം നടക്കുന്ന ഒരനുഭവമുണ്ടെങ്കിൽ അതെനിക്ക് തരണമേ.

ഭൗതികമായ പലകാര്യങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കാ റുണ്ട്. മക്കളുടെ കാര്യങ്ങൾ, ബന്ധത്തിലുള്ളവരുടെ കാര്യങ്ങൾ, കൂട്ടായ്മയിലുള്ളവരുടെ കാര്യങ്ങൾ, അങ്ങനെ പലതും. എന്നാൽ, നിർബ്ബന്ധമായും ചോദിക്കേണ്ട ഒരു കാര്യമുണ്ട്, ആന്തരികമനുഷ്യന്റെ രൂപാന്തരം! പഴയസ്വഭാവം മാറി പുതിയ മനുഷ്യനായിത്തീരുന്ന ഒരനുഭവം. എലീശാപ്രവാചകന്റെ കാലത്ത് നടന്നത് അതാണ്. എക്കാലത്തും പ്രവാചകന്മാരുടെ ശുശ്രൂഷമൂലം ജനങ്ങളിൽ വലിയ ആന്തരികമായ പരിവർത്തനം ഉണ്ടാകുന്നു. ജനങ്ങളിൽ Reformation, Refinement ഉണ്ടാകുന്നു; ജനഹൃദയങ്ങൾ മാറുന്നു.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് ഉദ്ദേശിക്കുന്നത് ആ ഒരൊറ്റക്കാര്യമാണ്; മനഃപരിവർത്തനം! സ്വഭാവത്തിൽ

മാറ്റമുണ്ടാവുക. അനേകംപേർക്ക് മാറ്റമുണ്ടാകുന്നുണ്ട്. കൊലപാതകം ചെയ്യാനിരുന്നവർ അതു ചെയ്യാതെ ഭാഗ്യവശാൽ രക്ഷപ്പെട്ടവരുണ്ട്. കൊലപാതകം ചെയ്ത് ജയിൽശിക്ഷ അനുഭവിച്ചവർ മാനസാന്തരപ്പെട്ട് രക്ഷയുടെ സന്തോഷം അനുഭവിക്കുന്നു. കൊള്ളമുതലെല്ലാം തിരികെക്കൊടുത്ത് സമാധാനം പ്രാപിച്ചവരുണ്ട്. കൂലിത്തല്ലിന് പോയവർ മനുഷ്യസ്നേഹികളായി മാറിയവരുണ്ട്. പുറമെ പറയാൻ അറയ്ക്കുന്ന മ്ലേച്ഛകരമായ കാര്യങ്ങൾ ചെയ്ത എത്രയോപേർ ജീവിതരീതികൾമാറി വിശുദ്ധജീവിതം നയിക്കുന്നു!

എലീശാപ്രവാചകന്റെ കാലത്ത് അങ്ങനെ ചില അത്ഭുതങ്ങൾ നടന്നു. അന്ന് ശൂനേമിൽക്കൂടിയാണ് പ്രവാചകൻ കടന്നുപോകുന്നത്. പ്രവാചകന് കൂടെക്കൂടെ അതിലേ കടന്നുപോകേണ്ടിവന്നു. കാരണം, അന്ന് പ്രധാനപ്പെട്ട ഒരു ആരാധനാസ്ഥലമുള്ളത് ശീലോവിലാണ്. ശീലോവിലെ ആരാധനാസ്ഥലത്തേക്ക് പ്രവാചകന്റെ സ്ഥലത്തുനിന്ന് ഏതാണ്ട് ഇരുപത്മൈൽ ദൂരമുണ്ട്. നടന്നാണ് പോകുന്നത്. പ്രവാചകന്റെ ശിഷ്യൻ ഗേഹസിയും കൂടെയുണ്ട്. അങ്ങനെ കടന്നുപോകുന്ന പ്രവാചകനെ നോക്കി ശൂനേമിൽ ഒരു ധനികയായ സ്ത്രീ - അവളും അവളുടെ ഭർത്താവുമുണ്ട് - ഭർത്താവിനോടു പറഞ്ഞു: “ഇതിലൂടെ കൂടെക്കൂടെ പോകുന്ന ഒരാളെ ഞാൻ കാണാറുണ്ട്. He is a Holy Man of God! വിശുദ്ധനായൊരു ദൈവപുരുഷനാണെന്ന് എനിക്ക് തോന്നുന്നു.”

> *“ഒരു ദിവസം എലീശാ ശൂനേമിലേക്കു പോയി; അവിടെ ധനികയായോരു സ്ത്രീ ഉണ്ടായിരുന്നു; അവൾ അവനെ ഭക്ഷണത്തിന്നു വരേണം എന്നു നിർബന്ധിച്ചു. പിന്നത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിന്ന് അവിടെ കയറും. അവൾ തന്റെ ഭർത്താവിനോട്: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ*

*കാണുന്നു. നാം ചുവരോടുകൂടിയ ചെറിയോരു മാളികമുറി പണിതുണ്ടാക്കുക; അതിൽ അവന്നു ഒരു കട്ടിലും ഒരു മേശയും ഒരു നാല്ക്കാലിയും ഒരു നിലവിളക്കും വയ്ക്കുക; അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന്നു അവിടെ കയറി പാർക്കാമല്ലോ എന്നു പറഞ്ഞു."*

*2 രാജാക്കന്മാർ 4 : 8 – 10*

ഈ സ്ത്രീക്ക് കൂടെക്കൂടെ ആ വഴിയായി കടന്നു പോകുന്ന ദൈവപുരുഷനെക്കുറിച്ചൊരു മതിപ്പുതോന്നി. ഒരു ദിവസം ആ ഭാര്യയും ഭർത്താവും കൂടി അദ്ദേഹത്തെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ഭക്ഷണം കൊടുത്തു. പ്രവാചകൻ കുറച്ചുനേരം അവിടെ വിശ്രമിച്ചിട്ട് പോയി. പിന്നെ പോകുമ്പോൾ പലപ്പോഴും അവിടെ കയറും. അവൾ ഭർത്താവിനോട് പറയുകയാണ്: "നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നു പോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു. നമുക്ക് ഒരു ചെറിയ മാളികമുറി ഉണ്ടാക്കാം. അതിൽ അദ്ദേഹത്തിന് ഒരു നാല്ക്കാലിയും കട്ടിലും വയ്ക്കാം. വിശ്രമിച്ചിട്ട് പോകാമല്ലോ." ഭർത്താവ്, ഭാര്യ പറഞ്ഞത് സമ്മതിച്ചു.

പ്രിയമുള്ളവരേ, ആ വീട്ടിലുള്ളവർ ഒന്നും പ്രതീക്ഷിച്ചില്ലെങ്കിലും ദൈവം ചിലതെല്ലാം ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതൊരു അത്ഭുതമാണ്. നിങ്ങളൊന്നും പ്രതീക്ഷിച്ചായിരിക്കില്ല ഈ പുസ്തകം വാങ്ങിയത്. നിങ്ങളുടെ ഏതെങ്കിലും പ്രത്യേക ആവശ്യം നടക്കുമെന്ന് പ്രതീക്ഷിച്ചായിരിക്കില്ല നിങ്ങൾ വചനം കേൾക്കാൻ പോയത്. നാളുകളായി നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ വച്ചിരുന്ന ചില ചുമടുകൾ, നാളുകളായുള്ള നിങ്ങളുടെ ചില വേദനാവിഷയങ്ങൾ, ഒന്നും മാറുമെന്ന് പ്രതീക്ഷിച്ചായിരിക്കയില്ല നിങ്ങൾ കൂട്ടായ്മയിൽ പോയത്.

പലപ്പോഴും പ്രാർത്ഥിച്ചു, മറുപടി കിട്ടിയില്ല. പലപ്പോഴും ആഗ്രഹിച്ചു, ആഗ്രഹങ്ങൾ സാധിച്ചിട്ടില്ല. പക്ഷേ, സ്വർഗ്ഗത്തിലെ

ദൈവം നിങ്ങൾക്കുവേണ്ടി ചിലത് കരുതിയിട്ടുണ്ട്. ഒന്നും യാദൃച്ഛികമല്ല. വേറൊരു സ്ഥാപിതതാത്പര്യമില്ലാതെ, ആരോടും സംഭാവന പിരിക്കാതെ, ക്രിസ്തുവിന്റെ നിർമ്മലസുവിശേഷം മാത്രം പറയുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലേയ്ക്ക് നിങ്ങളൊന്ന് വന്നെങ്കിൽ! തീർച്ചയായും കർത്താവിന് നിങ്ങളെക്കുറിച്ച് കൃത്യമായ ചില കാര്യപരിപാടികളുണ്ട്. യാദൃശ്ചികമായിട്ടല്ല നിങ്ങൾ വന്നത്.

പ്രവാചകനെ ആ സ്ത്രീ അവിടെ സ്വീകരിച്ചതും, പ്രവാചകൻ അവിടെ താമസിച്ചതും ആ ഭർത്താവ്, ഭാര്യയുടെ അഭിപ്രായം മാനിച്ച് മാളികമുറി ഉണ്ടാക്കിയതും ഒന്നും വെറുതെയല്ല. എല്ലാമെല്ലാം പ്രയോജനപ്രദമാണ്. പ്രവാചകന് ആ വീട്ടിൽ താമസിച്ചപ്പോൾ ഇവിടെ എന്തോ ഒരു കുറവുണ്ടല്ലോ എന്നു തോന്നി. പ്രവാചകൻ ഗേഹസിയോട് പറഞ്ഞു: ഈ വീട്ടിൽ എന്തിന്റെയോ ഒരു ശൂന്യത, എന്തോ ഒരു കുറവുണ്ട്. കാര്യം ധനമുണ്ട്, ഭാര്യയും ഭർത്താവും തമ്മിൽ നല്ല ഐക്യമാണ്, നല്ല സ്നേഹമുള്ള ഭാര്യയും ഭർത്താവുമാണ്, പറയത്തക്ക കുഴപ്പമൊന്നുമില്ല, പക്ഷേ, എന്തോ ഒരു ശൂന്യത.

നിങ്ങളുടെ പലരുടേയും ഉള്ളിൽ എന്തോ ഒരു ശൂന്യതയുണ്ട്. വിദ്യാഭ്യാസമുണ്ട്, വരുമാനമുണ്ട്, ശമ്പളമുണ്ട്, ആരോഗ്യമുണ്ട്, ഭാര്യയും ഭർത്താവും സ്നേഹമാണ്. പക്ഷേ, എവിടെയോ ചില ശൂന്യതയുണ്ട്. ഒരു കരകയറ്റം കിട്ടുന്നില്ല. ഒരു മുന്നേറ്റം കിട്ടുന്നില്ല. മനസ്സിന് ഉത്സാഹം വരുന്നില്ല. എവിടെയോ ഒരു പാകപ്പിഴ.

പ്രവാചകന് മനസ്സിലായി അവിടെ എന്തോ ഒരു കുറവുണ്ടെന്ന്. ദൈവം അത് പ്രവാചകന് വെളിപ്പെടുത്തിക്കൊടുത്തില്ല. ഗേഹസി പറഞ്ഞു: അതെ, ഇവിടെ കുഞ്ഞുങ്ങളില്ല. പ്രവാചകന് ദൈവസന്നിധിയിൽ കടന്നുചെല്ലാനുള്ള അവകാശമുണ്ട്. ദൈവത്തോട് നേരിട്ട് സംസാരിക്കാനുള്ള പ്രാഗത്ഭ്യമുണ്ട്. പ്രവാചകൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

പ്രവാചകനെ കൈക്കൊണ്ടതും പ്രവാചകനെ സ്വീകരിച്ചതും പ്രവാചകനെ ആദരിച്ചതും പ്രവാചകന് ഒരു വിശ്രമ സ്ഥലം ഒരുക്കിയതും എല്ലാം നന്നായി. പ്രവാചകന് ദൈവം കൊടുത്ത അധികാരം ഉപയോഗിച്ച് പ്രവാചകൻ ദൈവത്തോട് പ്രാർത്ഥിച്ചു. ഭർത്താവ് പ്രായാധിക്യത്തിൽവന്ന മനുഷ്യൻ. ഒരു കുഞ്ഞുണ്ടാകുമെന്ന് പ്രതീക്ഷയില്ലാത്ത കാലം. പക്ഷേ, എന്തൊരത്ഭുതം! ദൈവം പ്രവർത്തിച്ചു. ആ സ്ത്രീ ഒരു ആൺ കുഞ്ഞിനെ പ്രസവിച്ചു.

പ്രിയമുള്ളവരേ, നിങ്ങളുടെ ജീവിതത്തിൽ എന്താണ് കുറവ്? എന്താണ് നിങ്ങളുടെ പ്രശ്നം? ഒരു പെൺകുട്ടി പറഞ്ഞു: വീടും പറമ്പും വിറ്റാണ് ജോലിക്ക് പൈസ കെട്ടിവച്ചത്. പക്ഷേ, ഇതുവരെ ജോലി കിട്ടിയില്ല, പ്രാർത്ഥിക്കണം. വേറെ ഒരാൾ വിളിച്ചു. സാറേ, വിസ സംഘടിപ്പിച്ചതുതന്നെ വളരെയേറെ പൈസ മുടക്കിയാണ്. പക്ഷേ, അവിടെ ചെന്ന് താമസം തുടങ്ങിയിട്ട് ഒരു വർഷത്തോളമായി, ജോലിയായിട്ടില്ല.

എന്തുമാത്രം പ്രശ്നങ്ങളാണ് ഓരോരുത്തരും നേരിട്ടു കൊണ്ടിരിക്കുന്നത് എല്ലാവരുടേയും ഹൃദയം പുകയുകയാണ്. ഉള്ളം നീറുകയാണ്. ഒരു വീട്ടിൽ അഞ്ചുപേരുണ്ടെങ്കിൽ അഞ്ചുപേരും ഓരോരോ തരത്തിൽ കൊടുങ്കാറ്റിൽ ആടി ഉലഞ്ഞ് കരകാണാക്കടലിൽ ഉഴന്ന് വലയുകയാണ്.

നിങ്ങളുടെ ഹൃദയത്തിൽ എന്തെല്ലാം ആഗ്രഹങ്ങളാണുള്ളത്? നിങ്ങളുടെ ഹൃദയത്തിന്റെ ആവശ്യം, നിങ്ങളുടെ ആകുലത നിങ്ങൾക്കിപ്പോൾ ദൈവത്തോടു പറയാം. “അവൻ നിന്റെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ നിനക്ക് തരും.” യേശുക്രിസ്തുവിന്റെ വാഗ്ദത്തമാണത്. സങ്കീർത്തനം 37 : 3.

പ്രിയപ്പെട്ടവരേ, നിങ്ങൾക്കു പറയാമോ? കർത്താവേ, എനിക്ക് ഇന്ന ആഗ്രഹമുണ്ട്. നിന്റെ സന്നിധിയിൽ ഞാനിപ്പോൾ വരികയാണ്. നീയെന്റെ അരികിലേക്ക് ഇപ്പോൾ വന്നിട്ടുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. നാഥാ! എന്റെ ആഗ്രഹത്തെ

നിന്റെ കൈയിൽ നീ ഇപ്പോൾ എടുക്കണമേ. എന്റെ ആശ നീ നിറവേറ്റിത്തരണമേ. "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക. അവനിൽത്തന്നെ ആശ്രയിക്ക. അവൻ അതു നിർവഹിക്കും."

നിങ്ങൾ ഇപ്പോൾ ഇരിക്കുന്നിടത്തിരുന്നുകൊണ്ട് പറയണം: കർത്താവേ, എന്റെ കുഞ്ഞിന്റെ രോഗം നീ കാണണമേ. എന്റെ ഭാര്യയുടെ വിഷമഭാവം നീ ഒന്ന് അറിയണമേ. എന്റെ മാതാപിതാക്കളുടെ ദു:സ്വഭാവം നീ ഒന്നു കാണണമേ. എന്റെ ഭർത്താവിന്റെ കോപസ്വഭാവം ഒന്നു നോക്കണമേ. എനിക്കൊരു പരിഹാരം തരണമേ.

നാഥാ! കടം വന്നുമൂടിയല്ലോ. ഈ കടത്തിന് ഒരു പരിഹാരം നീ തരണമേ. ഒരു കിടപ്പാടം ഇല്ലല്ലോ; എത്രനാളായി വാടക വീട്ടിൽക്കഴിയുന്നു. സ്വന്തമായി അഞ്ച് സെന്റ് സ്ഥലവും ഒരു വീടും ഉണ്ടായാൽ കൊള്ളാമായിരുന്നു. കർത്താവേ, എത്ര നാളായി വിവാഹം ആലോചിക്കുന്നു, നടക്കുന്നില്ലല്ലോ; കർത്താവേ, വിവാഹം കഴിഞ്ഞിട്ട് എത്രനാളായി? ഒരു പിഞ്ചോമനക്കുഞ്ഞിനെ കിട്ടിയില്ലല്ലോ. നാഥാ! നീയെന്റെ ഗർഭപാത്രത്തെ തുറക്കണമേ.

എല്ലാം നിങ്ങൾക്ക് എണ്ണിയെണ്ണിപ്പറയാം. "അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും." അപ്പാ, എന്ന് വിളിക്കുമ്പോൾ മോനേ, മോളേ, എന്ന് വിളിച്ചുകൊണ്ട് അരികിലേക്കുവരുന്ന ദൈവം. ഈ സ്നേഹവാനായ ദൈവത്തെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തിത്തരികയാണ്. അവൻ ദൂരെ ഗോഗുൽത്തായിലല്ല, അവൻ യരൂശലേമിലല്ല, അവൻ ബേത്‌ലഹേമിലല്ല; അവൻ ഇപ്പോൾ നിങ്ങളുടെ അരികത്താണ്; നിങ്ങളുടെ സമീപത്താണ്.

നിങ്ങൾ ചോദിക്കൂ: കർത്താവേ, എന്റെ മദ്യപാനം ഒന്നു മാറ്റിത്തരണമേ, എന്റെ വൈരാഗ്യസ്വഭാവം മാറ്റിത്തരണമേ. എന്റെ ഹൃദയത്തിൽ നിന്നും ഇതുവരെ ക്ഷമിക്കാത്ത പാപം മാറ്റിത്തരണമേ. എന്റെ ഹൃദയത്തിലുള്ള ഈർഷ്യയും

മുഷിച്ചിലും പകയും വിദ്വേഷവും മാറ്റണമേ. കർത്താവേ, എന്റെ ഹൃദയത്തിലെ അസൂയ മാറ്റിത്തരണമേ; അഹങ്കാരം മാറ്റിത്തരണമേ. എന്റെ കൈയിലിരിക്കുന്ന മോഷണമുതൽ എല്ലാം കൊടുത്തു തീർക്കാൻ ഒരു വഴി തുറന്നു തരണമേ.

എന്തെല്ലാമാണ് നിങ്ങളുടെ ആഗ്രഹങ്ങൾ? എല്ലാം പറഞ്ഞുകൊള്ളൂ. എന്താണ് മോനേ, നിന്റെ ശൂന്യത? എന്താണ് നിന്റെ ആവശ്യം? നിന്റെ ജീവിതത്തിലെ വിടവ് എന്താണ്? നീ വലയുന്ന വിഷയമെന്താണ്? എല്ലാം കേൾക്കാൻ യേശു വന്നിട്ടുണ്ട്. അവന്റെ കരങ്ങളിലേക്ക് സമ്പൂർണ്ണമായി സമർപ്പിക്കുക.

# മൂന്ന്

*“അവൾ പർവ്വതത്തിൽ ദൈവപുരുഷന്റെ അടുക്കൽ എത്തിയപ്പോൾ അവന്റെ കാൽ പിടിച്ചു; ഗേഹസി അവളെ മാറ്റുവാൻ അടുത്തുചെന്നാറെ ദൈവ പുരുഷൻ: അവളെ വിടുക; അവൾക്കു വലിയ മനോവ്യസനം ഉണ്ട്: യഹോവ അത് എന്നെ അറിയിക്കാതെ മറച്ചിരിക്കുന്നു എന്നു പറഞ്ഞു.”*

*2 രാജാക്കന്മാർ 4 : 27*

പ്രവാചകൻ പറഞ്ഞതുപോലെ സംഭവിച്ചു. അവൾക്കൊരു മകനെ കിട്ടി. സുഖകരമായ രീതിയിൽ കാര്യങ്ങൾ നീങ്ങുക യായിരുന്നു. ഓമനക്കുട്ടനായി, നല്ല ഇളംതൈപോലെ അവൻ വളർന്നുവരുന്നു. നല്ല കോമളത്വമുള്ള ബാലൻ. തുള്ളി ക്കളിക്കുന്ന, ഓടിക്കളിക്കുന്ന കൊച്ചുകുട്ടി. അമ്മയ്ക്കും അപ്പനും വലിയ ആഹ്ലാദം, സന്തോഷം.

അവർക്ക് കൃഷിയുണ്ട്. ഒരു ദിവസം അപ്പൻ പാടത്ത് കൊയ്യിക്കാൻ പോകുകയാണ്. അവൻ പറഞ്ഞു: ഞാനും പോരുകയാണ്. അപ്പൻ മകനേയും കൊണ്ടുപോയി. നല്ല വെയിലുള്ള ദിവസമാണ്. പെട്ടെന്ന് അവൻ കൈ തലയ്ക്ക് വച്ചിട്ട് പറഞ്ഞു: “അയ്യോ! എന്റെ തല, എന്റെ തല.” തല പൊളിഞ്ഞുപോകുന്ന പോലത്തെ ഭയങ്കര തലവേദന.

അപ്പൻ മകനെ വേലക്കാരുടെ കൂടെ വീട്ടിലേക്ക് പറഞ്ഞയച്ചു. അമ്മ മകനെ മടിയിൽവച്ച് പ്രാർത്ഥിച്ചുകൊണ്ടി രിക്കയാണ്. അവൻ വേദനിച്ചു പുളയുന്നു. കുഞ്ഞിന്റെ വേദന കണ്ടിട്ട് അമ്മയ്ക്ക് സഹിക്കുന്നില്ല. അപ്പൻ അതിലേറെ

വേദനപൂണ്ട് പാടത്ത് നിൽക്കുകയാണ്. അമ്മ ഉള്ളഴിഞ്ഞ് പ്രാർത്ഥിക്കുന്നുണ്ട്. പക്ഷേ, വിചാരിക്കുന്നതു പോലെയല്ലല്ലോ കാര്യങ്ങൾ വരുന്നത്! കുഞ്ഞ് അമ്മയുടെ മടിയിൽ വച്ച് മരിച്ചുപോയി. വളരെ പ്രതീക്ഷയോടെ വളർത്തിയ ആ കുഞ്ഞ് മരിച്ചുപോയി.

അപ്രതീക്ഷിതമായ ചിലതെല്ലാം ജീവിതത്തിൽ സംഭവിച്ചു എന്നു വരാം. പ്രിയപ്പെട്ടവരേ, പതറരുത്. അപ്രതീക്ഷിതമായ വിയോഗങ്ങൾ വന്നവരില്ലേ? ഒട്ടും പ്രതീക്ഷിക്കാതെ ഭർത്താവ് മരിച്ചുപോയവർ, ഭാര്യ വിട്ടുപോയവർ, ഓമനക്കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടവർ, ഒട്ടും പ്രതീക്ഷിക്കാതെ ചില അത്യാഹിതങ്ങൾ സംഭവിച്ചവർ; എല്ലാം പ്രതീക്ഷിച്ചതുപോലെ ആകണമെന്നില്ല. പ്രാർത്ഥിക്കുന്നതുപോലെ എല്ലാം സാധിക്കണമെന്നില്ല. എന്തുകൊണ്ടാണെന്നറിയില്ല. പക്ഷേ, "Delays are not denials." Delay ആയി എന്നുള്ളതുകൊണ്ട് deny ചെയ്തു എന്നില്ല. പ്രാർത്ഥന കേൾക്കാൻ താമസിച്ചു എന്നുവരാം പക്ഷേ, അത് നിരസിച്ചതല്ല.

ചിലപ്പോഴെല്ലാം എനിക്ക് തോന്നിയിട്ടുണ്ട് ദൈവം deny ചെയ്തു എന്ന്. എന്നാൽ ഞാൻ വിശ്വസിക്കുന്നു, delays are not denials. ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഈ സ്ത്രീ മകൻ മരിച്ചു എന്ന് കണ്ടപ്പോൾ ഭർത്താവിനെ അറിയിച്ചില്ല. കാരണം, കുഞ്ഞ് മരിച്ചു എന്നു കണ്ടാൽ എത്രയും വേഗം ശവസംസ്ക്കാരം നടത്താൻ അദ്ദേഹം തയ്യാറായാലോ? അവൾക്ക് വേറെ ഒരു പ്രതീക്ഷയുണ്ട്. അവൾ കുഞ്ഞിനെ പ്രവാചകൻ കിടക്കുന്ന മുറിയിൽ കൊണ്ടുപോയി, ഒരു പുതപ്പുകൊണ്ട് പുതപ്പിച്ചിട്ട് ഉറങ്ങിക്കിടക്കുന്നതു പോലെ കിടത്തി.

എന്നിട്ട് വേഗം ഭർത്താവിനെ വിളിച്ചു പറഞ്ഞു: "ഞാൻ പ്രവാചകന്റെ അടുക്കൽ പോവുകയാണ്." "എന്താ കാര്യം?" "അല്ല ഞാൻ പോയിട്ട് വരാം." അവൾ കാര്യം പറഞ്ഞില്ല;

എന്തൊരു വിശ്വാസമുള്ള സ്ത്രീ! എന്തൊരു മനഃസാന്നിദ്ധ്യമുള്ള സ്ത്രീ! അവൾ ബദ്ധപ്പെട്ട് പ്രവാചകന്റെ അടുത്തേക്ക് പോയി. ഇവൾ ദൂരെ നിന്ന് വരുമ്പോഴേക്കും പ്രവാചകൻ ശിഷ്യനായ ഗേഹസിയോടു പറഞ്ഞു: "ശൂനേംകാരി വരുന്നുണ്ടല്ലോ, അവൾക്ക് വലിയ മനോവിഷമമുണ്ട്. അത് യഹോവ എന്നെ അറിയിക്കാതെ മറച്ചു വച്ചിരിക്കുന്നു."

അവൾക്ക് വലിയ മനോവ്യസനമുണ്ട്! പ്രിയപ്പെട്ടവരേ, നിങ്ങളിൽ പലർക്കും വലിയ മനോവ്യസനമുണ്ട്. മനസ്സ് കലങ്ങിയിരിക്കുന്നവർ! പലവിധത്തിലുള്ള പ്രശ്നങ്ങൾ മനസ്സിനെ ഉലച്ചുകൊണ്ടിരിക്കുന്നവർ! ഈ സ്ത്രീക്ക് വലിയ മനോവ്യസനമുണ്ടെന്ന് പ്രവാചകൻ കണ്ടു.

> *"നീ ഓടിച്ചെന്നു അവളെ എതിരേറ്റ്: സുഖം തന്നെയോ? ഭർത്താവു സുഖമായിരിക്കുന്നുവോ? ബാലന്നു സുഖമുണ്ടോ എന്നു അവളോടു ചോദിക്കേണം എന്നു പറഞ്ഞു."* *2 രാജാക്കന്മാർ 4 : 26*

എലീശാ പ്രവാചകന് അവളുടെ ആ ബദ്ധപ്പാടും മുഖത്തെ ഉദ്വേഗവും കണ്ടപ്പോൾ തോന്നി എന്തോ പ്രശ്നമുണ്ട്. അതു കൊണ്ടാണ് ചോദിക്കുന്നത് സുഖം തന്നെയോ? ഭർത്താവ് സുഖമായിരിക്കുന്നുവോ? ബാലന് സുഖമുണ്ടോ?

പ്രിയപ്പെട്ടവരേ, പ്രവാചകന്റെ നാവിൽകൂടി വന്ന ആ ശബ്ദത്തിന് പ്രത്യേക അർത്ഥമുണ്ട്. എന്നും നമ്മുടെ സുഖം അന്വേഷിക്കുന്ന ഒരു ജീവനുള്ള ദൈവം! നമ്മുടെ ക്ഷേമം അന്വേഷിക്കുന്ന, നാം എന്നും നന്നായിരിക്കണമെന്നാഗ്രഹിക്കുന്ന ദൈവം! നാം ഓരോരുത്തരും ക്ഷേമമുള്ള, ഐശ്വര്യമുള്ള, സമാധാനമുള്ള, സന്തോഷമുള്ള ഒരു ജീവിതം നയിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

വലിയ കോടികളുടെയോ ലക്ഷങ്ങളുടെയോ കടം നിങ്ങൾക്ക് കാണുമായിരിക്കും. മാറാരോഗമായിരിക്കും വന്നിരിക്കുന്നത്. വൈദ്യശാസ്ത്രപ്രകാരം ഒരു കുഞ്ഞുണ്ടാകാൻ

ഒരു സാദ്ധ്യതയുമില്ലെന്ന് ഡോക്ടർ പറഞ്ഞതായിരിക്കാം. എല്ലാ പ്രതീക്ഷകളും നശിച്ചവരായിരിക്കാം.

എന്നാൽ ഇന്ന് നിങ്ങളുടെ അടുത്തിരിക്കുന്ന ക്രിസ്തുവിനോട് ഒരു വാക്കുപറയുമെങ്കിൽ, കർത്താവേ, ഈ ജീവിതം ഞാൻ നിനക്ക് തരികയാണ്, എന്നെ മുഴുവനായി നിന്റെ കരങ്ങളിലേക്ക് തരുന്നു, മനസ്സറിഞ്ഞ് ഒരു പാപം വരാതെ ഞാൻ ജീവിക്കും, ഇങ്ങനെ നിങ്ങളൊന്ന് പറയുമെങ്കിൽ, ഇന്നത്തേക്കാൾ ഭേദപ്പെട്ട നാളെയിലേക്ക് ദൈവം നിങ്ങളെ നടത്തും.

നിങ്ങളുടെ പ്രശ്നങ്ങൾ കർത്താവ് പരിഹരിച്ചു തരും. നിങ്ങളുടെ ഹൃദയത്തിന്റെ ആഗ്രഹം കർത്താവ് നിറവേറ്റിത്തരും. മനസ്സിന്റെ വേദനാവിഷയങ്ങൾക്ക് കർത്താവ് പൊറുതി തരും. നിങ്ങളുടെ കുടുംബത്തിൽ സമാധാനം തരും. കൊടുങ്കാറ്റ് ശാന്തമാകും. നിങ്ങളുടെ ജീവിതപടക് ശാന്തമായി തീരത്തണയും. എന്തുകൊണ്ടെന്നാൽ യേശുക്രിസ്തുവിന് നിങ്ങളോട് സ്നേഹമാണ്. ദൈവത്തിന് നിങ്ങളെക്കുറിച്ച് വളരെ വ്യക്തമായ പദ്ധതിയുണ്ട്. ദൈവം നിങ്ങളുടെ സുഖം അന്വേഷിക്കുന്നു.

> *“പ്രിയനേ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു.”* *3 യോഹന്നാൻ : 2*

ഒരു ദൈവദാസന്റെ മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണത്. വാർദ്ധക്യത്തിലുള്ള യോഹന്നാൻശ്ലീഹാ മൂന്നാമത്തെ എഴുത്ത് ഗായോസിന് എഴുതുകയാണ്. നീ സകലത്തിലും ശുഭമായിരിക്കണം; സുഖമായിരിക്കണം. അതാണ് ദൈവത്തിന്റെ മക്കളുടെ ആഗ്രഹം.

> *“സഹോദരന്മാർ വന്ന്, നീ സത്യത്തിൽ നടക്കുന്നു എന്നു നിന്റെ സത്യത്തിന്നു സാക്ഷ്യം പറകയാൽ ഞാൻ അത്യന്തം സന്തോഷിച്ചു.”*
>
> *3 യോഹന്നാൻ : 3*

ഗായോസ് വളരെ സമാധാനമായിരിക്കുന്നു, സമ്പൂർണ്ണ സത്യത്തിൽ തന്നെ നടക്കുന്നു, ഏറ്റവും യോഗ്യമായി, മാതൃകാപരമായി ആ ദേശത്തിൽ നിൽക്കുന്നു എന്നൊക്കെ നിന്റെ അടുക്കൽ നിന്ന് വന്ന സഹോദരന്മാർ നിന്നെക്കുറിച്ച് സാക്ഷ്യം പറഞ്ഞു. "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല."

അത് യോഹന്നാൻ ശ്ലീഹായുടെ സ്നേഹമുള്ള ഹൃദയത്തിൽനിന്നു വന്നതാണ്. യേശുക്രിസ്തുവിന്റെ ഹൃദയം ലഭിക്കുന്ന എല്ലാവർക്കും സ്നേഹത്തിന്റെ ഹൃദയം ഉണ്ടാകും. സകലത്തിലും സുഖമായും ശുഭമായും ഇരിക്കണമെന്നാഗ്രഹിക്കുന്ന ദൈവത്തിന്റെ സ്നേഹം.

> *"അവൾ പർവ്വതത്തിൽ ദൈവപുരുഷന്റെ അടുക്കൽ എത്തിയപ്പോൾ അവന്റെ കാൽ പിടിച്ചു: ഗേഹസി അവളെ മാറ്റുവാൻ അടുത്തുചെന്നാറെ ദൈവപുരുഷൻ: അവളെ വിടുക; അവൾക്കു വലിയ മനോവ്യസനം ഉണ്ട്; യഹോവ അതു എന്നെ അറിയിക്കാതെ മറച്ചിരിക്കുന്നു. എന്നു പറഞ്ഞു."* *2 രാജാക്കന്മാർ 4 : 27*

ശൂനേംകാരത്തി സ്ത്രീ, ദൈവപുരുഷന്റെ കാൽക്കൽ വീണു. അവളുടെ ഉള്ള് നിറയെ ഏങ്ങലടികളും വിതുമ്പലുകളുമാണ്. ഒരേയൊരു മകന്റെ dead body പ്രവാചകൻ കിടക്കാറുള്ള കിടക്കയിൽ പുതപ്പിച്ച് കിടത്തിയിട്ട് പ്രവാചകന്റെ അടുക്കലേക്ക് ഓടിവന്നിരിക്കുകയാണ്.

ദൈവപുരുഷൻ ഗേഹസിയോടു പറഞ്ഞു: അവൾക്കെന്തോ മനോവിഷമമുണ്ട്. അവളെ തടസ്സപ്പെടുത്തണ്ട. അവളുടെ വിഷമം കരഞ്ഞ് തീർക്കട്ടെ.

നിങ്ങളുടെ ഉള്ളം വിഷമിക്കുമ്പോൾ ഏറ്റവും അടുപ്പമുള്ളയാളോട് തുറന്ന് പറയണം. ഭാര്യയ്ക്ക് ഭർത്താവിനോട് പറയാം. നിങ്ങളുടെ മനസ്സിലെ വിഷമങ്ങൾ ഒന്നും ഉള്ളിലൊതു

ക്കരുത്. പെൺകുട്ടികൾ, തങ്ങൾ നേരിടുന്ന എതൊരു പ്രശ്നവും അമ്മയോട് തുറന്ന് പറയണം. മറ്റ് ആൺകുട്ടികൾ പറയുന്ന ലോഹ്യമായാലും അഭിനന്ദനമായാലും തുറന്നുപറ യണം. അത് പിശാച് കെണി വയ്ക്കുന്നതായിരിക്കും. പറയു മ്പോൾ തന്നെ പിശാചിന്റെ ആ ഒളിവിടം പൊളിയും.

ആ സ്ത്രീയുടെ മനോവിഷമം എല്ലാം പറയാനാണ് അവൾ ഓടി വന്നിരിക്കുന്നത്.

> *"ഞാൻ യജമാനനോട് ഒരു മകനെ ചോദിച്ചിരു ന്നുവോ? എന്നെ ചതിക്കരുതേ എന്നു ഞാൻ പറ ഞ്ഞില്ലയോ എന്നു അവൾ പറഞ്ഞു."*
>
> *2 രാജാക്കന്മാർ 4 : 28*

അവൾ ചിലതെല്ലാം പ്രവാചകനോടു പറഞ്ഞു. അല്പം കട്ടിയായിട്ടാണ് പറഞ്ഞത്: "ഞാൻ ഒരു മകനെ ചോദിച്ചില്ലല്ലോ? പിന്നെ എന്താ എനിക്കിങ്ങനെ വന്നത്?" അവൾ അവകാശം പറഞ്ഞ് ചോദിക്കയാണ്. അവൾ വിശ്വാസത്തോടെ ചോദിക്കയാണ്. പ്രവാചകൻ ഒട്ടും താമസിച്ചില്ല, അവളുടെ കൂടെ വീട്ടിലേക്കു പോയി.

നിങ്ങളുടെ ഉള്ളം നുറുങ്ങി തകർന്ന് കരഞ്ഞാൽ കർത്താ വിന് നിങ്ങളെ മറികടന്ന് പോകാൻ കഴിയുകയില്ല. നിങ്ങളുടെ ആവശ്യങ്ങൾ മറ്റാരോടും പറയാതെ ദൈവത്തോട് ചോദിച്ച് വാങ്ങുക. ഹന്നാ പറഞ്ഞു: "ഞാൻ അവനെ അപേക്ഷിച്ച് വാങ്ങി എന്ന് പറഞ്ഞ് അവന് ശമുവേൽ എന്ന് പേരിട്ടു" എന്ന്. ഈ കുഞ്ഞിനെ യഹോവയ്ക്ക് നിവേദിച്ചതാണ്.

നിങ്ങൾക്കുള്ളതെല്ലാം ദൈവത്തിന്റേത്. ദൈവം തന്നത ല്ലാതെ ഒന്നുമില്ല. ദൈവമില്ലെങ്കിൽ എല്ലാം പൂജ്യമാണ്; ദൈവ മുണ്ടെങ്കിൽ എല്ലാം നിറവാണ്.

അദ്ധ്യാപകൻ ബോർഡിൽ ഒരു പൂജ്യം ഇട്ടു. കുട്ടികളോട് ചോദിച്ചു: എന്താണിതിന്റെ വില. ഒരു വിലയുമില്ല. എന്നാൽ അതിന്റെ ആരംഭത്തിൽ ഒരു ഒന്ന് ഇട്ടു. അപ്പോൾ അതിന് വില

യായി. ഒരു പൂജ്യം കൂടെ ഇട്ടു. വില പതിന്മടങ്ങായി.

നിങ്ങളുടെ ജീവിതത്തിൽ ആദ്യം ഒന്ന് വരട്ടെ. ആ ഒന്ന് യേശുക്രിസ്തുവാണ്. യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നാൽ പിന്നെ എല്ലാം വിലയുള്ളതാണ്. നിങ്ങളുടെ പ്രാർത്ഥനകളും ആരാധനകളും നമസ്ക്കാരങ്ങളും മനോഗുണപ്രവൃത്തികളും എല്ലാം വിലയുള്ളതായിത്തീരും. യേശുക്രിസ്തു ഇല്ലാതെ ചെയ്യുന്നതെല്ലാം വിലയില്ലാത്തതാണ്.

എന്റെ ജീവിതം വിലയില്ലാത്തതായിരുന്നു. ആർക്കും വേണ്ടാത്ത ജീവിതമായിരുന്നു. എനിക്ക് ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചതിനുശേഷം, ജീവിതത്തിൽ വളരെയധികം ദു:ഖമനുഭവിച്ച മനുഷ്യനായിരുന്നു ഞാൻ. എനിക്ക് സ്വന്തം സഹോദരന്മാരുണ്ടായിരുന്നില്ല. ഞാൻ ഏകാകിയായിരുന്ന് കരഞ്ഞിട്ടുണ്ട്. എന്നാൽ ഈ അനാഥന്റെ ജീവിതത്തിലേക്ക് യേശു കടന്നുവന്നു. അവൻ വന്നപ്പോൾ, ആ ഒന്ന് വന്നതോടെ പൂജ്യമുള്ളതെല്ലാം വിലയുള്ളതായിത്തീർന്നു. വിലകെട്ടവനായിരുന്നു പക്ഷേ, ഞാൻ ദൈവത്തിന്റെ മുമ്പിൽ വിലയുള്ളവനായിത്തീർന്നു.

> *"ഉടനെ അവൻ ഗേഹസിയോട്: നീ അര കെട്ടി എന്റെ വടിയും കൈയിൽ എടുത്തുപോക; നീ ആരെ എങ്കിലും കണ്ടാൽ വന്ദനം ചെയ്യരുത്; നിന്നെ വന്ദനം ചെയ്താൽ പ്രതിവന്ദനം പറകയും അരുത്; എന്റെ വടി ബാലന്റെ മുഖത്ത് വയ്ക്കേണം എന്നു പറഞ്ഞു. എന്നാൽ ബാലന്റെ അമ്മ യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റു അവളോടുകൂടെ പോയി."*
>
> *2 രാജാക്കന്മാർ 4 : 29, 30*

പ്രവാചകൻ ശുശ്രൂഷകനായ ഗേഹസിയെ ആദ്യം പറഞ്ഞുവിടുകയാണ്. ശുശ്രൂഷയ്ക്കായി പോകുന്ന ദൈവമക്കൾ

ഓർത്തുകൊള്ളണം, ഇടയ്ക്ക് ആരെയും വന്ദനം ചെയ്യരുത്, പ്രതിവന്ദനം ചെയ്യരുത്. എന്നു പറഞ്ഞാൽ ഇടയ്ക്ക് വേറെ കാര്യങ്ങളിൽ ഇടപെടരുത്.

വലിയ ദൈവികശുശ്രൂഷയ്ക്ക് പോകുമ്പോൾ വർത്ത മാനം പറഞ്ഞുകൊണ്ട് പോകരുത്. ശ്രദ്ധിക്കുക, നാം പിശാചു മായുള്ള യുദ്ധത്തിനാണ് പോകുന്നത്. നാം വാളുകൊണ്ടും കുന്തം കൊണ്ടുമല്ല ജയം നേടുന്നത്, ക്രിസ്തുവിന്റെ വചനം കൊണ്ടാണ്. വചനമാകുന്ന വാളും കൈയിലേന്തിക്കൊണ്ടാണ് പോകുന്നത്.

നാം നമ്മുടെ ജീവിതത്തിൽ യേശു പ്രസാദിക്കുന്നുണ്ടോ എന്നുമാത്രം നോക്കിയാൽ മതി. യേശുവാണെങ്കിൽ ഈ സമ യത്ത് എങ്ങനെ പ്രതികരിക്കും? അതുമാത്രം നോക്കിയാൽ മതി.

*"എന്നാൽ ബാലന്റെ അമ്മ യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു; അങ്ങനെ അവൻ എഴുന്നേറ്റു അവ ളോടുകൂടെ പോയി."* *2 രാജാക്കന്മാർ 4 : 30*

കുട്ടി മരിച്ചു കിടക്കുന്നു. ഈ കുഞ്ഞിനെ ജീവിപ്പിച്ചു കിട്ടണം. അമ്മ വന്ന് പ്രവാചകന്റെ കാല്ക്കൽ വീഴുകയാണ്. പ്രതീക്ഷയ്ക്കു വകയൊന്നുമില്ല. പ്രതീക്ഷയ്ക്കു വകയില്ലാ ത്തിടത്ത് പ്രതീക്ഷയ്ക്കു വക നൽകുന്നതാണ് ദൈവസ്നേ ഹം. ആശയറ്റുപോയിടത്ത് ആശ നൽകുന്നതാണ് ദൈവ സ്നേഹം.

ഇല കൊഴിയുന്ന ഒരു കാലമുണ്ട്. പക്ഷേ, തളിരിലകൾ കൊരുത്ത് വരുന്ന കാലവുമുണ്ട്. എന്നും ഇല കൊഴിയുന്ന കാലമല്ല. എന്നും ദു:ഖവെള്ളിയല്ല. ദു:ഖവെള്ളി കഴിഞ്ഞാൽ ഒരു ഉയിർപ്പ് ഞായറുണ്ട്. ഒരു താഴ്ചയ്ക്ക് ശേഷം ഒരു ഉയർച്ചയുണ്ട്. പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കുക, അസാ ധ്യങ്ങളെ സാധിപ്പിച്ച് തരുന്ന ഒരു ദൈവം ജീവിക്കുന്നു.

ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് എവറസ്റ്റ്. എവ

റസ്റ്റ് കൊടുമുടിയുടെ മുകളിൽ കയറാൻ ഹിലാരി ഇറങ്ങി പുറപ്പെട്ടു. വളരെ കഷ്ടപ്പെട്ട് കയറി. പക്ഷേ, ഒരു ഭാഗത്ത് ചെന്നപ്പോൾ ഇനി കയറാൻ നിർവ്വാഹമില്ല എന്നു തോന്നിയതുകൊണ്ട് മടങ്ങിപ്പോന്നു. പക്ഷേ, അത്രയും കയറി എന്നുള്ളതുകൊണ്ട് ഹിലാരിക്ക് ഒരു സ്വീകരണം കൊടുക്കാൻ പൗരജനങ്ങൾ തീരുമാനിച്ചു. മഹത്തുക്കൾ പലരും കൂടിയ ആ സദസ്സിൽ അദ്ദേഹത്തെ പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

ഹിലാരി ഒരു ഭൂപടം ചുമരിൽ വെച്ചു. എന്നിട്ട് എവറസ്റ്റ് കൊടുമുടി ഏത് ഭാഗത്താണ് എന്നും എത്രയിടംവരെ കയറി എന്നും കാണിച്ചു കൊടുത്തു. എന്നിട്ട് അദ്ദേഹം ആ പടത്തിലേക്ക് നോക്കിയിട്ട് പറഞ്ഞു. എവറസ്റ്റ് കൊടുമുടീ, നിന്നോട് ഞാനൊരു വാക്ക് പറയുന്നു, ഞാൻ നിന്നെ ഒരുദിവസം കീഴടക്കും.

അതിനു കാരണമുണ്ട്. കൊടുമുടി ഇനി വളരുകയില്ല. പക്ഷേ ഞാൻ വളരും.

ഞാൻ ജയിക്കും എന്നുള്ള പ്രത്യാശ യേശുക്രിസ്തു തരുന്നതാണ്. ഇതുവരെയുള്ള ജീവിതം പരാജയമാണ്. ഇതുവരെയുള്ള ജീവിതം വച്ചുനോക്കിയാൽ ആശയ്ക്ക് പ്രതീക്ഷയില്ല.

ഈ സ്ത്രീ വന്ന് പറയുകയാണ്: യഹോവയാണ, നിന്റെ ജീവനാണ, നിന്നെ ഞാൻ വിടുകയില്ല. എന്റെ മകൻ മരിച്ചു കിടക്കുകയാണ്. ഞാൻ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടല്ലല്ലോ എനിക്ക് കുഞ്ഞിനെ കിട്ടിയത്. എനിക്കുവേണ്ടി അപേക്ഷിക്കണമെന്ന് ഞാൻ പറഞ്ഞില്ലല്ലോ. ദൈവം ദാനമായി തന്നതല്ലേ. നീയൊരാൾ പ്രാർത്ഥിച്ചിട്ടാണല്ലോ എനിക്ക് ഈ കുഞ്ഞിനെ കിട്ടിയത്.

എനിക്ക് കുഞ്ഞിനെ തന്ന ആ ദൈവത്തോട് നീയിപ്പോൾ പ്രാർത്ഥിക്കണം-പ്രവാചകനോട് പറയുകയാണ്. അപ്പോ

ഴേയ്ക്കും പ്രവാചകന്റെ വടിയും കൈയിൽ പിടിച്ചുകൊണ്ട് ഗേഹസി പോയ്ക്കഴിഞ്ഞു. കാരണം, പ്രവാചകന്റെ വടി കുഞ്ഞിന്റെമേൽ വച്ചാൽ കുഞ്ഞ് ഉയിർത്തെഴുന്നേൽക്കും, വടിയാണ് ഉയിർത്തെഴുന്നേൽപ്പിക്കുന്നതെന്നാണ് ഗേഹസി യുടെ ധാരണ! വടിയാണോ, ദൈവത്തിന്റെ പരിശുദ്ധാത്മാ വല്ലേ ഉയിർത്തെഴുന്നേൽപ്പിക്കുന്നത്!

ഇത്രയുംനാൾ കൂടെ നടന്നിട്ടും ഗേഹസിക്കൊന്നും മന സ്സിലായില്ല. ആരാണീ പ്രവാചകൻ? പ്രവാചകന്റെമേലുള്ള പരിശുദ്ധാത്മാവിന്റെ ശക്തിയെന്താണ്? ഒന്നും ഗേഹസിക്ക് മനസ്സിലായില്ല. അവന് വേണ്ടതുപോലെ കാര്യങ്ങൾ ഗ്രഹി ക്കാൻ കഴിഞ്ഞിട്ടില്ല.

കാര്യങ്ങൾ വിശദമായി മനസ്സിലാക്കാൻ സാധിക്കുന്നത് ദൈവം തരുന്ന ഒരു കൃപയാണ്. ഒരു മഹാഭാഗ്യമാണ്. അതി നുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.

ഗേഹസി വിചാരിച്ചു പ്രവാചകന്റെ ഈ വടി കൈയിലു ണ്ടെങ്കിൽ, അതുകൊണ്ട് എന്തും സാധിക്കാമെന്ന്.

പ്രവാചകൻ പറഞ്ഞു, ഗേഹസി വടി എടുത്തുകൊണ്ട് ഓടി.

> *"ഗേഹസി അവർക്കു മുമ്പായി ചെന്നു വടി ബാലന്റെ മുഖത്ത് വെച്ചു; എങ്കിലും ഒരു അന ക്കമോ ഉണർച്ചയോ ഉണ്ടായില്ല."*
>
> *2 രാജാക്കന്മാർ 4 : 31*

ഗേഹസി വടികൊണ്ടുവന്ന് ബാലൻ മരിച്ചു കിടക്കുന്നിട ത്ത്, മുഖത്ത് വച്ചു. ഒരു അനക്കമോ ഉണർച്ചയോ ഉണ്ടായില്ല. പ്രവാചകൻ ഉപയോഗിച്ച വടിയാണ് എന്നതുകൊണ്ട് കാര്യ മില്ല, വചനമാണ് പ്രവർത്തിക്കുന്നത്. എവിടെയും അത്ഭുതം പ്രവർത്തിക്കുന്നത് ജീവനുള്ള ദൈവമാണ്. ദൈവം വചന മായി എഴുന്നള്ളി വരികയാണ്.

ഇന്ന് വചനം നിങ്ങളുടെ അരികത്തേയ്ക്കും വരികയാണ്. വചനമാകുന്ന തീ നിങ്ങളെ സ്പർശിക്കുകയാണ്.

നിങ്ങളുടെ പലരുടേയും ഹൃദയങ്ങൾ വിങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഹൃദയഭാരങ്ങൾ നിങ്ങളെ അലോസരപ്പെടുത്തുന്നുണ്ട്. പലതിലും നിങ്ങളുടെ മനസ്സ് പതറിയിരിക്കുകയാണ്. തന്റെ വചനമയച്ച് നിങ്ങൾക്ക് സൗഖ്യം തരാൻ നമ്മുടെ ദൈവം നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നു. ദൈവം യഥാർത്ഥമായി നിങ്ങളുടെ അരികത്ത് വന്ന്, നിങ്ങളുടെമേൽ തന്റെ കരം വച്ച് നിങ്ങളെ അനുഗ്രഹിപ്പാനായി നിങ്ങളോട് വചനമായി സംസാരിക്കുകയാണ്.

ഈ വചനം നമ്മുടെ ഹൃദയത്തിലേക്ക് ഒഴുകി എത്തുന്നു. വചനം നമ്മുടെ ഹൃദയത്തിൽ വിത്തായി പാകിത്തരുന്നു. ഈ വചനമാണ് നമ്മെ ജീവിപ്പിക്കുന്നത്; മരണാവസ്ഥ മാറ്റി ജീവൻ തരുന്നത്. പലർക്കും ഈ വചനം ഭോഷത്വമാണ്. എന്നാൽ വിശ്വാസികൾക്കോ ഈ വചനം ജീവാമൃതമാണ്, തേനിലും തേൻകട്ടയിലും മധുരമാണ്. ഈ വചനം നിങ്ങളുടെ അസാധ്യതകളെ സാധ്യമാക്കി തരുന്നതാണെന്ന് വിശ്വസിക്കുക.

ഈ പാവപ്പെട്ട സ്ത്രീ എലീശാപ്രവാചകന്റെ അടുക്കൽ വന്നുപറഞ്ഞു: യഹോവയാണ, നിന്റെ ജീവനാണ ഞാൻ നിന്നെ വിടുകയില്ല. അപ്പോൾ പ്രവാചകൻ ആ സ്ത്രീയോട് കൂടി എഴുന്നേറ്റ് പോയി. പക്ഷേ, അതിനും മുമ്പേ ഗേഹസി പോയി വടി ആ കുഞ്ഞിന്റെ മുഖത്ത് വെച്ചു. എങ്കിലും ഒരു അനക്കമോ ഉണർച്ചയോ ഉണ്ടായില്ല.

> *"ഗേഹസി അവർക്കു മുമ്പായി ചെന്നു വടി ബാലന്റെ മുഖത്ത് വെച്ചു; എങ്കിലും ഒരു അനക്കമോ ഉണർച്ചയോ ഉണ്ടായില്ല; അതുകൊണ്ട് അവൻ അവനെ എതിരേല്പാൻ മടങ്ങിവന്നു: ബാലൻ ഉണർന്നില്ല എന്നു അറിയിച്ചു."*
>
> *2 രാജാക്കന്മാർ 4 : 31*

ഗേഹസി വന്നു പറഞ്ഞു: യജമാനനേ, വടി ബാലന്റെ

മുഖത്ത് വച്ചെങ്കിലും ഒന്നും നടന്നില്ല. പ്രവാചകൻ അവനോട് ഒന്നും പറഞ്ഞില്ല കാരണം, ഇപ്പോൾ വലിയോരു ശുശ്രൂഷ നടക്കേണ്ട സമയമാണ്. അവനോട് തർക്കിക്കാനോ, പുതിയ പാഠം പഠിപ്പിക്കാനോ സമയമില്ല. അതുകൊണ്ട് പ്രവാചകൻ തൽക്കാലം അവനോടൊന്നും മിണ്ടിയില്ല.

*"എലീശാ വീട്ടിൽ വന്നപ്പോൾ തന്റെ കട്ടിലിന്മേൽ ബാലൻ മരിച്ചുകിടക്കുന്നതു കണ്ടു."*

*2 രാജാക്കന്മാർ 4 : 32*

അതൊരു ദയനീയമായ കാഴ്ചയാണ്. ഇത്രയും നാളുകൾ ആ ബാലൻ ഓടിനടന്ന വീട്ടിൽ, പ്രവാചകന് വേണ്ടി പ്രത്യേകിച്ച് തയ്യാറാക്കിയ കട്ടിലിൽ ഇപ്പോൾ ആ ബാലൻ മരിച്ചുകിടക്കുന്നു. പ്രവാചകന്റെ ഉള്ളം തകർന്നു. കാരണം, ആ സ്ത്രീയുടെ കണ്ണുനീർ, ആ അമ്മയുടെ വേദന, ആ കുഞ്ഞിന്റെ ദയനീയമായ കിടപ്പ്, പ്രവാചകന്റെ ഉള്ളം അലിഞ്ഞു.

*"താനും ബാലനും മാത്രം അകത്ത് ഉണ്ടായിരിക്കെ അവൻ വാതിൽ അടച്ചു യഹോവയോട് പ്രാർത്ഥിച്ചു."*

*2 രാജാക്കന്മാർ 4 : 33*

ശ്രേഷ്ഠശുശ്രൂഷകൾ ചെയ്യുമ്പോൾ വേറെയാരും ഇല്ലാതിരിക്കുന്നതായിരിക്കും നല്ലത്. ജീവൻ പകരുന്ന ശുശ്രൂഷയ്ക്ക് പരിശുദ്ധാത്മാവിന്റെ തീ ഉള്ളവർ മാത്രമേ അവിടെ ഉണ്ടാകാവൂ, അല്ലാത്തവർ ഉണ്ടായാൽ അത് തടസ്സമാണ്.

ഇവിടെ പ്രവാചകൻ അമ്മയെപ്പോലും മാറ്റിനിർത്തി. ഇപ്പോൾ നിങ്ങൾ ഓർക്കുക. നാം പ്രാർത്ഥിക്കുമ്പോൾ ഞാനും എന്റെ യേശുവും മാത്രം; ബാക്കിയുള്ള സകല അന്യചിന്തകളും അകറ്റിക്കളയുക. പ്രവാചകന്റെ ഉള്ളം തകർന്നുള്ള പ്രാർത്ഥനപോലെ യേശുവിന്റെ പാദപീഠത്തിൽ ചെന്ന്, ഉള്ളുനുറുങ്ങി കരയുക. കർത്താവേ, ഞാനൊരാൾ ഒരു പ്രാർത്ഥനാവീരൻ ആയിത്തീരുകയാണ്.

*"പിന്നെ അവൻ കയറി ബാലന്റെമേൽ കിടന്നു;*

*തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണ് അവന്റെ കണ്ണിന്മേലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളംകൈകളിന്മേലും വച്ചു അവന്റെ മേൽ കവിണ്ണുകിടന്നപ്പോൾ ബാലന്റെ ദേഹ ത്തിന്നു ചൂടുപിടിച്ചു.” 2 രാജാക്കന്മാർ 4 : 34*

ഇത്രയും വലിയ പ്രായമുള്ള മനുഷ്യൻ ഈ കുഞ്ഞിന്റെ മേൽ കമിഴ്ന്നു കിടന്നു വായും മൂക്കും എല്ലാം ചേർത്ത് വയ്ക്കണമെങ്കിൽ പ്രവാചകനൊന്നു വളയണം, ഒന്നു ചുരു ങ്ങണം.

അതായത്, എന്നെ ജീവിപ്പിക്കാൻ എന്റെ യേശു കുരിശിൽ ചെറുതായി. യേശു ആണികളാൽ ബന്ധിതനായി വളഞ്ഞു കിടന്നു. ആ സ്നേഹം കണ്ടാൽ പിന്നെ സ്നേഹിക്കാതിരിക്കു മോ? അവൻ എന്നോളം ചെറുതായി.

ആകാശത്തിലും ഭൂമിയിലും ഒതുങ്ങാത്തവനായ ദൈവം, ഒരു സ്ത്രീയുടെ ഉദരത്തിൽ ഒതുങ്ങിക്കിടന്നു. ഒരിടത്തും ഒതു ങ്ങാത്തവനായ യേശുക്രിസ്തു ഒരു പുൽക്കൂട്ടിൽ ഒതുങ്ങിക്കിട ന്നു. ഒരിടത്തും ഒതുങ്ങാത്തവനായ യേശുക്രിസ്തു ഗലീലാ നാടുകളിൽ, യെരൂശലേം ദൈവാലയ പരിസരങ്ങളിൽ ഒതുങ്ങി നിന്നു. ഒരിടത്തും ഒതുങ്ങാത്തവനായ നിത്യനായ ദൈവം അരിമഥ്യക്കാരനായ യൗസേപ്പിന്റെ കല്ലറയിൽ ഒതുങ്ങിക്കിട ന്നു.

ഞാനൊന്നു കരയുമ്പോൾ ഓടിവന്ന് കണ്ണീർ തുട യ്ക്കുന്ന ഈ യേശു ആരാണ്? എന്റെ ഈ പരീക്ഷയിൽ ഒന്നു താങ്ങണമേ എന്ന് പറയുമ്പോൾ ഓടിവന്ന് ബുദ്ധി തെളിക്കുന്ന ഈ യേശു ആരാണ്? അവിശ്വസ്തതയും വിശ്വാസഹീന തയും മാത്രമായിട്ടും എന്നും എന്നെ സ്നേഹിക്കുന്ന ഈ യേശുവാരാണ്?

നിങ്ങൾക്ക് ജീവൻ തരാൻ ഈ യേശു നിങ്ങളുടെ അടു ക്കൽ വന്നിരിക്കുകയാണ്. നമുക്കും പ്രാർത്ഥിക്കാം: യേശുവേ,

സ്വർഗ്ഗീയ ജീവജലനദി ഒഴുക്കണമേ. വെന്തു നീറിയിരിക്കുന്ന വർക്ക് ആശ്വാസം നൽകണമേ. വേദനിച്ച് പുളയുന്നവർക്ക് ഒരു സ്വസ്ഥത നൽകണമേ.

രോഗത്താൽ പീഡിപ്പിക്കപ്പെടുന്നവർക്ക് രോഗസൗഖ്യം നൽകണമേ. സാത്താന്യബന്ധനത്തിൽപ്പെട്ടുഴലുന്നവർക്ക് ബന്ധനമഴിച്ചു കൊടുക്കണമേ, ഭിന്നിച്ചിരിക്കുന്ന ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിക്കാനുള്ള കൃപ കൊടുക്കണമേ. കർത്താവേ, എല്ലാവർക്കും ജീവൻ കൊടുക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനായി ഞങ്ങളെ വിശുദ്ധരായി ഒരുക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയനാമത്തിൽ തന്നെ ആമ്മേൻ.

## നാല്

*"എലീശാ വീട്ടിൽ വന്നപ്പോൾ തന്റെ കട്ടിലിന്മേൽ ബാലൻ മരിച്ചു കിടക്കുന്നതു കണ്ടു. താനും ബാലനും മാത്രം അകത്ത് ഉണ്ടായിരിക്കെ അവൻ വാതിൽ അടച്ചു യഹോവയോടു പ്രാർത്ഥിച്ചു. പിന്നെ അവൻ കയറി ബാലന്റെമേൽ കിടന്നു; തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണ് അവന്റെ കണ്ണിന്മേലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളംകൈകളിന്മേലും വച്ചു അവന്റെമേൽ കവിണ്ണുകിടന്നപ്പോൾ ബാലന്റെ ദേഹത്തിന്നു ചൂടുപിടിച്ചു."* *2 രാജാക്കന്മാർ 4 : 32 – 34*

പ്രവാചകൻ ആ മുറിയിൽ കുഞ്ഞിന്റെ അമ്മയെപ്പോലും നിർത്തിയില്ല. പ്രവാചകൻ വാതിലടച്ചു. ഏകാകിയായിരുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. മദ്ധ്യസ്ഥത വഹിച്ച് പ്രാർത്ഥിക്കുവാൻ, ആ ബാലന് വേണ്ടി ദൈവസന്നിധിയിൽ ഇടനിലനിന്ന് പ്രാർത്ഥിക്കാൻ പ്രവാചകന് കൃപാവരമുണ്ടായിരുന്നു. പ്രവാചകന് അതിനുള്ള അനുഗ്രഹമുണ്ടായിരുന്നു; പ്രാർത്ഥിച്ചിട്ട് പ്രവാചകൻ കയറി ബാലന്റെമേൽ കിടന്നു.

തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണ് അവന്റെ കണ്ണിന്മേലും തന്റെ ഉള്ളംകൈകൾ അവന്റെ ഉള്ളംകൈകളിന്മേലും വച്ച് അവന്റെമേൽ കവിണ്ണ് കിടന്നപ്പോൾ ബാലന്റെ ദേഹത്തിന് ചൂടുപിടിച്ചു. പ്രവാചകൻ ആ dead body-യോട് താദാത്മ്യം പ്രാപിച്ചു. ആ ശവശരീരത്തിന്റെ മരണം പ്രവാചകൻ തന്റെമേൽ ഏറ്റുവാങ്ങി. ആ ശവശരീരത്തിന്മേലുള്ള

മരണത്തിന്റെ ശക്തിയെ പ്രവാചകൻ തന്റെ ശരീരത്തിലേക്ക് ആവാഹിച്ചെടുത്തു. എന്നിട്ട് തന്റെ മേലുള്ള ജീവനെ അങ്ങോട്ട് പകർന്നു.

പ്രവാചകൻ പിന്നെ എഴുന്നേറ്റ് ആ മുറിയിൽ അങ്ങോട്ടു മിങ്ങോട്ടും നടന്നു. പ്രവാചകനിൽ നിന്ന് ആത്മശക്തിയാണ് പകർന്നത്. പ്രവാചകൻ വീണ്ടും ബലം പ്രാപിക്കാൻ മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പിന്നെയും പ്രവാചകൻ ആ ശവശരീരത്തിന്മേൽ കിടന്നു. പിന്നെയും പ്രവാചകനിൽ നിന്നും ചൂട് ആ ശവശരീരത്തിലേക്ക് പകർന്നു.

പ്രിയമുള്ളവരേ, ഇന്ന് നമ്മുടെ ജീവിതത്തിലും നടക്കേണ്ടത് അതാണ്. ഈ പ്രവാചകൻ കർത്താവിന്റെ നിഴലാണ്. കർത്താവായ യേശുക്രിസ്തു ഇപ്പോൾ dead body ആയിരിക്കുന്ന, മരിച്ച് നിർജ്ജീവമായിരിക്കുന്ന നമ്മുടെ ആളത്വത്തിന്മേൽ വന്ന് നമ്മുടെ ആളത്വത്തെ യേശുവിന്റെ ആളത്വത്തോട് താദാത്മ്യപ്പെടുത്തിക്കൊണ്ട് നമ്മെ തന്റെ വകയായി മാറ്റുകയാണ്.

നമ്മുടെ മരണം, നമ്മുടെ ശിക്ഷ, നമ്മുടെ നിർജ്ജീവത്വം യേശു ഏറ്റുവാങ്ങുകയാണ്. നമ്മുടെ ജഡപ്രകൃതിയും നമ്മുടെ പാപവും ഏറ്റുവാങ്ങുകയാണ്. എന്റെ പാപം, നിങ്ങളുടെ പാപം, യേശുവിന്റെമേൽ ആയി. രണ്ടായിരത്തിലേറെ വർഷങ്ങൾക്കുമുമ്പ് ഗോഗുൽത്തായിലെ കുരിശിൽ നടന്നത് അതാണ്.

ഇതാ, നിന്റെ മരണം യേശു ഏറ്റുവാങ്ങി. സഹോദരാ, നിന്റെ നരകശിക്ഷ യേശു ഏറ്റുവാങ്ങി. നിന്റെ പാപത്തിനൊത്തവണ്ണം നീ ജീവിച്ച് നരകത്തിലേക്ക് പോകേണ്ടതായിരുന്നു. യേശു അത് ഏറ്റുവാങ്ങി. ഘോരമായ പാപങ്ങൾ! നിന്റെ ദ്രവ്യാഗ്രഹങ്ങൾ! നിന്റെ അഹങ്കാരങ്ങൾ! സ്വാർത്ഥതകൾ! തന്നിഷ്ടങ്ങൾ! ധിക്കാരമനോഭാവങ്ങൾ! നിന്റെ ദുഃശീലങ്ങൾ, എല്ലാം യേശു ഏറ്റുവാങ്ങി. യേശുവുമായി നിന്നെ താദാത്മ്യ

പ്പെടുത്തി. യേശുവിന്റെ ഭാവം നമ്മുടെമേൽ പകർന്നു. നമ്മുടെ ഭാവം യേശു ഏറ്റുവാങ്ങി.

എന്റെ ഭാവം പാപമാണ്. എന്റെ പ്രകൃതി പാപപ്രകൃതിയാണ്. എന്റെ സ്വഭാവം പാപത്തിന്റെ സ്വഭാവമാണ്. അതിൽ കോപമുണ്ട്, അശുദ്ധിയുണ്ട്, വ്യഭിചാരാസക്തിയുണ്ട്, മദ്യപാനാസക്തിയുണ്ട്, കഞ്ചാവുണ്ട്, ദുഃശീലങ്ങളുണ്ട്, വഴക്കുണ്ട്, പിണക്കമുണ്ട്, പരിഭവമുണ്ട്, പരാതിയുണ്ട്, ക്ഷമിക്കാനുള്ള മനസ്സുകേടുണ്ട്, അവിടെ വെറുപ്പുണ്ട്, വിദ്വേഷവും പ്രതികാര ചിന്തയുമുണ്ട്. എന്നാൽ അതെല്ലാം യേശു ഏറ്റുവാങ്ങി. തന്മൂലം യേശു കുരിശിന്മേൽ ശാപമായിത്തീർന്നു. നമുക്കു വേണ്ടി പാപമായിത്തീർന്നു. നമ്മുടെ പാപം യേശു വഹിച്ച തിനാൽ അവൻ നമുക്കുവേണ്ടി പാപമാക്കപ്പെട്ടു.

> *"ആകയാൽ ഞങ്ങൾ ക്രിസ്തുവിന്നു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിന്നു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന്, അവൻ നമുക്കു വേണ്ടി പാപം ആക്കി."*
>
> *2 കൊരിന്ത്യർ 5 : 20, 21*

പ്രിയപ്പെട്ടവരേ, യേശുവിന്റെ നീതി നമ്മുടെമേൽ പകർന്നു, നമ്മുടെ പാപം യേശു ഏറ്റെടുത്തു. യേശുവിന്റെ വിശുദ്ധി നമുക്കു തന്നു, നമ്മുടെ അശുദ്ധി യേശു ഏറ്റെടുത്തു. യേശുവിന്റെ അനുഗ്രഹം നമുക്കു തന്നു, നമ്മുടെ ശാപം യേശു ഏറ്റെടുത്തു. ഇന്ന് നിങ്ങൾ ഇത് വിശ്വസിക്കുമെങ്കിൽ നിങ്ങളുടെ ശാപങ്ങളെ യേശു ഏറ്റെടുക്കും. തലമുറതലമുറയായി നിങ്ങളുടെമേൽ പറന്ന് വന്നിരിക്കുന്ന ശാപങ്ങൾ യേശുവിന്റെമേൽ ആയിത്തീരും. പിതാവായ ദൈവം നമ്മുടെ പാപം യേശുവിന്റെമേൽ ചുമത്തി. നമ്മുടെ പാപം യേശുവിന്റെമേൽ

ആക്കുവാൻ പിതാവിനു തിരുമനസ്സായി. യേശു അതിന്റെ ശിക്ഷയേറ്റു. അതാണ് കുരിശിലെ മരണം. എന്റെ പാപം ഏറ്റെടുത്തുകൊണ്ട് മകളെ, നിന്റെ പാപം ഏറ്റെടുത്തുകൊണ്ട് യേശു കുരിശിൽ ശിക്ഷയേറ്റു.

നീയിത് വിശ്വസിക്കുമെങ്കിൽ ഇപ്പോൾത്തന്നെ ആ കൈമാറ്റം നടക്കും. ഇപ്പോൾത്തന്നെ ആ exchange നടക്കും. പാപത്തിന് പകരം യേശു തന്റെ വിശുദ്ധി നിന്റെമേൽ പകരും. നിന്റെ ശാപം യേശുവിന്റെമേൽ ആയിട്ട് യേശുവിന്റെ അനുഗ്രഹം നിന്റെമേൽ വരും. നിന്റെ മരണം യേശു ഏറ്റെടുത്തിട്ട് യേശുവിന്റെ ജീവൻ നിന്റെമേൽ പകരും. ദൈവത്തിന് സ്തോത്രം.

ദൈവമക്കളേ, നിന്റെ നരകം ദൈവം ഏറ്റെടുത്തിട്ട് യേശുവിന്റെ സ്വർഗ്ഗം നമുക്ക് തരികയാണ്. നരകവേദന ഏറ്റുകൊണ്ട് യേശു കുരിശിന്മേൽ പിടഞ്ഞു.

പിതാക്കന്മാർ കൃംതാ നമസ്കാരത്തിൽ പാടി:

“നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ടാ നിൻപാപത്തെയോർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീയിലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ.”

“ഞാൻ ചിന്തിയ രക്തത്താൽ പിതാവിന്റെ കോപം പോയി.” കർത്താവായ യേശു ക്രൂശിക്കപ്പെട്ടതിനുശേഷം പാതാളത്തിലേക്ക് ഇറങ്ങിച്ചെന്നു. പാതാളത്തിൽ മൃതരുടെ ഇടയിലേക്ക് ചെന്ന് അവരുടെ ഇടയിൽ ആദാമിന്റെ ആത്മാവിനെ കണ്ടെത്തി. ആദാമിനെ വിളിച്ചു. നാഥൻ മൃതരുടെ ഇടയിൽ ആദത്തെ ഉറപ്പിച്ചു, ആദമിനെ ധൈര്യപ്പെടുത്തി. നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടു അടികൾ; നീ ഏദൻകനി

തിന്നു, അതിനാൽ ഞാൻ കയ്പ്പു കുടിച്ചു. നഗ്നതയാൽ നീ ഇലകൾ ചാർത്തി, നഗ്നതയോടെ എന്നെ അവർ കുരിശിൽ തൂക്കി. ഞാൻ ചിന്തിയ രക്തത്താൽ പിതാവിന്റെ കോപം പോയി, നീ നീതിമാനായിത്തീർന്നു.

സ്വഭാവം മാറ്റുന്ന ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അനുഭവം നിങ്ങൾ പ്രാപിച്ചില്ലെങ്കിൽ നിങ്ങളുടെ ജീവിതം വ്യർത്ഥമാണ്. നിങ്ങളുടെ ജീവിതം നാശത്തിലേക്കാണ്. യേശു ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കിട്ടിയില്ലെങ്കിൽ, യേശുവിന്റെ തിരുരക്തത്താലുള്ള പാപമോചനം പ്രാപിച്ചില്ലെങ്കിൽ നിങ്ങളുടെ ജീവിതം അപകടത്തിലാണ്. എപ്പോൾ കടന്നു പോയാലും നമുക്ക് ദൈവരാജ്യത്തിൽ പോകണം. നമുക്കൊരു നിത്യതയുണ്ട്. ഈ ഭൂമിയിൽ നാമെല്ലാം താത്ക്കാലികവാസി കളാണ്. ഒരു ദിവസം നാം മരണത്തെ നേരിടും. സഹോദരങ്ങളേ, മരണശേഷം ഒരു നിത്യതയുണ്ട്. അത് അന്തമില്ലാത്ത അനന്ത തയാണ്. അന്തമില്ലാത്ത ആ നിത്യത ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം. നാമാരും നരകത്തിലേക്ക് പോകരുത്.

നാം സ്വർഗ്ഗത്തിന്റെ അവകാശികളായിത്തീരണം. യേശു ക്രിസ്തു വീണ്ടും വരും, സംശയിക്കേണ്ട. വീണ്ടും വരുന്ന ക്രിസ്തുവിന്റെ സന്നിധിയിൽ നിങ്ങളെ സ്വീകരിക്കണമെങ്കിൽ നിങ്ങളിന്ന് വിശുദ്ധരായിത്തീരണം.

തന്റെ ദിവ്യജീവൻ നമ്മുടെമേൽ പകരാനായി യേശു നമ്മുടെ അരികിൽ നിന്ന് കെഞ്ചുന്നു. മകനേ, നിന്റെ ഹൃദയം എനിക്ക് തരിക; മകളേ, നിന്റെ ഹൃദയം എനിക്ക് തരിക എന്നു പറഞ്ഞുകൊണ്ട് യേശു നിങ്ങളുടെ ഹൃദയവാതിൽക്കൽ മുട്ടിക്കൊണ്ടിരിക്കുന്നു.

വിശ്വസിച്ചാൽ നിങ്ങൾക്ക് ദൈവത്തിന്റെ അത്ഭുതം കാണാം. കർത്താവിന്റെ കൃപ ഇപ്പോൾ നിങ്ങൾ ഇരിക്കുന്നിട ത്തേക്ക് വരികയാണ്. നിങ്ങൾ ഈ തീരുമാനമെടുക്കുക. കർത്താവേ, എന്റെ ആയുസ്സ് ഞാനിതാ നിന്നെ ഭരമേല്പി

ക്കുന്നു. എന്റെ ഭാവി ഞാനിതാ നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്റെ ജീവിതം ഞാൻ നിനക്കായി വച്ചുമാറുന്നു. നിന്റെ ജീവൻ എന്നിലേക്ക് പകർന്നിരിക്കുന്നു. എന്റെ മരണം ഞാൻ നിന്നിലേക്ക് പകർന്നിരിക്കുന്നു. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു. അതാണ് മാമ്മോദീസാ സമയത്ത്, ഓർമ്മയില്ലാത്ത കാലത്ത് തലതൊട്ടപ്പനോ, തലതൊട്ടമ്മയോ നമുക്കുവേണ്ടി പറഞ്ഞത്. അത് നാം അനുഭവമാക്കണം.

*"അപ്പോൾ ബാലൻ ഏഴു പ്രാവശ്യം തുമ്മി കണ്ണു തുറന്നു. അവൻ ഗേഹസിയെ വിളിച്ചു; ശൂനേംകാരത്തിയെ വിളിക്ക എന്നു കല്പിച്ചു; അവൻ അവളെ വിളിച്ചു. അവൾ അവന്റെ അടുക്കൽ വന്നപ്പോൾ അവൻ: നിന്റെ മകനെ എടുത്തു കൊണ്ടു പോയ്ക്കൊൾക എന്നു പറഞ്ഞു. അവൾ അകത്തുചെന്നു അവന്റെ കാല്ക്കൽ സാഷ്ടാംഗം വീണു നമസ്ക്കരിച്ചു തന്റെ മകനെ എടുത്തു കൊണ്ടുപോയി."* *2 രാജാക്കന്മാർ 4 : 36, 37*

ആ ശൂനേംകാരി സ്ത്രീ പുറത്ത് മുട്ടിന്മേൽ നിന്ന് കരയുകയായിരിക്കാം, പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരിക്കാം. പ്രവാചകൻ പുറത്തിറങ്ങി ഗേഹസിയെ വിളിച്ചു. സ്ത്രീയെ വിളിക്കാൻ പറഞ്ഞു. അവൾ വന്നു; Dead body ആയിരുന്ന മകനെ ജീവനോടെ അമ്മയുടെ കൈയിലേക്ക് കൊടുത്തു. സ്തോത്രം. കർത്താവായ യേശുക്രിസ്തു നമുക്ക് ജീവൻ തരുമ്പോൾ അനുഗൃഹീതമായ ഒരു ഉയിർത്തെഴുന്നേൽപ്പ് നമുക്ക് ലഭിക്കും.

പ്രിയപ്പെട്ടവരേ, നിങ്ങളെ കാണുന്നവരെല്ലാം Here is a Holy Man of God! ഇതാ ദൈവത്തിന്റെ വിശുദ്ധപുരുഷൻ! എന്ന് പറയണം. നിങ്ങളുടെ ഓരോ ചലനത്തിലും വിശുദ്ധി, ഹോസ്റ്റൽറൂമിൽ വിശുദ്ധി, നിങ്ങളുടെ കോളേജിൽ വിശുദ്ധി, നിങ്ങളുടെ സ്റ്റാഫ്റൂമിൽ വിശുദ്ധി, നിങ്ങളുടെ കമ്പനിയിൽ

വിശുദ്ധി, നിങ്ങളുടെ പറമ്പിൽ വിശുദ്ധി, നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും വിശുദ്ധി, നിങ്ങളുടെ കൊടുക്കൽ വാങ്ങലുകളിൽ വിശുദ്ധി, നിങ്ങൾ ഏതെല്ലാം രംഗങ്ങളിൽ നിൽക്കുന്നുവോ അവിടെയെല്ലാം വിശുദ്ധിയുള്ളോരു ദൈവ പുരുഷൻ എന്ന് നിങ്ങൾ തെളിയിക്കണം.

നിങ്ങളുടെ അയൽപക്കക്കാർ പറയട്ടെ, നാട്ടിലുള്ളവർ പറയട്ടെ, വീട്ടിലുള്ളവർ പറയട്ടെ, നിങ്ങളുടെ ഭാര്യ പറയട്ടെ, നിങ്ങളുടെ ഭർത്താവ് പറയട്ടെ, നിങ്ങളോടുകൂടെ സഹവാസം ചെയ്യുന്നവർ പറയട്ടെ, 'Here is a Holy Man of God!' ഇതാ വിശുദ്ധിയുള്ളോരു ദൈവപുരുഷൻ! അതാണ് ഏറ്റവും വലിയ സ്വത്ത്. ആ സ്വത്ത് കിട്ടിയാൽ മഹാഭാഗ്യം. ആ സ്വത്ത് നിങ്ങൾ നേടണം.

കർത്താവേ, സൗജന്യമായി നിന്റെ വിശുദ്ധി തരാൻ നീ വന്നിരിക്കുന്നു. നിന്റെ രക്തം എന്റെ സിരകളിലൂടെ ഒഴുക്കാൻ നീ വന്നിരിക്കുന്നു. യേശുവേ, എന്നെ മുഴുവനായി നിനക്ക് തന്നിരിക്കുന്നു. എന്നെക്കാണുന്നവർ വിശുദ്ധിയുള്ളോരു ദൈവപുരുഷൻ എന്ന് പറയത്തക്കവിധം ഞാനൊരു പുതിയ ജീവിതം നയിക്കും. സഹോദരങ്ങളേ, അങ്ങനെ നിങ്ങൾക്കിപ്പോൾ ഒരു തീരുമാനമെടുക്കാൻ പറ്റുമോ?

യേശുക്രിസ്തു നിങ്ങളുടെ അരികിൽ വന്നിട്ടുണ്ട്. യേശു ആശയോടെ നിങ്ങളുടെനേരെ നോക്കുകയാണ്. നിങ്ങളുടെ ഹൃദയം കാണാൻ, നിങ്ങളുടെ തീരുമാനമറിയാൻ യേശു കൗതുകത്തോടെ നോക്കി നിൽക്കയാണ്. സ്വർഗ്ഗം തുറന്നിരിക്കുന്നു. സ്വർഗ്ഗീയഗണങ്ങൾ ഗണംഗണമായി ഇറങ്ങി വരുന്നു. ആറാറ് ചിറകുള്ള സ്രോപ്പേന്മാരും അഗ്നിമയന്മാരായ ക്രോബേന്മാരും വിറയലോടെ ആരാധിക്കുന്നവൻ ഇതാ പാവപ്പെട്ട മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങി വന്നിരിക്കുന്നു.

സ്വർഗ്ഗീയസേനകൾ ആഘോഷത്തോടെ, ആരവാരത്തോടെ ആരാധിക്കുന്നവൻ നമ്മുടെ ഇടയിലേക്ക് വന്നിരിക്കുന്നു.

അവൻ നിങ്ങളുടെ അടുക്കൽ വന്ന് കെഞ്ചുന്ന സമയമാണ്. ഇന്ന് അവൻ കരുണയോടെ യാചിക്കുന്നവനായി നിൽക്കുന്നു. എന്നാൽ നാളെ അവൻ ന്യായാസനത്തിലിരിക്കും. ന്യായം വിധിക്കുന്ന ന്യായാധിപതിയായി വരും.

ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരാനിരിക്കുന്നവൻ വരും. അവൻ വരുമ്പോൾ നിങ്ങൾ ഉപേക്ഷിക്കപ്പെടരുത്. യേശു വീണ്ടും വരുമ്പോൾ നിങ്ങൾ ഓരോരുത്തരും മണവറ യിലേക്ക് പ്രവേശിക്കേണ്ടവരാണ്. നിങ്ങളെല്ലാവരും യേശുവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടേണ്ടവരാണ്.

സ്നേഹിതരേ, യേശു നിങ്ങളെ ഓമനപ്പേർ ചൊല്ലി വിളിക്കുന്നു. യേശു നിങ്ങളെ സ്നേഹിക്കുന്നു. കഴിഞ്ഞതെല്ലാം മറക്കാമെന്ന് പറയുന്നു. കഴിഞ്ഞതെല്ലാം പൊറുക്കാമെന്നും ക്ഷമിക്കാമെന്നും പറയുന്നു. ഇന്ന് സ്നേഹത്തിന്റെ ജീവജലം നമ്മുടെമേൽ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഈ സമയം നഷ്ടമാക്കിക്കളയാതെ ഇപ്പോൾതന്നെ നിങ്ങളുടെ ഉള്ളം തുറക്കുക. പാപങ്ങളുടെ ശിക്ഷയെല്ലാം യേശു ഏറ്റുവാങ്ങി എന്ന ഉറപ്പോടെ യേശുവിന്റെ ഒരു വിശുദ്ധനായ ദൈവ പുരുഷനാക്കി എന്ന ഉറപ്പോടെ, ഒരു ശുദ്ധിമതിയാക്കി എന്നെ മാറ്റി എന്ന ഉറപ്പോടെ നമുക്ക് യേശുവിന്റെ കരങ്ങളിൽ പിടിക്കാം. യേശുവിനോട് വാക്കു പറയാം.

യേശുവേ, ഞാനും എനിക്കുള്ള സകലതും നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്നെ കൈക്കൊള്ളണമേ. എന്റെ ഹൃദയത്തിലേക്ക് ഇറങ്ങിവരണമേ. എന്റെ നാഥനും എന്റെ കർത്താവും എന്റെ ഉടമസ്ഥനുമായി നീയെന്റെ ഹൃദയത്തിൽ വാഴണമേ.

## അഞ്ച്

*"അവൾ തന്റെ ഭർത്താവിനോട്: നമ്മുടെ വഴി യായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു."* *2 രാജാക്കന്മാർ 4 : 9*

വിശുദ്ധനായോരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു എന്നാണ് എലീശാപ്രവാചകനെക്കുറിച്ച് ശൂനേംകാരിസ്ത്രീ പറഞ്ഞത്. എന്തോ ചില പ്രത്യേകതകൾ ഉണ്ട്. നമ്മളിൽനിന്നും പുറപ്പെടുന്ന സംസാരങ്ങളും പ്രവൃത്തികളും ഭാവങ്ങളും എല്ലാ മെല്ലാം "വിശുദ്ധനായോരു ദൈവപുരുഷൻ" എന്ന് മറ്റുള്ളവ രിൽ മതിപ്പു വരത്തക്കവിധത്തിലുള്ളതായിരിക്കണം. അതാണ് സാക്ഷ്യം. ജീവിതമാണ് സാക്ഷ്യം.

ജീവിതസാക്ഷ്യമുള്ളവരിൽ പാപം വന്നുപോയാൽ ലജ്ജിതരായിപ്പോകും. അതുകൊണ്ടാണ് പിതാക്കന്മാർ പാടി യത്, നിൻ സാക്ഷിയെ ലജ്ജിതനാക്കരുതേ എന്ന്.

മന്നവനേ മശിഹാ!
സതതം തവകരുണാ–
വാതിലിൽ മുട്ടുന്നേൻ
ധനികാ നിൻ നിധി നിലയത്തീ–
ന്നേകണമേ കൃപയും വാഴ്‌വും
നീയെൻ ഗതി തുണ ചെയ്യുക നിൻ
സാക്ഷിയെ ലജ്ജിതനാക്കരുതേ
ശരണവുമെ–ന്നാശ്രയവും നീയേ

മറ്റുള്ളവർ, ഇവനാണോ കൂട്ടായ്മക്കാരൻ? ഇവനാണോ ആ പ്രാർത്ഥനയ്ക്ക് പോകുന്നത്? എന്ന് നമ്മെ നോക്കി പറഞ്ഞാൽ, നമ്മെ മാത്രമല്ല നാം നിൽക്കുന്ന കൂട്ടായ്മയെയും അപമാനിക്കും. ക്രിസ്തുവിന് ലോകാപവാദം വരുത്തും. നാം വലിയോരു സത്യം കണ്ടെത്തി. ആ സത്യത്തിൽ തുടർന്ന് നിൽക്കുന്നില്ലെങ്കിൽ നമുക്ക് കിട്ടിയ പ്രകാശം നഷ്ടപ്പെടും. ഒരിക്കൽ പ്രകാശം ലഭിച്ചതാണ്. പക്ഷേ പ്രകാശം നഷ്ടപ്പെടും.

*"ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല."* *എബ്രായർ 6 : 4 – 6*

ക്രൂശിലെ സ്നേഹത്തിന്റെ വശീകരണശക്തി നിങ്ങളെ തൊടുന്നതുകൊണ്ടാണ് നിങ്ങൾക്ക് വീണ്ടും വീണ്ടും വചനം കേൾക്കാൻ ആഗ്രഹമുണ്ടാകുന്നത്. എന്നാൽ നിങ്ങൾ ചിന്തിക്കേണ്ട കാര്യം, ഒരിക്കൽ എനിക്ക് പ്രകാശം ലഭിച്ചു. സ്വർഗ്ഗീയദാനം അനുഭവിച്ചു. പരിശുദ്ധാത്മാവിനെ പ്രാപിച്ചു. നിത്യസ്വർഗ്ഗത്തിന്റെ സൗഭാഗ്യം എന്തെന്ന് അനുഭവിക്കാൻ കഴിഞ്ഞു. അങ്ങനെ വചനത്തിന്റെ മാധുര്യവും വരുവാനിരിക്കുന്ന ലോകത്തിന്റെ ശക്തിയും ആസ്വദിച്ച ഞാൻ ഇന്ന് പിന്മാറിയാണോ നിൽക്കുന്നത്? എനിക്ക് എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടോ?

നിത്യനായ ദൈവം എന്നെ നോക്കി പ്രസാദിക്കുമോ? ദൈവത്തോട് അടുക്കുന്നതിന് തടസ്സമായി എന്റെ ജീവിതത്തിൽ പാപങ്ങൾ എന്തെങ്കിലുമുണ്ടോ? മോഹത്തോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി.

കോപിക്കുന്നവൻ കൊലപാതകം ചെയ്തുപോയി. ഇങ്ങനെ ആഴത്തിൽ നമ്മെത്തന്നെ ശോധനചെയ്ത് കഴുകൽ പ്രാപിക്കുന്നതാണ് ക്രിസ്തീയജീവിതം. ഒറ്റദിവസംകൊണ്ട് എല്ലാം കണ്ടുപിടിക്കാൻ സാധിക്കില്ല.

ഓരോന്നോരോന്നായി കണ്ടുപിടിച്ച്, കർത്താവേ, ഇത് എന്റെ രക്തത്തിൽ അലിഞ്ഞ് കിടക്കുകയാണല്ലോ. ഈ മാലിന്യം എന്റെ സ്വഭാവത്തിലുണ്ടല്ലോ. പ്രവൃത്തിയിൽ വന്നില്ലെങ്കിലും എന്റെ സ്വഭാവത്തിൽ ഒരു ഞാനുണ്ടല്ലോ. എന്റെ ഇഷ്ടം, എന്റെ അഭിപ്രായം നടക്കണം, അല്ലെങ്കിൽ ഉള്ളിലൊരു പുകച്ചിലാണ്. എന്റെ വാക്ക്, എന്റെ അഭിപ്രായം, എന്റെ ആത്മീയം, എന്റെ ശരി, അതിൽ പിടിച്ചു നിൽക്കയാണ്. അതുകൊണ്ടാണ് കോപം വരുന്നത്. അതുകൊണ്ടാണ് വൈരാഗ്യം വരുന്നത്. അതെല്ലാം ഈ സ്വയത്തിൽ നിന്നാണ്. എന്റെ ജീവിതത്തിൽ ഇത് എത്രമാത്രമുണ്ട്?

പാപത്തിന്റെ വികാരം വരുന്നില്ലെങ്കിലും പാപത്തിന്റെ മനോഭാവം എന്നിലുണ്ട് എന്ന് കണ്ടെത്തുക. ഒരുപക്ഷേ പുറമേ മോഹത്തോടെ നോക്കുന്നില്ല എന്നിരിക്കട്ടെ. എങ്കിൽപ്പോലും അകത്ത് അശുദ്ധിയുണ്ട് എന്ന് നമ്മുടെ ഓരോ ഭാവങ്ങളിലൂടെ അവനവൻ കണ്ടെത്തണം. അങ്ങനെ നാം നമ്മിലേക്ക്തന്നെ നോക്കുമ്പോഴാണ് മനസ്സിലാകുന്നത്, അയ്യോ! ഞാനീ സ്ഥിതിയിലാണെങ്കിൽ ഇന്ന് ഞാൻ കടന്ന് പോയാൽ എന്താകും? ന്യായവിധിയെ ഞാൻ എങ്ങനെ നേരിടും? ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ ഒരു ദിവസം ഞാൻ നിൽക്കേണ്ടിവരുമല്ലോ? വചനം കേട്ടവരും വചനം കേൾക്കാത്തവരും എല്ലാവരും ആ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും സംശയമില്ല. ഏതു മുഴങ്കാലും അവിടെ മടങ്ങും, സംശയമില്ല.

ഇന്ന് നമുക്ക് കഴിവുണ്ട്, സാമർത്ഥ്യമുണ്ട്, മികവുണ്ട്, തികവുണ്ട്, ഓരോ തരത്തിലുള്ള കഴിവുകൾ ഓരോരുത്തർക്കും ഉണ്ട്. എന്നാൽ എന്തെല്ലാം ഉണ്ടെങ്കിലും അതെല്ലാം നിർജ്ജീവ

മായിപ്പോകില്ലേ? നമ്മുടെ ഓരോരുത്തരുടേയും തലച്ചോറിൽ എന്തെല്ലാം ജ്ഞാനമാണുള്ളത്! ആത്മീയമായതും അല്ലാത്തവയും. പക്ഷേ ഈ ആളങ്ങ് മരിച്ചാൽ ആ അറിവെല്ലാം നിർജ്ജീവമായി. പിന്നെ ഒന്നും പുറത്തേക്ക് കിട്ടില്ല.

വിശുദ്ധനായ ദൈവപുരുഷനാകണമെങ്കിൽ നാം കാത്തിരിക്കണം. എങ്ങനെയെല്ലാമാണ് കാത്തിരിക്കേണ്ടത്?

*1. "യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും."* *യെശയ്യാവ് 40 : 31*

*2. നിലവിളിച്ചുകൊണ്ട് കാത്തിരിക്കണം*

*"ഞാൻ യഹോവെക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്ക് ചാഞ്ഞ്, എന്റെ നിലവിളികേട്ടു. നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നെ; പലരും അതുകണ്ടു ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും."*

*സങ്കീർത്തനം 40 : 1 – 3*

നിലവിളിച്ചുകൊണ്ട് കാത്തുകാത്തിരുന്നു. ആഴമുള്ള കുഴിയിലേക്ക് താണുതാണ് പോകുമ്പോൾ കാത്തിരുന്ന് നിലവിളിക്കുക. അപ്പോൾ പാപത്തിന്റെ ചെളിക്കുഴിയിൽ നിന്നും ദൈവം നമ്മെ കോരിയെടുക്കും. മദ്യപാനത്തിന്റെ ഭീകരമായ ബന്ധനത്തിൽ നിന്നും വൈരാഗ്യത്തിന്റെ ബന്ധനത്തിൽ നിന്നും പകയുടേയും വിദ്വേഷത്തിന്റേയും ബന്ധനത്തിൽ നിന്നും ദൈവം നമ്മെ വിടുവിക്കും. നമ്മുടെ ഹൃദയത്തിലുണ്ടായ ഈർഷ്യയും മുഷിച്ചിലും കർത്താവ് മാറ്റിത്തരുന്നു. ആഴമുള്ള ചേറാണ്. പക്ഷേ അവിടെ നിന്നും കർത്താവ് പൊക്കിയെടുത്തു. ക്രിസ്തു തന്റെ വചനത്താൽ നമ്മെ നിരന്തരം കഴുകി തന്റെ രക്തത്താൽ നമ്മെ ശുദ്ധീകരിച്ചു. തന്റെ

പരിശുദ്ധാത്മാവിനാൽ നമ്മെ നവീകരിച്ചു.

1. കാത്തിരുന്ന് ശക്തിപ്രാപിക്കുക.
2. കാത്തിരുന്ന് ആഴമുള്ള കുഴിയിൽനിന്നും കരകയറുക.
3. കാത്തിരിക്കുന്നവർക്കുവേണ്ടി കർത്താവ് വീണ്ടും പ്രത്യക്ഷനാകും.

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാണ്.

*"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും." എബ്രായർ 9 : 27, 28*

ആർക്കും അതിൽനിന്നും ഒഴികഴിവില്ല. എത്ര ഭക്തനായ മനുഷ്യനും ചെന്ന് നിൽക്കേണ്ടിവരും; എത്ര പണ്ഡിതനായാലും ചെന്ന് നിൽക്കേണ്ടിവരും. കാരണം, തിരുവചനം പറയുന്നു:

*"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."*

*1 പത്രോസ് 1 : 17*

ഈ ഭൂമിയിലെ ജീവിതം ഭയത്തോടെ കഴിക്കണം. കാരണം, പിന്നീട് ന്യായവിധിയെ അഭിമുഖീകരിയ്ക്കാൻ പോകയാണ്. ന്യായവിധിയെ അഭിമുഖീകരിക്കുമ്പോൾ ദൈവത്തിന് മുഖപക്ഷമില്ല. ഇത്രയുംനാൾ സുവിശേഷം പറഞ്ഞതല്ലേ, ഇത്രയുംനാൾ counselling കൊടുത്ത് ആളുകളെ നല്ലതി

ലേക്ക് നയിച്ചയാളല്ലേ, ഇത്രയുംനാൾ sunday school പഠിപ്പിച്ച യാളല്ലേ, ഇത്രയുംനാൾ കുർബ്ബാന ചൊല്ലിയ ആളല്ലേ, ഇല്ല, മുഖപക്ഷമില്ല!

പ്രിയമുള്ളവരേ, നാം ഉയർത്തിപ്പിടിക്കുന്നത് വിശുദ്ധി യുടെ ദീപശിഖയാണ്. നാം ഉയർത്തിപ്പിടിക്കുന്നത് കർത്താ വായ യേശുവിനെയാണ്. നാം ഉയർത്തിപ്പിടിക്കുന്നത് ജയ മുള്ള സ്ലീബായാണ്. നാം ഉയർത്തിപ്പിടിക്കുന്നത് വിശുദ്ധജീവി തമാണ്. അതിന് നിങ്ങൾക്ക് പരിപാടിയുണ്ടോ? നിങ്ങൾ വിശ്വ സിക്കൂ, നിങ്ങളെ ആ സ്ഥാനത്ത് ദൈവം എത്തിക്കും.

ഇതുവരെ എന്തെല്ലാം പാകപ്പിഴകൾ വന്നിട്ടുണ്ടോ, എന്തെല്ലാം തെറ്റുകൾ സംഭവിച്ചിട്ടുണ്ടോ, എല്ലാം ക്ഷമിച്ച്, പൊറുത്ത് മുഴുവനായി കഴുകി എല്ലാം മായിച്ചു കളയുവാൻ കർത്താവ് സന്നദ്ധനാണ്. കർത്താവിന്റെ തിരുരക്തം വീഴു മ്പോൾ പാപങ്ങളെല്ലാം മാഞ്ഞുപോകും. നാമാരും തികഞ്ഞവ രല്ല. നമുക്കാർക്കും അഭിമാനിക്കാൻ വകയൊന്നുമില്ല. പൂർവ്വിക പാരമ്പര്യവുമില്ല. പക്ഷേ ഒന്നുണ്ട്, ഭാഗ്യവശാൽ ക്രിസ്തു നമ്മെ സ്നേഹിച്ചു.

ചിലപ്പോൾ മനസ്സ് വരണ്ട് വിഷമിച്ചിരിക്കുമ്പോൾ പ്രാർത്ഥനാമുറിയിലിരുന്ന് ഞാൻ പറയും: കർത്താവേ, നിന ക്കെന്നെ വലിയ സ്നേഹമാണ്. അങ്ങനെ പറയുമ്പോൾ ഉടനെ ആത്മാവിന്റെ ആ സ്നേഹം വന്ന് എന്റെ ശരീരത്തിലേക്ക് പക രുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്.

എനിക്കാരുമില്ലല്ലോ എന്ന് ചിന്തിക്കുന്ന അനേകർ ഇത് വായിക്കുന്നില്ലേ? എന്റെ ഭാര്യക്ക് എന്നെ സ്നേഹമില്ല; എന്റെ കഴിവ്, ബുദ്ധി, പണം ഒന്നിലും അവൾക്ക് മതിപ്പില്ല. എന്റെ ഭർത്താവിന് എന്നെ ഒരു വിലയുമില്ല. എന്റെ ആരോഗ്യത്തി ലോ സൗന്ദര്യത്തിലോ എന്റെ നിറത്തിലോ എന്റെ ശരീരത്തിലോ എന്റെ ബുദ്ധിയിലോ എന്റെ വിദ്യാഭ്യാസത്തിലോ ഒരു മതിപ്പുമില്ല. ഞാനാർക്കും വേണ്ടാതായിപ്പോയല്ലോ. ഇങ്ങനെ

വലയുന്ന നിങ്ങൾ പറയണം: കർത്താവേ, നീ എന്നെ അധിക മായി സ്നേഹിക്കുന്നു. എന്റെ ഭർത്താവെന്നെ സ്നേഹിച്ചില്ലെ ങ്കിലും യേശുനാഥാ, നീ എന്നെ സ്നേഹിക്കുന്നു.

എനിക്ക് അപ്പനില്ലെങ്കിലും യേശുവേ, നീ എന്നെ സ്നേഹിക്കുന്നു. എന്റെ ഭാര്യ മരിച്ചുപോയെങ്കിലും എന്റെ ഭർത്താവ് കടന്നുപോയെങ്കിലും ഞാൻ ഒറ്റപ്പെട്ടുപോയെ ങ്കിലും എന്റെ കർത്താവേ, നീ എന്നെ സ്നേഹിക്കുന്നു. യേശുവേ, നിനക്കെന്നോട് സ്നേഹമാണ്. കർത്താവേ, നീ എന്റെ നന്മ മാത്രമേ ആഗ്രഹിക്കുന്നുള്ളൂ. ഞാനിത് വിശ്വസി ക്കുന്നു. നിങ്ങളിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുക. അപ്പോൾ കൃപ നിങ്ങളിലേക്ക് പകരുന്നത് നിങ്ങൾക്കനുഭവിക്കാം.

എന്തെല്ലാം പ്രതിസന്ധികൾ വന്നാലും നിങ്ങൾ ഭാരപ്പെ ടാതെ കർത്താവിങ്കലേക്ക് ഏൽപ്പിക്കുക. കാരണം, നിങ്ങളുടെ ജീവിതത്തിൽ ഒരു ദിവസം ന്യായവിധിയെ അഭിമുഖീകരിക്കേ ണ്ടിവരും. നിങ്ങൾ ഒറ്റയ്ക്ക് ചെന്ന് നിൽക്കേണ്ടിവരും. ആർക്കും സഹായിക്കാൻ സാദ്ധ്യമല്ല. എനിക്കറിഞ്ഞുകൂടായി രുന്നു, ഞാൻ കേട്ടില്ല എന്നു പറഞ്ഞിട്ട് കാര്യമില്ല. യേശു ക്രിസ്തു നിങ്ങൾക്കറിയാനുള്ള മാർഗ്ഗമെല്ലാം തന്നിട്ടുണ്ട്. ഒരു ദിവസം ന്യായവിധിയെ നേരിടും. “ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.”

വലത്തും ഇടത്തുമായി തിരിയും. നെല്ലും പതിരും തിരി യുന്ന ഒരു ദിവസമുണ്ട്. കളയും നെല്ലും തിരിയുന്ന ഒരു ദിവ സമുണ്ട്. സത്യമായും രണ്ടും രണ്ടായി തിരിയും. അവിടെ ഭാര്യയ്ക്ക് ഭർത്താവിനെ താങ്ങാൻ പറ്റുകയില്ല. ഇന്ന് ഭർത്താവ് ഒരു പ്രതിസന്ധിയിലായാൽ ഭാര്യയും ഭാര്യ പ്രതിസ ന്ധിയിലായാൽ ഭർത്താവും ഓടിവന്ന് സഹായിക്കും. പക്ഷേ അവിടെ സഹായിക്കാൻ പറ്റുകയില്ല. ആർക്കും ഒന്നും ചെയ്യാൻ പറ്റുകയില്ല.

നമ്മുടെ കുഞ്ഞുങ്ങൾക്ക് ഒരു പ്രയാസം വന്നാൽ നാം

ഓടിച്ചെന്ന് സഹായിക്കും. അവരെ എടുക്കും. ഓമനിക്കും. അവരുടെ പരുക്കുകൾ നാം തലോടും. നാം അവരെ സ്നേഹിക്കുന്നു. പക്ഷേ അവിടെ മക്കൾ എരിപൊരി കൊള്ളുമ്പോൾ അപ്പനോ അമ്മയോ സങ്കടത്തോടെ നോക്കിനില്ക്കേണ്ടിവരും. മക്കൾ ഭീകരമായ നരകാഗ്നിയിലേക്ക് പോകുമ്പോൾ കണ്ണീരോടെ നോക്കിനില്ക്കേണ്ടിവരും. ഭർത്താവ് എരിതീയിൽ കിടന്ന് ഞരങ്ങുമ്പോൾ, 'അയ്യോ!' എന്ന് ആക്രോശിച്ച് നിലവിളിക്കുമ്പോൾ ഭാര്യക്ക് ഒന്നും ചെയ്യാൻ സാധിക്കയില്ല. സങ്കടത്തോടെ നോക്കിനിൽക്കേണ്ടിവരും. ഒരിക്കൽ മരണം, പിന്നെ ന്യായവിധി എന്നത് സുനിശ്ചിതമാണ്.

നമുക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം പാപമോചനമാണ്. പലരും പറയും: സാറേ, കടമൊന്ന് മാറിയാൽ ഭാഗ്യമായിരുന്നു. ഇല്ല മോനേ, സമാധാനമാകില്ല. നിന്റെ പാപം നിന്റെ അകത്തിരുന്ന് പുഴുകടിക്കുന്നതുപോലെ കടിച്ചുകൊണ്ടിരിക്കും. പിശാച് നിന്റെ പിന്നാലെ നിന്ന് നിന്നെ വലിച്ചുകൊണ്ടിരിക്കും. സാത്താൻ നിന്നെ അലട്ടിക്കൊണ്ടിരിക്കും; നിനക്ക് സ്വസ്ഥമായി ഉറങ്ങാൻ സാധിക്കയില്ല.

മകളേ, നിനക്ക് പാപമോചനം ലഭിച്ചില്ലെങ്കിൽ നീ നിർഭാഗ്യവതിയാണ്. നല്ല ഭർത്താവിനെ കിട്ടിയാലും നല്ല വിവാഹബന്ധം കിട്ടിയാലും നല്ല ബുദ്ധിയുള്ള കുഞ്ഞുങ്ങളെ കിട്ടിയാലും നല്ല മനോഹരമായ വീട് കിട്ടിയാലും, ഈ ലോകത്ത് എന്തെല്ലാം കിട്ടിയാലും നിനക്ക് സമാധാനം കിട്ടുകയില്ല. സമാധാനം കിട്ടണമെങ്കിൽ നിന്റെ ഹൃദയത്തിലെ പാപം കഴുകപ്പെടണം. പാപമോചനം നേടുക. ഒരിക്കൽ മരണമുണ്ട്, പിന്നെ ന്യായവിധിയുണ്ട്.

ന്യായവിധിയിൽ വലത്തും ഇടത്തുമായി രണ്ടായി തിരിയും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" എന്ന് വലത്തുള്ളവരോട് അരുളിച്ചെയ്യും. ഇടത്തുള്ളവരോട്: "ശപിക്കപ്പെട്ടവ

രേ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നരകാഗ്നിയിലേക്ക് പോകുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." ഒരു ദിവസം നാം ഇത് നേരിട്ടു കാണും. പിന്നെ തിരിയാൻ ഒക്കുകയില്ല. പിന്നെ അനുതപിക്കാൻ ഒക്കുകയില്ല. ഇപ്പോഴാകുന്നു രക്ഷാദിവസം, ഇപ്പോൾത്തന്നെ സുപ്രസാദകാലം. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ, ക്രിസ്തു അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു.

ക്രൂശിൻ ചുവട്ടിൽ നിങ്ങൾക്ക് ശാന്തി കിട്ടും. അവിടെ സമാധാനമുണ്ട്. ഓരോ ദിവസം ചെല്ലുന്തോറും സമർപ്പണം ആഴത്തിലാക്കുക. കർത്താവേ, എനിക്ക് ഇനി എന്റെമേൽ അവകാശമില്ല. എന്റെ ആയുസ്സിന്റെമേൽ, എന്റെ ശരീരത്തിന്മേൽ, എന്റെ ബുദ്ധിയുടെമേൽ എനിക്കിനി അവകാശമില്ല. അത് നിനക്ക് തന്നിരിക്കുന്നു. കാരണം, നീ എന്നെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു.

എന്റെ സ്വത്ത്, എന്റെ കുടുംബം, എന്റെ ഭാര്യ, മക്കൾ, മക്കളുടെ മക്കൾ എല്ലാം നീ വിലകൊടുത്ത് വാങ്ങിയിരിക്കുന്നുവല്ലോ. എന്റേതെന്ന് ഞാൻ അവകാശം പറയുകയില്ല. എല്ലാം നിനക്ക് ഞാൻ കൈമാറിയിരിക്കുന്നു. ഇങ്ങനെ ഒരു സമർപ്പണത്തിലേക്ക് നിങ്ങൾക്ക് വരാമോ?

യേശു നിങ്ങളെ സ്നേഹിക്കുന്നുണ്ട്. നിങ്ങളുടെ സങ്കടം യേശു അറിയുന്നുണ്ട്. നിങ്ങളുടെ രോഗം യേശു അറിയുന്നുണ്ട്. നിങ്ങളുടെ കുടുംബത്തിലെ ക്ലേശം, ജീവിതത്തിലെ ബുദ്ധിമുട്ടുകൾ, നിങ്ങളുടെ സ്വൈരക്കേടുകൾ, നിങ്ങൾ വലയുന്ന വിഷയങ്ങൾ, നിങ്ങളുടെ ആശങ്കകൾ, നിങ്ങളുടെ ഭയപ്പാടുകൾ, എല്ലാം കർത്താവ് അറിയുന്നുണ്ട്.

നാളെയെക്കുറിച്ചുള്ള ആവലാതികൾ, അനേകമനേകം കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് വേവലാതിപൂണ്ടിരിക്കുന്നത്

കർത്താവ് കാണുന്നുണ്ട്. മകനേ, യേശു പറയുന്നു. നീ എല്ലാം ഇങ്ങോട്ട് തരിക. ഒന്നും നീ ചുമക്കണ്ട. ഞാൻ ചുമന്നുകൊള്ളാം. വിഴുപ്പുകെട്ട് ചുമന്നു നടന്നവനെ, അശുദ്ധിചുമന്നു നടന്നവനെ, അഴുക്ക് ഭാണ്ഡം ചുമന്ന് നടന്നവനെ, അശുദ്ധ കൂട്ടുകെട്ടിൽ നടന്നവനെ, തിന്മയിൽ ജീവിച്ചവളെ, നീ അതെല്ലാം ഇന്ന് വിട്ടുകളഞ്ഞിട്ട് എന്നെ ചുമലിൽ ഏറ്റുക. എന്നെ നീ ക്ഷണിക്കുക. എന്നെ നീ സ്വീകരിക്കുക. നീ എളിമയോടെ തല താഴ്ത്തി നിന്നാൽ ഞാൻ നിന്റെ മേൽ വാഹനമേറാം. നിന്നിൽ വാഹനമേറിക്കൊണ്ട് എനിക്ക് ചില ശുശ്രൂഷകൾ നിവർത്തിക്കാനുണ്ട്.

യേശുവിനോട് നിങ്ങൾ വാക്കുപറയുക. എന്റെ യേശുവേ, ഞാനും എനിക്കുള്ളതെല്ലാം ഇന്നുമുതൽ യേശുവിന്റേത്. യേശുവേ, എന്റെ ഹൃദയത്തിലേക്ക് വരണമേ. എന്റെ ചുമലിലേക്ക് വരണമേ. എന്റെ ശിരസ്സിലേക്ക് വരണമേ. എന്റെ സിരകളിലേക്ക് വരണമേ. യേശുവിന്റെ തിരുരക്തത്തിന്റെ അത്ഭുത ശക്തി, യേശുവിന്റെ ജീവജ്ജ്വാല നിങ്ങളുടെ സിരകളിലൂടെ ഒഴുകട്ടെ. പരിശുദ്ധാത്മാവിന്റെ അഗ്നി നിങ്ങളുടെ സിരകളിലൂടെ ഒഴുകട്ടെ. ആളത്വം മുഴുവനും രൂപാന്തരപ്പെട്ട് നിങ്ങൾ വിശുദ്ധരായിത്തീരട്ടെ!

# ആറ്

*"യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും."*

*യെശയ്യാവ് 40 : 31*

'വിശുദ്ധനായ ദൈവപുരുഷൻ' ആയിത്തീരണമെങ്കിൽ,

1. കാത്തിരുന്ന് ശക്തി പ്രാപിക്കണം.
2. കാത്തിരുന്ന് ആഴമുള്ള കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും കരകയറണം.
3. കാത്തിരുന്ന് അവന്റെ രണ്ടാമത്തെ വരവിൽ അവനെ എതിരേൽപ്പാനായി ഒരുങ്ങണം.
4. "നിങ്ങൾ യരൂശലേമിൽ നിന്നും വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം."

പിതാവിന്റെ വാഗ്ദത്തം പരിശുദ്ധാത്മാവാണ്. ഞാൻ പോകുന്നത് നിങ്ങൾക്ക് നല്ലത്. ഞാൻ പോയാൽ കാര്യസ്ഥനെ നിങ്ങൾക്ക് അയച്ചുതരും. പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തത്തിനായി കാത്തിരിക്കണം.

എന്തിനാണ് കാത്തിരുന്ന് ആത്മാവിനെ പ്രാപിക്കുന്നത്? "നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നു പോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്ന് ഞാൻ കാണുന്നു." കൂടെക്കൂടെ കാണുമ്പോൾ ഒരാളെക്കുറിച്ചുള്ള വിലകുറഞ്ഞു

പോകും, പരിഗണന കുറഞ്ഞുപോകും. വല്ലപ്പോഴും കാണുകയാണെങ്കിൽ ഒരു മതിപ്പും ബഹുമാനവും കാണും. കൂടെക്കൂടെ കാണുമ്പോൾ വിലകുറഞ്ഞു പോകുന്നത് സ്വാഭാവികമാണ്.

പക്ഷേ, ഇവിടെ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ച്, പരിശുദ്ധാത്മാവിന്റെ തേജസ്സോടെ ഏലീശാപ്രവാചകൻ കടന്നുപോയ്ക്കൊണ്ടിരുന്നപ്പോൾ, കൂടെക്കൂടെ കണ്ടിരുന്ന ശൂനേംകാരി സ്ത്രീക്ക് തോന്നി 'ഇയാൾ വിശുദ്ധനായൊരു ദൈവപുരുഷൻ' എന്ന്.

എന്നുമെന്നും കാണുമ്പോൾ, അടുത്തറിയുമ്പോൾ നമ്മെക്കുറിച്ചുള്ള മതിപ്പ് കൂടുന്നുവോ കുറയുന്നുവോ? പല പല പ്രവർത്തനരംഗങ്ങളിൽ, ജീവിതമേഖലകളിൽ, ദൈനംദിന കാര്യങ്ങളിൽ കൂടെക്കൂടെ ഇടപഴകേണ്ടി വരുമ്പോൾ നമുക്കൊരാളെക്കുറിച്ച് മതിപ്പ് കുറയുകയാണോ, കൂടുകയാണോ? സ്വാഭാവികമായിട്ട് കുറയുകയാണ് പതിവ്. പക്ഷെ ഇവിടെ ദൈവത്തിന്റെ ആത്മാവുള്ള ദൈവദാസനെ കൂടെക്കൂടെ കണ്ടപ്പോൾ മതിപ്പ് വർദ്ധിച്ചു. വിശുദ്ധനായോരു ദൈവപുരുഷൻ എന്ന് കാണുന്നവർക്കെല്ലാം തോന്നത്തക്കവണ്ണം എലീശാ പരിശുദ്ധാത്മാവിൽ നിറഞ്ഞുനിന്നിരുന്നു.

ആർക്കും സ്വന്തമായി വിശുദ്ധനാകാൻ സാധിക്കുകയില്ല. കുറെ പ്രവൃത്തികളിൽ മാറ്റം വരുത്തി, വാക്കുകളിൽ മാറ്റം വരുത്തി, ബുദ്ധിപൂർവ്വം ക്രമീകരിച്ച് ആർക്കും വിശുദ്ധൻ എന്ന സ്ഥിതിയിലേക്ക് വരുവാൻ സാധിക്കുകയില്ല. വിശുദ്ധനാകാൻ സാധിക്കണമെങ്കിൽ പരിശുദ്ധാത്മാവ് വരണം. പരിശുദ്ധാത്മാവിന് മാത്രമേ നമ്മെ വിശുദ്ധനാക്കാൻ പറ്റുകയുള്ളൂ.

നാം ഓരോരുത്തരും വിശുദ്ധരാകണം. ഈ നിലവാരം സാധാരണക്കാരായവർക്ക് പറ്റുമോ? ഇതാണ് ചിലരുടെ ചിന്ത. കുടുംബകാര്യങ്ങളും ജോലിയും കുഞ്ഞുങ്ങളും കഷ്ടപ്പാടും

ഞെരുക്കങ്ങളും ജീവിതത്തിലെ പലപല ദുരിതങ്ങളും വ്യാകുലങ്ങളുമായി ബുദ്ധിമുട്ടി കഴിയുന്ന മനുഷ്യന് ഇതു സാധിക്കുമോ?

ഒരുവിധം മാന്യമായിട്ട്, പ്രകടമായ പാപം കൂടാതെ, കഴിയുന്നിടത്തോളം ഉപകാരം ചെയ്ത് ജീവിക്കാം. സാധിക്കുന്നിടത്തോളം പ്രാർത്ഥിക്കുക, വേദപുസ്തകം വായിക്കുക, കൂട്ടായ്മയിൽ പോകുക. സാധാരണരീതിയിൽ കഴിയുന്നതെല്ലാം ചെയ്യാം. അതിനപ്പുറത്തേക്ക് സാധിക്കുമോ എന്നാണ് പലരും ചിന്തിക്കുന്നത്.

കാലങ്ങൾ വളരെവേഗം കഴിഞ്ഞു കഴിഞ്ഞു പോകുന്നു. വർഷങ്ങൾ പെട്ടെന്ന് കൊഴിഞ്ഞുപോകുകയാണ്. ഒരുദിവസം കണ്ണടച്ച് തുറക്കുന്നതിനിടയിൽ നാം അക്കരയ്ക്ക് യാത്രയായിക്കഴിയും. പിന്നെ ഈ ആഴമേറിയ സമർപ്പണം എന്നാണ് കിട്ടാൻ പോകുന്നത്? ഇന്ന് നാം കിടക്കുന്ന കട്ടിൽ നാമില്ലാതെ ശൂന്യമാകും. ഇന്ന് നാമിരിക്കുന്ന മേശ നാമില്ലാതെ ശൂന്യമാകും. ഇന്ന് ഞാൻ വായിക്കുന്ന വേദപുസ്തകം അതിന് നാഥനില്ലാതെ എന്റെ മേശപ്പുറത്ത് ഇരിക്കുന്നുണ്ടാകും. മനുഷ്യജീവിതം ഇത്രയുമേയുള്ളൂ.

> “ക്ഷണമോരോന്ന് പോകവേ ക്ഷയിച്ചിടുന്നു ജീവിതം
> ഗുണമസംഖ്യമാളുകൾക്കു ചെയ്തിടേണ്ടതുണ്ടിവൻ
> ഉണർവ്വോടെന്നും എൻ പ്രവൃത്തി
> സമയനിഷ്ഠയോടു ഞാൻ
> അണുവിടാതെ ചെയ്യുവാൻ അനുഗ്രഹിക്ക ദൈവമെ!”

ഓരോ നിമിഷം കഴിയുന്തോറും ജീവിതം ക്ഷയിക്കയാണ്. കർത്താവിന് വേണ്ടി മുഴുവനായി സമർപ്പിക്കപ്പെടുവാൻ ഇനി എന്നാണ് അവസരം.

എന്റേത് ഇനി ഒന്നുമില്ല. എന്റെ സമയമില്ല. എന്റെ ഈ ശരീരം ഇനി എന്റെയല്ല. എന്റെ കഴിവ്, എന്റെ അറിവ്, എന്റെ വിദ്യാഭ്യാസം, എന്റെ വരുമാനം, എന്റെ കുടുംബം, എന്റെ

വീട്, എന്റെ ഭാര്യ, എന്റെ മക്കൾ ഇതൊന്നും എന്റേതല്ല. പറയാൻ എന്തൊരു എളുപ്പം, അല്ലേ? പക്ഷേ അനുഭവിപ്പാൻ വളരെ വളരെ പ്രയാസമാണ്. ക്രിസ്തീയജീവിതം വളരെ വളരെ വിലയേറിയതാണ്. വിലകൊടുക്കാൻ നിങ്ങൾ തയ്യാറാണോ?

ഒരു മനുഷ്യൻ ഒരു നിധി കണ്ടു. അയാൾ ആ നിധി ഒരു സ്ഥലത്ത് ഒളിച്ചുവെച്ചു. ഒരു പുൽനാമ്പുപോലുമില്ലാത്ത പറമ്പ്-വെറും മണ്ണ്. നിധിയുണ്ടെന്ന് അദ്ദേഹത്തിന് മാത്രമേ അറിയാവൂ. അദ്ദേഹം പോയി തനിക്കുള്ളതൊക്കെയും വിറ്റു. ഇരുപൂ, മൂന്നുപൂ വിളയുന്ന നിലം! എല്ലാം വിറ്റു! എല്ലാവരും ചോദിച്ചു? എന്തു മണ്ടത്തരമാണിത്? എന്താണിതെല്ലാം വിൽക്കുന്നത്? ഇത്രയും നല്ല വിളവെടുപ്പുള്ള ഭൂമി! അദ്ദേഹം പറഞ്ഞു: "ഞാൻ കുറച്ച് സ്ഥലം കണ്ടിട്ടുണ്ട്, അതു വാങ്ങാനാണ്."

"ഏതാണാസ്ഥലം?" "ഇതാ, ആ കാണുന്നസ്ഥലമാണ്." "അയ്യോ! കഷ്ടം! നീ എന്തു മണ്ടനാണ്! അവിടെ ഒരു പുല്ലുമുളയ്ക്കുമോ? അതിൽ വളമുണ്ടോ? അത് വാങ്ങുന്നതിന് എന്താ ഉദ്ദേശ്യം? ദയവായി മണ്ടത്തരം കാണിക്കല്ലേ." പക്ഷേ, അവന്റെ ഉള്ളിൽ ചിരിയാണ്. അതിനകത്ത് നിധി ഒളിച്ചുവെച്ചിരിക്കുന്നത് അവനറിയാം. അതുകൊണ്ടാണ് മറ്റുള്ളതെല്ലാം വിൽക്കുന്നത്. എല്ലാം വിറ്റ് ചെന്ന് ആ വയൽ വാങ്ങി. "സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ചിരിക്കുന്ന നിധിയോടു സദൃശം." എല്ലാം വിറ്റ് നാം ആ വയൽ വാങ്ങണം.

പ്രിയപ്പെട്ടവരേ, എല്ലാം പിന്നിലേക്ക് തള്ളി ചെന്ന് വാങ്ങേണ്ട സമ്പത്താണ് യേശുക്രിസ്തു! ക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിക്കുക. അതില്ലാതെ ഇനിയൊരു സെക്കൻഡില്ല എന്ന് തീരുമാനിക്കണം. യേശുക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിക്കാതെ ഇനി മുന്നോട്ടൊരു ചുവടുവയ്പില്ല. ദാവീദ് പറയുന്നു:

*"ദൈവമേ, നീയെന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണ*

*ങ്ങിവരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു.” സങ്കീർത്തനം 63 : 1*

*“മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു.”*

*സങ്കീർത്തനം 42 : 1*

ദൈവത്തോടു ചേരുവാനുള്ള കാംക്ഷ, ദൈവത്തിന്റെ ആത്മാവിനുവേണ്ടിയുള്ള ദാഹം, ആത്മാവിനു വേണ്ടിയുള്ള ആർത്തി നമുക്കു വേണം. അതിന് നാം എന്താണ് ചെയ്യേണ്ടത്? യെരൂശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിന്നായി കാത്തിരിക്കേണം.

എല്ലാവരും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനെ വെറുക്കുന്നു. പക്ഷെ ഈ ചവിട്ടും തൊഴിയും ആട്ടും തുപ്പും കൊണ്ട് ഈ സഭയിൽ നിൽക്കാതെ വേണമെങ്കിൽ പുറത്ത് ചാടാം. ആദ്യകാലം മുതൽ എന്തൊരു വലിയ ഓഫറുകൾ എനിക്ക് കിട്ടിയതാണ്! വലിയ ആകർഷണീയമായ വാഗ്ദാനങ്ങൾ! സാറേ, ഈ കഷ്ടപ്പാട് അനുഭവിച്ച് ഇവിടെ നിൽക്കണമോ? എന്തിന് ചീത്ത കേട്ട് നിൽക്കണം? പലരും ചോദിച്ചു. പ്രിയപ്പെട്ടവരേ, എന്നാൽ എനിക്ക് രണ്ടാമതൊന്ന് ചിന്തിക്കേണ്ടി വന്നിട്ടില്ല. സഭയൊന്ന് മാറിയാലോ എന്ന ചിന്ത ഒരിക്കലുമുണ്ടായിട്ടില്ല. എന്തുകൊണ്ട്? യരൂശലേമിൽ നിന്നും വാങ്ങിപ്പോകാതെ ഈ ആക്ഷേപവും പരിഹാസവും അവഹേളനവും ഏറ്റുകൊണ്ട് നിന്നാൽ വലിയ അനുഗ്രഹം പിന്നാലെ വരുന്നുണ്ടെന്ന് എനിക്കറിയാം.

*“തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു.” എബ്രായർ 12 : 2*

അനേകായിരങ്ങൾ രക്ഷപ്പെടുന്ന ആ സന്തോഷം. മോശ മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്നെണ്ണി. മിസ്രയീമിലെ നിക്ഷേപങ്ങളിങ്ങനെ നിറഞ്ഞുനിൽക്കുന്നു. രത്നങ്ങൾ വാരിക്കൂട്ടിയിട്ടിരിക്കുന്നു. സ്വർണ്ണകുംഭങ്ങൾ നിറഞ്ഞു നിൽക്കുന്നു. ഇതെല്ലാമുള്ള മിസ്രയീം കൊട്ടാരം വിട്ട് ഒരു കൂസലുമില്ലാതെ മോശ ഇറങ്ങുകയാണ്. എരിപൊരികൊള്ളുന്ന ജനത്തിന്റെ രക്ഷകനായി, നെടുവീർപ്പിട്ട് വലയുന്ന ജനത്തിന് ആവശ്യമുള്ള നേതൃത്വം കൊടുത്ത് അവരെ അടിമത്വത്തിൽ നിന്നും വിടുവിച്ച് ചെങ്കടൽ കടത്തി മരുഭൂമിയിൽക്കൂടി നടത്തി പാലും തേനും ഒഴുകുന്ന കനാൻ ദേശത്ത് എത്തിക്കുവാനുള്ള വലിയോരു സ്വർഗ്ഗീയദൗത്യം ഏറ്റെടുത്തുകൊണ്ട് മോശ കൂസലില്ലാതെ മുന്നേറുകയാണ്.

ആക്ഷേപമുണ്ടായി; ഈജിപ്ഷ്യൻ കൊട്ടാരത്തിൽ നിന്നുള്ള വലിയ ഞെരുക്കങ്ങളെല്ലാം ഏറ്റുകൊണ്ട് മരണഭീതിയോടെ മോശ ഓടുകയായിരുന്നു. മരണഭീതി, കൊന്നുകളയുമെന്നുള്ള ഭീതി. ഈജിപ്ഷ്യൻ കൊട്ടാരം സൈന്യസന്നാഹം കൊണ്ട് ശക്തമാണ്. ശക്തിയുറ്റ സംസ്കാരം! കരുത്തുറ്റ നേതൃത്വം! ഫറവോ രാജാക്കന്മാരുടെ പ്രൗഢി! ഇതെല്ലാമുള്ള മിസ്രയീം കൊട്ടാരം വിട്ട് മോശ ഇറങ്ങി. മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്നെണ്ണി. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകനെന്ന് വിളിക്കപ്പെടുന്നത് നിരസിച്ചു.

പക്ഷേ, മോശയ്ക്ക് ഒരു കാര്യം മനസ്സിലായി, സ്വർഗ്ഗത്തിലെ ദൈവം എന്നെ ഇവിടെ കൊണ്ടുവന്നതിന് വേറെ ഉദ്ദേശമുണ്ട്. നെടുവീർപ്പിട്ട് കരയുന്ന, അടിമത്വത്തിന്റെ ഉരുക്കുമുഷ്ടിയിൽപ്പെട്ട് വലയുന്ന ഒരുകൂട്ടം ജനമുണ്ട്. ഈ ജനത്തിന് വിടുതൽ കൊടുക്കേണ്ടിയിരിക്കുന്നു. അതിന് ദൈവം എന്നെ വിളിച്ചിരിക്കുന്നു എന്ന വ്യക്തമായ ബോധ്യത്തോടെ മോശ പുറപ്പെട്ടു. അതുകൊണ്ട് രാജാവിന്റെ കോപം ഭയപ്പെ

ടാതെ മിസ്രയീം വിട്ടുപോന്നു. എല്ലാം വലിച്ചെറിഞ്ഞിറങ്ങി.

ധീരമായ ചുവടുവെപ്പുകൾ ഇന്ന് ആവശ്യമാണ്. ശക്തിയുറ്റ കാൽച്ചുവടുകൾ! നിങ്ങൾ മുന്നോട്ടിറങ്ങുക. വിശുദ്ധിയുടെ കൽപ്പടവുകൾ ചവിട്ടിക്കയറി യേശുക്രിസ്തുവിന്റെ ധീരപോരാളികളായി ഈ തലമുറയിൽ നമുക്കു നിൽക്കാം. കർത്താവായ യേശു നമ്മെ വിളിക്കുന്നു. അവന് ചില പോരാളികളെ വേണം. ചില വീരഭടന്മാരെ വേണം. സേനാനായകന്മാരെ വേണം. ഈ സേനാസന്നാഹത്തിന്റെ ബലമാണ് ആത്മാവിന്റെ വാൾ. ദൈവവചനം! യുദ്ധം ചെയ്യാൻ ഇതേ ഉള്ളൂ കൈയിൽ. ഈ വാളേന്തിക്കൊണ്ടിറങ്ങാൻ നമുക്ക് സമർപ്പിക്കാം.

ഈ യരൂശലേമിൽ നിന്നും വാങ്ങിപ്പോകരുത്. ഇവിടെ പീഡയുണ്ട്, എതിർപ്പുണ്ട്, ഇവിടെ നാഥനെ കൊന്ന കൊലക്കളമുണ്ട്. കാൽവറിമലയുണ്ട്. ഗോഗുൽത്താക്കുന്നുണ്ട്. ഇവിടെ പീലാത്തോസിന്റെ അരമനയുണ്ട്. പടവാളോങ്ങി നിൽക്കുന്ന റോമൻ സൈന്യാധിപന്മാരുണ്ട്. ഇവിടെ ന്യായപ്രമാണങ്ങളുടെ പിടിമുറുക്കിക്കൊണ്ട് നിൽക്കുന്ന യഹൂദമതത്തിന്റെ മേധാവികളുണ്ട്, പള്ളിപ്രമാണിമാരുണ്ട്. ഹന്നാ, കയ്യാഫാ മുതലായ മഹാപുരോഹിതന്മാരുണ്ട്. ഈ യെരൂശലേമിൽ നിന്നും വാങ്ങിപ്പോകരുത്. ഈ പീഡകളുടെ രംഗത്ത് നിന്നും വാങ്ങിപ്പോകരുത്.

ഈ കുരിശ് ഒഴിവാക്കാൻ നോക്കരുത്. ഈ നിന്ദ വേണ്ട എന്ന് തോന്നരുത്. ആളുകൾ പരിഹസിക്കുമ്പോൾ ചൂളിപ്പോകരുത്. ആളുകൾ കളിയാക്കുമ്പോൾ മനസ്സിൽ വാട്ടം വരരുത്. ഇല്ലാത്തത് പറയുമ്പോൾ ഉള്ള് വാടരുത്. തെറ്റിദ്ധാരണകൾ നിങ്ങൾക്കെതിരെ പെരുകുമ്പോൾ, കുടുംബത്തിൽ വഴക്കുണ്ടാകുമ്പോൾ, അത്രയ്ക്ക് സമർപ്പണം വേണ്ട എന്ന് ഭാര്യ പറയുമ്പോൾ, നിങ്ങൾ എന്ത് വിഡ്ഢിത്തമാണീ കാണിക്കുന്നത് ഇങ്ങനെയൊരു സമർപ്പണമൊക്കെ പറ്റുമോ? ഒരു സിനിമയും കാണാതിരിക്കാൻ പറ്റുമോ? എന്ന് ഇപ്പോൾ കെട്ടിക്കൊണ്ടു

വന്ന പെണ്ണ് പറയുമ്പോൾ വാടരുത്. അവൾ സിനിമ കണ്ട് പരിചയിച്ചവളായിരിക്കും. സിനിമ കാണാതിരിക്കാൻ പറ്റാത്തവളായിരിക്കും. പുത്തൻമണവാട്ടിയുടെ വാക്കുകൾക്കു മുന്നിൽ നീ പതറിപ്പോകരുത്. കാരണം, നിനക്ക് കിട്ടുന്നത് നിധിയാണ്! ഈ നിധി വേണമോ?

എങ്കിൽ യെരൂശലേമിൽ നിന്നും വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം. പരിശുദ്ധാത്മാവിന് വേണ്ടി കാത്തിരിക്കണം.

1. *"യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും." യെശയ്യാവ് 40 : 31*
2. *"ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്ക് ചാഞ്ഞു എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി." സങ്കീർത്തനം 40 : 1 – 3*
3. *"തനിയ്ക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും." എബ്രായർ 9 : 28*
4. *എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. അപ്പൊ. പ്രവൃത്തികൾ 1 : 4*
5. *"യഹോവയെ കാത്തിരിക്ക; അവൻ നിന്നെ രക്ഷിക്കും." സദൃശവാക്യങ്ങൾ 20 : 22*

ആത്മാവിന്റെ വീണ്ടെടുപ്പ്! ആത്മാവിന്റെ രക്ഷ! പ്രിയരേ, ഈ രക്ഷ ഇന്ന് നിങ്ങൾക്ക് സ്വന്തമായോ? നിങ്ങൾ രക്ഷിക്കപ്പെട്ടുവോ? നിങ്ങൾ സ്വർഗ്ഗത്തിന്റെ അവകാശം പ്രാപിച്ചുവോ? ഇന്ന് കടന്നുപോയാൽ ദൈവരാജ്യത്തിൽ എത്തുമെന്ന ഉറപ്പുണ്ടോ?

ആയിരത്തിതൊള്ളായിരത്തി എഴുപത്തിമൂന്ന് മെയ്മാസം പതിനൊന്നാം തീയതി വെള്ളിയാഴ്ച രാവിലെ ഒമ്പത് മണിക്ക് ഞാൻ ഭൂമിയിൽ വെച്ച് കണ്ടിട്ടുള്ളതിലേക്കും വിശുദ്ധനായ ഒരു ദൈവദാസൻ ഇവിടെ വന്നു. ഇവിടെ ഇരുന്ന് ദൈവത്തെ സ്തുതിച്ചു. എന്റെ അമ്മയോട് പപ്പ പറഞ്ഞു: "ആത്മാവ് രക്ഷപ്പെട്ടിട്ടില്ലല്ലോ. ജീവൻ ഇല്ലല്ലോ. ആത്മാവ് മരിച്ചിരിക്കുന്നല്ലോ. ഇന്ന് മരിച്ചാൽ ദൈവരാജ്യത്തിൽ പോകുകയില്ല." അമ്മ സങ്കടപ്പെട്ടു. എന്തുകൊണ്ടാണ് ആത്മാവ് മരിച്ചതെന്ന് ചിന്തിക്കാൻ പറഞ്ഞ് അമ്മയെ പറഞ്ഞ് വിട്ടു.

എന്റെ ഭാര്യ ആലീസിനോട് പറഞ്ഞു: "ഈ ലോകജീവിതത്തിൽ നേടേണ്ട ഒരു കാര്യമുണ്ട്, അത് നേടിയിട്ടില്ല. ആത്മാവ് മരിച്ചിരിക്കുന്നു. ഇന്ന് മരിച്ചാൽ ദൈവരാജ്യത്തിൽ പോകുകയില്ല." എന്നാൽ ആലീസിന് പ്രകടമായ ഒരു പാപവുമില്ലെന്ന് എനിക്ക് നന്നായി അറിയാം. രണ്ട് നേരവും ഞങ്ങൾക്ക് കുടുംബനമസ്ക്കാരമുണ്ട്. എല്ലാ കൗമായും ചൊല്ലി കുമ്പിട്ട് നമസ്കരിക്കുന്നത് പതിവാണ്; ഞായറാഴ്ച പള്ളി മുടക്കുകയില്ല. നല്ല ചിട്ടപ്പെട്ട ജീവിതം. അമ്മയ്ക്കും അങ്ങനെ തന്നെ.

പക്ഷേ, അമ്മയ്ക്ക് ചിലപ്പോഴൊക്കെ നല്ല ദേഷ്യം വരും. ആലീസിന് അതും ഇല്ല. പക്ഷേ, ആലീസിന് നല്ല നിരാശയുണ്ട്. മുഖം എപ്പോഴും വാടിക്കരിഞ്ഞിരിക്കും. കാരണം, അമ്മയ്ക്ക് തന്നോട് ഇഷ്ടമില്ല എന്നാണ് ആലീസിന്റെ ധാരണ. എന്നാൽ അമ്മയ്ക്ക് സ്നേഹം തന്നെയാണ്. അമ്മ പൊതുവെ ഒരു പരുക്കൻ പ്രകൃതിയാണ്. മുപ്പതാമത്തെ വയസ്സിൽ വിധവയായതുകൊണ്ട് ജീവിതക്ലേശങ്ങളേറ്റ് വലഞ്ഞുപോയ ഒരാളാണ്. അതുകൊണ്ടു സ്വാഭാവികമായും ഒരു നിരാശയും

ദുഃഖവുമുണ്ട്. ദേഷ്യവും കോപവും ഇഷ്ടക്കുറവും എല്ലാം വരും. പക്ഷേ, പ്രകടമായ പാപമൊന്നും രണ്ടുപേർക്കുമില്ല. എന്നാൽ ആത്മാവ് മരിച്ചിരിക്കുന്നു.

ദൈവം കൃപചെയ്തു. രണ്ടുപേരും പപ്പ പറഞ്ഞത് വിശ്വസിച്ചു. ആത്മാവ് മരിച്ചിരിക്കുന്നു എന്ന് കേട്ടപ്പോൾ ഒരു ചോദ്യവും ഉണ്ടായില്ല. എന്റെ ആത്മാവ് മരിച്ചിരിക്കുന്നു എന്ന് വിധിക്കാനാർക്കാണ് അവകാശം എന്ന് ചിന്തിച്ചില്ല. നൂറ് ശതമാനവും പരിശുദ്ധാത്മാവ് പറഞ്ഞത് സത്യം. അന്ന് ആലീസ് ഒരിറ്റു വെള്ളം പോലും കുടിക്കാതെ ഉപവാസമായിട്ടിരുന്നു. ഓരോന്നോരോന്ന് ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി. വന്നുപോയ ഇഷ്ടക്കുറവുകൾ, മുഷിച്ചിലുകൾ, അഭിപ്രായ വ്യത്യാസങ്ങൾ എല്ലാം ഓർത്ത് അനുതപിച്ചു.

ജീവിതം കർത്താവിന് സമർപ്പിച്ചു. പപ്പ പ്രാർത്ഥിച്ചു. ആലീസിന്റെ ബന്ധനങ്ങളഴിഞ്ഞു. കർത്താവ് ദീപം കൊളുത്തിക്കൊടുത്തു. പേര് ജീവന്റെ പുസ്തകത്തിലെഴുതി. അമ്മയും ജീവിതം സമർപ്പിച്ചു. അമ്മയുടെ പേരും ജീവന്റെ പുസ്തകത്തിൽ എഴുതി. അമ്മയും ആലീസും രക്ഷിക്കപ്പെട്ടു. പിശാചിന്റെ കെട്ടുകൾ പൊട്ടി. സാത്താന്റെ ബന്ധനം അഴിഞ്ഞു. പാപങ്ങളെല്ലാം കർത്താവ് ക്ഷമിച്ചു കൊടുത്തു.

നിങ്ങളിൽ അനേകർ ഇന്ന് ബന്ധനത്തിലാണ്. പിശാചിന്റെ കൈയിലാണ്. നിങ്ങളിൽ കോപം പുകഞ്ഞ് പൊന്തുന്നുണ്ട്. ഈർഷ്യയും മുഷിച്ചിലുമുണ്ട്. വൈരാഗ്യവും പകയുമുണ്ട്. ഒരുപക്ഷേ നിങ്ങൾ മദ്യപാനം ചെയ്യുന്നില്ലായിരിക്കാം. വേശ്യാവൃത്തി ചെയ്യുന്നില്ലായിരിക്കാം. മോഷ്ടിക്കുന്നില്ലായിരിക്കാം, കവർച്ച ചെയ്യുന്നില്ലായിരിക്കാം. ആരോടും അടിപിടിക്ക് പോകുന്നില്ലായിരിക്കാം. പക്ഷേ, നിങ്ങളുടെ ജീവിതത്തിൽ പിശാച് അവകാശം പറയുന്ന പല പല കാര്യങ്ങളുമുണ്ട്. ചിലരോടുള്ള കയ്പുണ്ട്, നീരസമുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ അനേകം തിന്മയുണ്ട്.

സഹോദരിമാരേ, നിങ്ങളുടെ ജീവിതത്തിൽ പല പൊരുത്തക്കേടുകളുമില്ലേ? ഭർത്താവിനോടുള്ള പരിഭവങ്ങളില്ലേ? അമ്മായിയമ്മയോട് പോരില്ലേ? മരുമകളോട് കടുത്ത വൈരാഗ്യമില്ലേ? നിങ്ങൾ ഇന്നും കുടുംബത്തിൽ അലോഹ്യമുണ്ടാക്കുന്നില്ലേ? എന്നും ഒച്ചപ്പാടും വഴക്കും ശാപവും പ്രാക്കും അല്ലേ? ചിന്തിച്ച് നോക്കൂ. ആത്മാവ് രക്ഷയിലല്ല. ആത്മാവ് ബന്ധനത്തിലാണ്. ദുരാത്മാവിന്റെ പിടിയിലാണ്.

ഇന്ന് പുറമെയുള്ള പ്രാർത്ഥനയുണ്ടെങ്കിലും ആത്മാവിന്റെ സ്തുതിയില്ല. നിങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞ ദേഷ്യമുണ്ട്. ചിലരോട് പകയുണ്ട്, വിദ്വേഷമുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ അശുദ്ധ മോഹമുണ്ട്. ഒരുപക്ഷേ അല്പം സംസ്കാരമുള്ളതുകൊണ്ട് പുറമെ ഒന്നും കാണിക്കുന്നില്ല എന്ന് മാത്രം. പക്ഷേ എല്ലാം അകത്ത് നല്ലപോലെ കുമിഞ്ഞ് കിടപ്പുണ്ട്. ചിന്തിക്കൂ സ്നേഹിതരേ, ഇന്ന് രക്ഷപ്പെട്ടിട്ടില്ല.

ഇന്ന് ക്രിസ്തുവിന്റെ തിരുശരീരത്തിന്റെ ഒരു അവയവമായിത്തീർന്നിട്ടില്ല. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തു തലയാണ്. സ്നേഹിതരേ, ഇന്ന് നിങ്ങളുടെ അവസ്ഥ നിങ്ങൾ തിരിച്ചറിയുക. പാപം നിങ്ങളിലുണ്ടോ എന്ന് നോക്കുക. ഇന്നും ചില കടുംപിടുത്തങ്ങൾ ജീവിതത്തിലില്ലേ? ചില ദുശ്ശാഠ്യങ്ങളില്ലേ? ഞാൻ പിടിച്ചത് ശരി എന്ന നിർബ്ബന്ധബുദ്ധി നിങ്ങളുടെ ജീവിതത്തിലില്ലേ. ഇന്നും ഒരു വിട്ടുവീഴ്ചാമനോഭാവം കാണിക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? ഒന്നു താഴാനോ ക്ഷമിക്കാനോ കഴിയുന്നുണ്ടോ?

നിങ്ങൾ ആരാണെന്ന് തിരിച്ചറിയണമെങ്കിൽ നിങ്ങളുടെ കുഞ്ഞുങ്ങളെ നോക്കിയാൽ മതി. മക്കളുടെ ചില സ്വഭാവത്തിന്റെ പ്രത്യേകത കാണുമ്പോൾ മനസ്സിലാക്കാം, എന്റെ മോന് എന്റെ സ്വഭാവം തന്നെയാണ്. അവൻ ശരിയല്ല, ഇവന് ഒരു അനുസരണവുമില്ല, ഒരു പഠിത്തവുമില്ല ഒഴപ്പുന്നു, അലസനാകുന്നു, ഇവന് ഒരു ഉത്തരവാദിത്വബോധവുമില്ല എന്ന് ചിന്തിച്ച് അവനെ വഴക്ക് പറയുകയല്ല വേണ്ടത്. എന്റെ സ്വഭാവ

മാണ് ഈ മോന് കിട്ടിയിരിക്കുന്നത്.

ഇന്ന് ഞാൻ അങ്ങനെ അല്ലായിരിക്കാം. പക്ഷേ, എന്റെ പഴയ സ്വഭാവമാണ് എന്റെ മകന്, എന്റെ മോൾക്ക്. ഇന്ന് മോള്, മൊബൈൽഫോണിൽ SMS ഉം, Internet -ഉം, Internet chatting-ഉം, ചീത്ത പടങ്ങളും, ഇതിനോടെല്ലാം ആസക്തി പൂണ്ട് പോകുമ്പോൾ നീ ഓർക്കണം എന്റെ കുഞ്ഞിന്റെ സ്വഭാവം എന്റെ സ്വഭാവം തന്നെയാണ്. ഞാനങ്ങനെ ഒന്നും പോയിട്ടില്ലായിരിക്കാം. എങ്കിലും എന്റെ അകത്തുള്ള അശുദ്ധിയാണ് എന്റെ കുഞ്ഞിൽക്കൂടി പ്രതിഫലിച്ചു വരുന്നത്. അങ്ങനെ ചിന്തിക്കുമ്പോഴാണ് അനുതാപം വരുന്നത്.

നിങ്ങൾ പറയും: ഞാൻ ശരിയാണ് എന്റെ കുഞ്ഞിനാണ് കുഴപ്പമെന്ന്. നിന്റെ സ്വഭാവം തന്നെയാണ് നിന്റെ മകനുള്ളത്. നിന്റെ രക്തമാണ് ആ മകന്റെ ഉള്ളിൽ. മോളേ, നിന്റെ രക്തമാണ് നിന്റെ മകന്റേയോ മകളുടേയോ സിരകളിൽക്കൂടി ഒഴുകുന്നത്. ഇന്ന് നിനക്കൊരു മാനസാന്തരം കിട്ടി, നിന്റെ സ്വഭാവത്തിൽ മാറ്റങ്ങൾ വന്നു, ക്രമീകരണങ്ങൾ വരുത്തി എന്നല്ലാതെ നിന്റെ സ്വഭാവം തന്നെയാണ് നിങ്ങളുടെ മക്കളിൽ.

നീ ഉറങ്ങാൻ പോകുമ്പോൾ ഉണ്ടാകുന്ന സ്വപ്നങ്ങൾ ഓർത്തുനോക്കൂ. ആ സ്വപ്നങ്ങൾ നിന്റെ സ്വഭാവത്തിന്റെ പ്രതിഫലനമാണ്. അശുദ്ധമായതോ മ്ലേച്ഛമായതോ ആയ സ്വപ്നങ്ങൾ കാണുമ്പോൾ ഓർക്കണം, ഇതെന്റെ തനിസ്വഭാവമാണല്ലോ എന്ന്. എന്റെ സ്വഭാവത്തിൽ ഇതില്ല എന്നല്ല പറയേണ്ടത്. എന്റെ ഉപബോധമനസ്സിൽ നിറഞ്ഞു നിൽക്കുന്ന പ്രകൃതമാണല്ലോ ഈ വെളിപ്പെട്ടുവരുന്നത്. അങ്ങനെയാണ് ചിന്തിക്കേണ്ടത്. എന്നിട്ട് അനുതപിച്ചുകൊള്ളണം. പ്രാർത്ഥിച്ചുകൊള്ളണം. കർത്താവേ, ഇന്നും ഞാൻ മാറിയിട്ടില്ല. ഇന്നും പഴയ മനുഷ്യൻ തന്നെ. ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ഞാൻ പഴയ ആൾ തന്നെ. അങ്ങനെ എളിമപ്പെടുന്നതാണ് ആത്മാവിന്റെ ദാരിദ്ര്യം. “ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്.”

പരിശുദ്ധാത്മാവിനെ പ്രാപിച്ച് രക്ഷപ്പെടണം. നിന്നെ രക്ഷിക്കാൻ നിനക്ക് സാധിക്കയില്ല. നിന്റെ ആത്മാവിനെ വിടുവിക്കാൻ സഭയ്ക്കോ ഭൂമിയിലെ ഒരു മനുഷ്യനോ പരിശുദ്ധനോ സാധിക്കയില്ല. ഇപ്പോൾ ഈ വചനം പറയുന്ന പാവപ്പെട്ട എനിക്കും നിങ്ങളെ രക്ഷിക്കാൻ സാധിക്കയില്ല. ക്രിസ്തുവിന് മാത്രമേ സാധിക്കയുള്ളൂ. ക്രിസ്തുവിന്റെ ആത്മാവ് ഇന്ന് ഭൂമിയിലുണ്ട്. ക്രിസ്തുവിന്റെ ആത്മാവിനുവേണ്ടി നിങ്ങൾ കാത്തിരിക്കൂ. അവൻ നിങ്ങളെ രക്ഷിക്കും. പരിശുദ്ധാത്മാവ് എന്ന ഒരു അദൃശ്യശക്തി വ്യാപരിക്കുന്നുണ്ട്.

അനേകർക്ക് രക്ഷ ലഭിക്കുന്നുണ്ട്. പക്ഷേ അടിയില്ലാത്ത (bottomless) പാത്രമായതുകൊണ്ട് ചോർന്നുപോകുന്നു. ഒഴിച്ചത് അവിടെ നിൽക്കുന്നില്ല. നല്ല പാത്രമായി നിങ്ങൾ വചനം കേൾക്കണം. ഹൃദയത്തെ വെടിപ്പാക്കിക്കൊണ്ട് വന്നിരിക്കണം. ഇന്ന് നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ പകർന്ന് കിട്ടാൻ ആഗ്രഹമുണ്ടോ? രക്ഷ വേണമെന്നാഗ്രഹമുണ്ടോ? നിങ്ങളുടെ ബന്ധനമഴിയണമെന്നാഗ്രഹമുണ്ടോ?

ഇന്ന് അനേകം പാപങ്ങൾ നിങ്ങളുടെമേൽ കൂമ്പാരം കൂടിയിട്ടില്ലേ? രക്ഷ വേണമോ? ഒന്നൊന്നായി പാപങ്ങൾ കണ്ടുപിടിക്കുക. എല്ലാമെല്ലാം കർത്താവിനോടു പറയുക. കർത്താവേ, എനിക്കൊരു മോചനം വേണം. എനിക്കൊരു വിടുതൽ വേണം. നിന്റെ സ്നേഹത്തിന്റെ ആത്മാവിനെ, നിന്റെ വിശുദ്ധിയുടെ ആത്മാവിനെ എന്റെമേൽ ഒന്ന് അയയ്ക്കണമേ. ഇപ്പോൾ ആത്മാവിന്റെ സ്നേഹനദി എന്റെമേൽ ഒഴുക്കണമേ. ആത്മാവിന്റെ ഇളങ്കാറ്റ് എന്റെമേൽ വീശണമേ. യേശുവേ, എന്നോടു മനസ്സലിയണമേ.

പരിശുദ്ധാത്മാവിന് വിരോധമായി എന്തെങ്കിലും പാപം നിങ്ങളുടെമേൽ ഉണ്ടെങ്കിൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരികയില്ല. പരിശുദ്ധാത്മാവിനോട് മറുതലിപ്പുണ്ടെങ്കിൽ, പരിശുദ്ധാത്മാവ് തന്ന നിർദ്ദേശങ്ങൾ നിങ്ങൾ അവഗണിച്ചാൽ, പരിശുദ്ധാത്മാവ് നിങ്ങളുടെ പാപങ്ങളെ ചൂണ്ടിക്കാ

ണിച്ച് തന്നിട്ട് പരിശുദ്ധാത്മാവിനോട് നിങ്ങൾക്ക് ഇഷ്ടക്കുറവ് തോന്നിയാൽ പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് കിട്ടുകയില്ല എന്ന് മാത്രമല്ല തലമുറകൾക്ക് നാശം വരുത്തി വയ്ക്കുകയാണ്.

ഇപ്പോൾ പരിശുദ്ധാത്മാവിനെ വേണമെങ്കിൽ നിങ്ങൾ പ്രാർത്ഥിക്കുക. കർത്താവേ, ക്ഷമിക്കണമേ. എന്റെ പാപം പൊറുക്കണമേ. പരിശുദ്ധാത്മാവേ, എന്റെ മേൽ പെയ്തിറങ്ങ ണമേ. എന്നെ തീ പിടിപ്പിക്കണമേ. എന്റെ പാപങ്ങളെല്ലാം കത്തിച്ചു കളയണമേ. പരിശുദ്ധാത്മാവേ, തീയിൽ എന്നെ കഴു കിയെടുക്കണമേ. തീയാലുള്ള സ്നാനം, തീയാലുള്ള അഭി ഷേകം എനിക്ക് തരണമേ.

നമുക്കു പ്രാർത്ഥിക്കാം. സ്വർഗ്ഗീയ പിതാവേ, തിരുവചന ങ്ങൾക്കായി സ്തോത്രം. വചനം വായിച്ച എല്ലാവരേയും അനു ഗ്രഹിക്കണമേ. ആവലാതി പൂണ്ടിരിക്കുന്നവരുടെ കണ്ണുനീര് തുടയ്ക്കണമേ. മനസ്സ് നൊന്തിരിക്കുന്നവരെ ആശ്വസിപ്പിക്ക ണമേ. രോഗികളെ സൗഖ്യമാക്കണമേ. അടഞ്ഞ വാതിലുകളെ തുറക്കണമേ. അടഞ്ഞ ഗർഭപാത്രങ്ങളെ തുറക്കണമേ. കുടും ബസമാധാനം നൽകണമേ. യാതനകൾ മാറ്റണമേ. രോഗങ്ങൾ നീക്കണമേ. ശാപങ്ങൾ മാറ്റണമേ. ബന്ധനങ്ങൾ അഴിക്ക ണമേ. യേശുവിന്റെ നാമത്തിൽ ദുരാത്മാക്കളെ ബന്ധിക്ക ണമേ. അവിടുത്തെ രണ്ടാമത്തെ വരവിനായി എല്ലാവരേയും ഒരുക്കണമേ. യേശുവിൻ നാമത്തിൽതന്നേ, ആമ്മേൻ.

# ഏഴ്

*"ഞാൻ ദോഷത്തിന്നു പ്രതികാരം ചെയ്യുമെന്നു നീ പറയരുത്; യഹോവയെ കാത്തിരിക്ക; അവൻ നിന്നെ രക്ഷിക്കും."* *സദൃശവാക്യങ്ങൾ 20 : 22*

വിശുദ്ധനായ ദൈവപുരുഷനാകണമെങ്കിൽ യഹോവയ്ക്കായി കാത്തിരുന്ന് ശക്തിയെ പ്രാപിക്കണം. ഞാൻ ദോഷത്തിന്നു പ്രതികാരം ചെയ്യുമെന്ന് നീ പറയരുത്. യഹോവയെ കാത്തിരിയ്ക്ക, അവൻ നിന്നെ രക്ഷിക്കും.

ദോഷം ചെയ്യുന്നവന്റെ കൈയിൽ നിന്ന് രക്ഷപ്പെടാൻ നീ പ്രതികാരം ചെയ്തിട്ട് കാര്യമില്ല. നിന്നെ ദ്രോഹിക്കുന്ന ദുഷ്ടപ്പിശാചുണ്ട്. ദുഷ്ടപ്പിശാചിന്റെ ഏജന്റുമാരുണ്ട്. അവർ നിന്നെ ഉപദ്രവിക്കാൻ വരും. അപകടത്തിൽപ്പെടുത്താൻ വരും. നിന്നെ കോപിപ്പിക്കും. കലഹിപ്പിക്കും. അങ്ങനെയുള്ള സാഹചര്യങ്ങളിൽ കുടുക്കി നിനക്ക് ദേഷ്യം വരത്തക്കവണ്ണം, വാഗ്വാദം ഉണ്ടാക്കത്തക്കവണ്ണം നിന്നെ നശിപ്പിക്കാൻ വരും. അപ്പോൾ നിന്നെത്തന്നെ രക്ഷിക്കാൻ നീ പ്രതികാരം ചെയ്യേണ്ട. പിശാചിന്റെ പിണിയാളുകളായി, പിശാചിന്റെ ഏജന്റുമാരായി ഭൂമിയിലെ മനുഷ്യർ നിനക്കെതിരായി കൂട്ടുകൂടുമ്പോൾ അവരോട് നീ പ്രതികാരം ചെയ്യാൻ പോകണ്ട.

പിന്നെ എന്താണു ചെയ്യേണ്ടത്? നീ ദൈവത്തിങ്കലേക്ക് നോക്കുക. ക്രിസ്തുവിങ്കലേക്കു നോക്കുക. അവൻ നിന്നെ രക്ഷിക്കും. യാത്രചെയ്യുമ്പോൾ ക്രിസ്തുവിങ്കലേക്ക് നോക്കാം. സ്കൂളിലോ കോളേജിലോ ക്ലാസ്സ് മുറിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിങ്കലേക്ക് നോക്കാം. ബോർഡിൽ

എഴുതുമ്പോൾ ക്രിസ്തുവിങ്കലേക്ക് നോക്കാം. ഓഫീസിൽ ഫയലുകൾ എഴുതിത്തീർത്തുകൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിങ്കലേക്ക് നോക്കാം. പാടത്ത് പണിയെടുക്കുമ്പോൾ ക്രിസ്തുവിങ്കലേക്ക് നോക്കാം. ധൃതിപിടിച്ച് പഠിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ കർത്താവേ, എന്നു വിളിക്കാം. നമ്മുടെ സഹായത്തിന് ക്രിസ്തു വരും.

അവൻ നിന്നെ രക്ഷിക്കും. ദൈവത്തിന്റെ പ്രവൃത്തിക്കു വേണ്ടി കാത്തിരിക്കുക. ദൈവത്തിന് ഒരു സമയമുണ്ട്. നിന്നെ ഇന്ന് എതിർക്കുന്നവർ, നശിപ്പിക്കാൻ നോക്കുന്നവർ, നിന്റെ വഴി മുടക്കുന്നവർ, നിന്നെ തകർക്കാൻ നോക്കുന്നവർ, അവരുടെയെല്ലാം പിന്നിൽ നിൽക്കുന്നത് ഒരു ദുഷ്ടപ്പിശാചാണ്.

നിനക്ക് ദാരിദ്ര്യം വരുത്തുന്നത്, കടം വരുത്തുന്നത്, രോഗം വരുത്തുന്നത്, എല്ലാം പിശാചാണ്. ചില മനുഷ്യർ നിന്റെ എതിരാളികളായിത്തീരുന്നത്, വീട്ടിൽ ഭർത്താവ് കലഹിക്കുന്നത്, ചീത്തവാക്കു പറയുന്നത്, മദ്യപിച്ചു കൂത്താടി വന്ന് തല്ലുകയും ഒച്ചവയ്ക്കുകയും ചെയ്യുന്നത്, ഭർത്താവിന്റെ സ്നേഹം കിട്ടുവാൻ കൊതിച്ചിരിക്കുമ്പോൾ സ്നേഹത്തിനു പകരം വിദ്വേഷം വരുന്നത്, ഇതെല്ലാം ഒരു ദുഷ്ടപ്പിശാചിന്റെ കെണിയാണ്.

അവന്റെ കൈയിൽ നിന്ന് രക്ഷപ്പെടാൻ നീ പ്രതികാരം ചെയ്യണ്ട, ദൈവത്തിനുവേണ്ടി കാത്തിരിക്കുക. ഓരോരുത്തരും ഓരോരോ പ്രശ്നങ്ങളിൽപ്പെട്ട് ഉഴലുന്നവരാണ്. മുള്ളുകളേറ്റ് പിടയുന്നവരാണ്. അകത്ത് ഉണങ്ങാത്ത വ്രണങ്ങൾ! ചിലർ നിങ്ങൾക്കു വരുത്തിയ ദോഷങ്ങൾ ഉള്ളിൽ മുറിവായി കിടക്കുന്നു, ഉണങ്ങിയിട്ടില്ല. ഉണക്കാൻ നോക്കുന്നുണ്ട് പക്ഷേ ഉണങ്ങുന്നില്ല. ഇടയ്ക്കിടക്ക് പൊങ്ങിവരും. എന്റെ കർത്താവേ, എന്നാലും എന്നോടങ്ങനെ ചെയ്തതല്ലേ? എന്നാലും അദ്ദേഹം എന്നോടങ്ങനെ പെരുമാറിയതല്ലേ? എന്നാലും ആ മനുഷ്യൻ എന്നോട് അങ്ങനെയല്ലേ ചെയ്തത്? നിങ്ങളുടെ ഹൃദയത്തിലുള്ള ഈ മുറിവുകൾ പൊറുക്കാൻ നിങ്ങൾ അവരോട് പ്രതികാരത്തിനു പോകണ്ട. ആ ആളോട് വൈരാഗ്യം

വച്ചുകൊണ്ടിരിക്കേണ്ട.

ഒരു പെൺകുട്ടി എന്നോടു പറഞ്ഞു: ഞാൻ അറിഞ്ഞില്ല സാറേ. അയാൾ എന്നെ കെണിയിലാക്കുകയായിരുന്നു. എന്താണയാൾ ചെയ്യുന്നതെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. എനിക്ക് രക്ഷപ്പെടാൻ പറ്റിയില്ല. ആ ദുഷ്ടൻ എന്നെ ചതിച്ചു. എനിക്കിന്ന് അയാളെ കാണുമ്പോൾ കോപമാണ്. എന്തെങ്കിലും അയാളെ ചെയ്യണമെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ എനിക്ക് കഴിവില്ല. അതുകൊണ്ട് ചെയ്യുന്നില്ല.

അനേകം സ്ത്രീകൾ, പുരുഷന്മാരുടെ വഞ്ചനയിൽ കുടുങ്ങിയവരുണ്ട്. ചതിയിൽപ്പെട്ടവരുണ്ട്. പിശാച് കെണിയിലാക്കിയവരുണ്ട്. നിങ്ങളുടെ ഹൃദയത്തിൽ മായാത്ത വ്രണങ്ങളുണ്ട്. ഇതുവരെ ഉണങ്ങാത്ത മുറിവുകൾ!

ചിലർ നിങ്ങൾക്ക് നഷ്ടം വരുത്തിയത്. നിങ്ങൾക്ക് കഷ്ടം വരുത്തിയത്, കൂടെ ജോലി ചെയ്തവർ നിങ്ങൾക്കെതിരെ പ്രവർത്തിച്ചത്, നിങ്ങളുടെ കൂടെ പാർട്ട്ണേഴ്സ് ആയിരുന്നവർ നിങ്ങളെ ചതിച്ചത്, ഒരേ ഓഫീസിൽ ജോലി ചെയ്തവർ നിങ്ങളെ വഞ്ചിച്ചത്, നിങ്ങളുടെ കൈയിൽ കുറച്ചുരൂപ ഉണ്ടെന്നു കണ്ടപ്പോൾ തന്ത്രപൂർവ്വം ആ രൂപ കൈക്കലാക്കിയിട്ട് ഇന്നുവരെ ആ രൂപ തരാത്തത്.

ഇങ്ങനെ അനേകമനേകം മാറാത്ത വ്രണങ്ങൾ! മുറിവുകൾ! എന്നാൽ ഇതിന് പ്രതികാരം ചെയ്യാൻ നിങ്ങൾ പോകണ്ട. ഉയരത്തിൽ നിന്ന് ചെയ്തുകൊള്ളും. യഹോവ പറയുന്നു: പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും.

> *"പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു, എന്നാൽ "നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവനു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും" എന്ന് എഴുതിയി*

*രിക്കുന്നുവല്ലോ.”* *റോമർ 12 : 19, 20*

ആരും വിചാരിക്കാത്ത രീതിയിൽ നഷ്ടങ്ങൾ വരാൻ പോകുന്നു. മകനേ, നിന്റെ ഹൃദയത്തിൽ മുറിവേറ്റാൽ നീയല്ല വേദനിക്കുന്നത്, നിന്നെ വിലയ്ക്കുവാങ്ങിയ നാഥനാണ്.

ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ നീക്കുപോക്കു വരുത്താനുള്ള കാര്യങ്ങൾ പലതുമുണ്ട്. നിങ്ങൾ ഓരോന്നോരോന്ന് ചികഞ്ഞെടുത്ത് ഇപ്പോൾ തന്നെ വ്യക്തമായ തീരുമാനമെടുക്കണം. കർത്താവേ, ഇനിയുള്ള ഓരോ സ്റ്റെപ്പും നീ പ്രസാദിക്കുന്നതുപോലെ തന്നെയായിരിക്കും. കൊടുത്തു തീർക്കാനുള്ളതെല്ലാം ഞാൻ കൊടുത്തുതീർക്കും. പറഞ്ഞു തീർക്കാനുള്ളതെല്ലാം പറഞ്ഞുതീർക്കും. മാപ്പുചോദിക്കേണ്ട തെല്ലാം മാപ്പുചോദിക്കും.

ഐക്യമാകാനുള്ളതെല്ലാം ഐക്യമാകും. ആരോടും പരാതി വച്ചുകൊണ്ടിരിക്കയില്ല. വൈരാഗ്യം വച്ചുകൊണ്ടിരിക്കയില്ല. കുടുംബത്തിൽ ഞാൻ മാതൃകയായിരിക്കും. എന്റെ മക്കൾക്ക് ഞാൻ മാതൃകയായിരിക്കും. എന്റെ മാതാപിതാക്കൾക്ക് ഞാൻ ഒരു വിലപ്പെട്ട നിധിയായിരിക്കും. അഭിമാനവിഷയമായിരിക്കും. ഭാര്യയ്ക്ക്, എന്റെ ഭർത്താവിന് ഞാൻ തക്ക തുണയായിരിക്കും. നല്ല കൂട്ടാളിയായിരിക്കും. എന്റെ കുടുംബം ഐശ്വര്യമാകും.

എന്റെ ജീവിതത്തിൽ പാപത്തിന്റെ കണിക തൊടാൻ ഞാൻ സമ്മതിയ്ക്കയില്ല. അശുദ്ധി ഒരു അണുപോലും ഇനി എന്നെ തൊടുകയില്ല.

പ്രിയപ്പെട്ടവരേ, ഇങ്ങനെ തീരുമാനം എടുക്കുമ്പോൾ തിരുരക്തം നിങ്ങളെ വന്നു പൊതിയും. ആ തിരുരക്തം പൊതിഞ്ഞാൽ ഉള്ളിലുള്ള കളങ്കങ്ങൾ ആരും കാണുകയില്ല. പിശാചു കാണുകയില്ല. സാത്താൻ അവന് അവകാശമുള്ള പാപം ഉണ്ടോ എന്നു നോക്കും. പക്ഷേ, അവിടെ തിരുരക്തമാണ് കാണുന്നത്.

തിരുവിലാവ് തുറന്നൊഴുകിയ തിരുരക്തം! ഗോഗുൽത്തായിലെ കുരിശിൽക്കൂടി ഒലിച്ചിറങ്ങിയ തിരുരക്തം! അതാണ് നിന്റെമേൽ പൊതിഞ്ഞു നിൽക്കുന്നത്. നിന്റെ പാപം മറഞ്ഞിരിക്കയാണ്. നീ രക്ഷിക്കപ്പെട്ടു. നീ വീണ്ടെടുക്കപ്പെട്ടു. വീണ്ടും ജനനം ലഭിച്ചു. നിന്റെ പാപക്കറകൾ കഴുകി. നിന്റെ ബന്ധനം കഴുകി.

ഇനി നീ ഒരു കാര്യം ചെയ്താൽ മതി. എന്റെ കർത്താവേ, ഞാൻ ചോദിക്കാതെ, ഞാൻ പറയാതെ എന്റെ പാപം ഏറ്റെടുത്ത്, ഞാൻ ഏല്ക്കേണ്ട ശിക്ഷ വഹിച്ച് എനിക്കുവേണ്ടി നീ കുരിശിൽ മരിച്ചല്ലോ. ആ തിരുരക്തം എന്നെ പൊതിഞ്ഞല്ലോ. ആ തിരുരക്തം എന്നെ വീണ്ടെടുത്തല്ലോ. യേശുവേ, ഇങ്ങനെ നീ എന്നെ സ്നേഹിച്ചല്ലോ. ഈ സ്നേഹത്തിന് പകരം തരാൻ എനിക്കൊന്നുമില്ലാത്തതുകൊണ്ട് ഈ ആയുസ്സിതാ ഞാൻ അടിയറ വയ്ക്കുന്നു.

ഈ ആയുസ്സ് നിന്റെ മുമ്പാകെ ഞാനിതാ സമർപ്പിക്കുന്നു. എന്റെ ആയുസ്സിന് ഇനി എനിക്കവകാശമില്ല, നിനക്കു മാത്രമാണ് അവകാശം. ഇനി ഈ ശരീരത്തിൽ എനിക്ക് അവകാശമില്ല. എന്റെ ഭാവിയിൽ എനിക്ക് അവകാശമില്ല. യേശുവേ, എന്നെ ഞാൻ നിനക്ക് തന്നിരിക്കയാണ്.

ഇനി രോഗം മാറണമോ? അത് നിന്റെ ഇഷ്ടം. കടം തീരണമോ? അത് നിന്റെ ഇഷ്ടം. ജോലി വേണമോ? വിവാഹം നടക്കണമോ? ഭാര്യ മടങ്ങി വരണമോ? ഭർത്താവ് വീണ്ടും സ്നേഹമാകണമോ? കുഞ്ഞുങ്ങൾ നേരെയാകണമോ? എല്ലാം നിന്റെ ഇഷ്ടം. കർത്താവേ, ഞാൻ കൃപയ്ക്കു വേണ്ടി, അനുഗ്രഹത്തിനുവേണ്ടി കാത്തിരിക്കുന്നു. യേശുവേ, നിന്റെ തിരുരക്തം വന്ന് എന്നെ പൊതിയണമേ. തിരുരക്തം വന്ന് എന്നെ മൂടണമേ. തിരുരക്തത്താൽ എന്നെ വീണ്ടെടുക്കണമേ.

ഇങ്ങനെ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നവരാണ് ഭാഗ്യശാലികൾ. അവർക്ക് കിട്ടുന്നത് നിത്യരക്ഷയാണ്. കാത്തി

രുന്ന് ആത്മാവിന്റെ രക്ഷ പ്രാപിക്കുക.

ദോഷം ചെയ്യുന്നവരോട് പ്രതികാരം ചെയ്യുമെന്ന് നീ പറയരുത്. ദൈവത്തിന്നായി കാത്തിരിക്കുമ്പോൾ ദൈവം നിന്നെ രക്ഷിക്കും. പിശാചിന്റെ ഭീകരമായ കരാളഹസ്തങ്ങളിൽ നിന്ന് നമ്മെ വിടുവിക്കുവാൻ, അങ്ങനെ രക്ഷപ്രാപിക്കുവാൻ നാം കാത്തിരിക്കണം. രക്ഷ ഈ ഭൂമിയിൽ വച്ച് നാം അനുഭവിക്കണം. ഈ ഭൂമിയിൽ വച്ച് രക്ഷ അനുഭവിക്കുന്നവരാണ് നിത്യരക്ഷയിലേക്ക് കടന്നുചെല്ലുന്നത്. നമ്മുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിൽ ആശ്രയിച്ചും വിശ്വസിച്ചും മുമ്പോട്ടു പോകുമ്പോഴാണ് നാം ഈ ഭൂമിയിൽ രക്ഷയുടെ സന്തോഷം അനുഭവിക്കുന്നത്. കടന്നു ചെല്ലുമ്പോൾ രക്ഷയുടെ സന്തോഷത്തിൽ എത്തിച്ചേരുന്നു.

'രക്ഷ' എന്നുള്ളതിനെക്കുറിച്ച് എബ്രായ ലേഖനം 2-ാം അദ്ധ്യായത്തിൽ "ഇത്രവലിയ രക്ഷ" എന്നാണു പറയുന്നത്.

> *"അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു. ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിന്നും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കയും ചെയ്തു എങ്കിൽ കർത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് സാക്ഷി നിന്നതും കേട്ടവർ നമുക്കു ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"*
>
> *എബ്രായർ 2 : 1 – 4*

വളരെ ഗൗരവമേറിയ ഒരു വാക്കാണ് 'ഇത്ര വലിയ

രക്ഷ.' എങ്ങനെയാണ് 'ഇത്ര വലിയ രക്ഷ' ആയത്? വലിയ ശിക്ഷയിൽ നിന്നുള്ള വിടുതലായതുകൊണ്ടാണ് ഇത്രവലിയ രക്ഷ ആയത്. ഭയാനകമായൊരു ശിക്ഷയിൽ നിന്നാണ് വിടുതൽ കിട്ടിയത്. ഒരിക്കലും തീരാത്ത നരകത്തിന്റെ ഭീകര ദുരിതത്തിൽ നിന്നാണ് രക്ഷ കിട്ടിയത്. ഇവിടെ കഷ്ടപ്പാടുകളുണ്ട്. എന്നാൽ വരാനിരിക്കുന്ന കഷ്ടം ഇതുപോലെയല്ല. ഒരിക്കലും തീരാത്ത ദുരിതം! ഒരിക്കലും തീരാത്ത വേദന! അത് എത്ര ഭയാനകമാണ്! എന്തു ഭീകരമായ അനുഭവമാണ്!

ഭയാനകമായ ദുരിതത്തിൽ നിന്നും യാതനയിൽ നിന്നും ദണ്ഡനത്തിൽ നിന്നും എരിപൊരിക്കൊള്ളുന്ന അവസ്ഥയിൽനിന്നും ഉള്ള വിടുതൽ പ്രാപിക്കുന്നതാണ് രക്ഷ എന്നു പറയുന്നത്. ആത്മാവിന്റെ രക്ഷ! ഇന്നു ജീവിക്കുന്നതുപോലെ ജീവിച്ചാൽ നിങ്ങൾ ഈ രക്ഷയിൽ എത്തുമോ? പേരിന് പള്ളിയിൽ പോക്ക്, പേരിന് പ്രാർത്ഥന, പേരിന് കുമ്പസാരം, പേരിന് കുർബ്ബാന അനുഭവം ഇങ്ങനെ പോയാൽ, ഇന്നത്തെ രീതിയിൽ ജീവിച്ചാൽ ദൈവം വസിക്കുന്ന പരിശുദ്ധിയുടെ സ്വർഗ്ഗത്തിൽ ഞാൻ എത്തുകയില്ലല്ലോ. ഈ തിരിച്ചറിവാണ് സുബോധം! പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും.

രക്ഷിക്കപ്പെടുക എന്നത് ഏതുസഭയിലുമുള്ള ഏതൊരാൾക്കും ലഭിക്കേണ്ട ഒരനുഭവമാണ്. അത് കത്തോലിക്കനാണെങ്കിലും ഓർത്തഡോക്സുകാരനാണെങ്കിലും യാക്കോബായക്കാരനാണെങ്കിലും പെന്തക്കൊസ്തുകാരനാണെങ്കിലും മർത്തോമ്മക്കാരനാണെങ്കിലും ആരായാലും ഈ അനുഭവം പ്രാപിക്കണം, അല്ലെങ്കിൽ പുറത്തായിപ്പോകും. ശിക്ഷ മാറിക്കിട്ടുക. ആത്മാവ് നിത്യശിക്ഷയിൽനിന്ന്, നരക ഭീകരതയിൽ നിന്ന് മോചനം പ്രാപിക്കുക. നരകത്തീയിലേക്ക് പോകാതിരിക്കത്തക്കവണ്ണം ആത്മാവ് സ്വതന്ത്രമാകുക. ആത്മാവിന്റെ മേലുള്ള സാത്താന്റെ ബന്ധനം അഴിഞ്ഞു കിട്ടുക. ദുരാത്മാക്ക

ളുടെ സ്വാധീനം മാറിക്കിട്ടുക. അതെനിക്ക് സ്വന്തമാകണം. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം.

സൗജന്യമാണ് രക്ഷ. നമ്മുടെ ഉപവാസംകൊണ്ടല്ല. നമ്മുടെ കാത്തിരിപ്പുകൊണ്ടല്ല. ജാഗരണംകൊണ്ടല്ല. ആത്മതപനംകൊണ്ടല്ല. നമ്മുടെ പ്രാർത്ഥനയുടെ മേന്മകൊണ്ടല്ല. നമ്മുടെ മനോഗുണപ്രവൃത്തികൊണ്ടല്ല. അത് ദൈവത്തിന്റെ സൗജന്യദാനമാണ്! നാം എല്ലാവരും പാപികളാണ്. പാപം ചെയ്യാത്തപ്പോഴും പാപത്തിന്റെ പ്രവൃത്തി വരാത്തപ്പോഴും ഞാൻ പാപിയാണ്. കാരണം, എന്റെ രക്തത്തിൽ പാപമാണ്. പൂർവ്വികന്മാരിൽ നിന്ന് വന്ന സ്വഭാവങ്ങൾ എല്ലാം ഉൾപ്പെട്ട ഒരു ജീവിതം. അത് പാപപൂർണ്ണമാണ്.

അതിൽ ആഭിചാരബന്ധനമുണ്ട്; ലക്ഷണം നോക്കലുണ്ട്. രാഹുകാലം നോക്കലുണ്ട്. കവടി നിരത്തലുണ്ട്. ഇതെല്ലാം ഞാൻ ചെയ്തില്ലായിരിക്കും. എന്നാൽ എന്റെ പൂർവ്വികന്മാർ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ശാപങ്ങൾ എന്റെ തലമേൽ വന്ന് വീഴും. പൂർവ്വികന്മാർ വല്ല കൊലപാതകവും നടത്തിയിട്ടുണ്ടോ? വല്ല ബലാൽസംഗവും നടത്തിയിട്ടുണ്ടോ? വല്ലവരുടേയും അതിരുമാറ്റിയിട്ടുണ്ടോ? കൈക്കൂലി വാങ്ങിയിട്ടുണ്ടോ? അഴിമതിക്കു കൂട്ടു നിന്നിട്ടുണ്ടോ? ഇതിന്റെയെല്ലാം ശാപങ്ങൾ നിന്റെ തലമേൽ വരും. ഇതെല്ലാം മാറിക്കിട്ടുക എന്നതാണ് രക്ഷിക്കപ്പെടുക എന്നു പറയുന്നത്.

രക്ഷ സൗജന്യദാനമാണ്. പാപത്തിന്റേയും പിശാചിന്റേയും പിടിയിലുള്ള സകലവും നമ്മിൽ നിന്ന് മാറ്റിയിട്ട് യേശുക്രിസ്തുവിന്റെ സ്വത്ത് നമ്മിലേക്ക് നിക്ഷേപിക്കുന്നു. വിശുദ്ധ തിരുശരീരരക്തങ്ങൾ തരുന്ന രക്ഷയുടെ സൗഭാഗ്യം എന്റെ അവയവങ്ങളിലേക്ക് നിക്ഷേപിക്കുന്നു. കുർബ്ബാനയിൽ യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ നാം ഭക്ഷിക്കുമ്പോൾ നമ്മുടെ ശരീരത്തിൽ യേശുവിന്റെ രക്തം കലരുന്നു. നമ്മുടെ ശരീരം യേശുവിന്റെ ശരീരംപോലെ ആയിത്തീരുന്നു. അങ്ങനെ രക്ഷ അനുഭവമായിത്തീരുന്നു.

നാം കുറ്റവാളികളാണ്. പൂർവ്വികമായി സമ്പാദിച്ച തെറ്റുകളും അതിന്റെ ശാപങ്ങളും എല്ലാം തലമേൽ ഉണ്ട്. നാമായിട്ട് വരുത്തിക്കൂട്ടിയതുമുണ്ട്. ഏതെല്ലാം കള്ളത്തരങ്ങളും സൂത്രങ്ങളും വ്യാജങ്ങളും ദ്രവ്യാഗ്രഹവും അഹങ്കാരവും വന്നുപോയിട്ടുണ്ട്? കോപവും വാശിയും വഴക്കും വന്നുപോയിട്ടുണ്ട്? നാം സമ്പാദിച്ച ഈ എല്ലാ തിന്മകളും നമ്മുടെമേൽ വന്ന് അടിഞ്ഞുകൂടിക്കിടക്കുകയാണ്.

ഇതെല്ലാമാണ് ഒരു നിമിഷംകൊണ്ട് യേശുക്രിസ്തു മാറ്റിക്കളയുന്നത്. കാരണം, യേശുക്രിസ്തുവിനെ ശരീരത്തിൽ നമ്മുടെ ഹൃദയത്തിലും മനസ്സിലും നമ്മുടെ ആളത്വത്തിലും നിക്ഷേപിച്ചു തരുന്നു. മുഴുവൻ ആളത്വവും യേശുമയമായിത്തീരുന്നു. ഈ ഭാഗ്യാനുഭവം ഇവിടെ വച്ച് നാം പ്രാപിക്കണം. ഇത് സൗജന്യമാണ്.

കോടതിയിൽ പ്രതിക്കൂട്ടിൽ പ്രതി നിൽക്കുകയാണ്. കുറ്റം തെളിഞ്ഞു. ശിക്ഷ ഉണ്ടാകും. പക്ഷേ ഈ പ്രതിക്ക് ജഡ്ജിയെ പരിചയമുണ്ട്. കാരണം അവർ ഒരുമിച്ചു പഠിച്ചതാണ്. വലിയ സ്നേഹിതരായിരുന്നു. ജഡ്ജി നീതിയോടെ വിധിച്ചു. പത്തുലക്ഷം രൂപ കെട്ടിവയ്ക്കണം എന്നാൽ തടവിൽ നിന്ന് ഒഴിവാകാം, അല്ലെങ്കിൽ അഞ്ചുവർഷം കഠിന തടവ്. പ്രതി ദയനീയമായി ജഡ്ജിയെ നോക്കി. ജഡ്ജി ഇയാളുടെ മുഖത്തുപോലും നോക്കുന്നില്ല. കാരണം കുറ്റവാളിയാണ്. കുറ്റം തെളിഞ്ഞു കഴിഞ്ഞു. നീതിയോടെ ശിക്ഷ വിധിച്ചു. പ്രതി നിരാശയോടെ ജയിലിലേക്ക് പോകുകയാണ്. ജയിലിന്റെ വാതിൽക്കൽ എത്തിയപ്പോഴേക്കും ഇതാ ഒരാൾ ഓടിവന്ന് ഒരു കടലാസ് പോലീസുകാരന്റെ കൈയിൽ കൊടുത്തു. ഇയാൾ കെട്ടിവെയ്ക്കേണ്ട പത്തുലക്ഷം രൂപയും ജഡ്ജി സ്വന്തം അക്കൗണ്ടിൽ നിന്ന് കൊടുത്തിരിക്കുന്നു. ഇയാൾ സ്വതന്ത്രനായിരിക്കുന്നു.

നമുക്കു പകരമായി കർത്താവായ യേശുക്രിസ്തു ശിക്ഷ ഏറ്റിരിക്കുന്നു. ഇത് വിശ്വസിക്കുന്നത് ഭാഗ്യമാണ്.

സൗജന്യമായി നിങ്ങളെ നീതിമാന്മാരെന്നെണ്ണാൻ യേശുക്രിസ്തുവിനു മനസ്സാണ്. ആ തിരുരക്തം വന്ന് നിങ്ങളെ പൊതിയുന്നത് നിങ്ങൾക്ക് അനുഭവിക്കാം. ഒരു വലിയ സംരക്ഷണത്തിന്റെ വലയം കർത്താവ് നിങ്ങൾക്ക് ചുറ്റും ഒരുക്കുന്നത്, പാപത്തെ നിങ്ങൾ ഭയത്തോടെ കണ്ട് മാറി നിൽക്കുന്നത് നിങ്ങൾക്കനുഭവിക്കാം. അയ്യോ! പാപം വരരുത്, തെറ്റുവരരുത്, പത്തു പൈസയിൽ പോലും ക്രമക്കേടുവരരുത് എന്ന ചിന്ത വരുന്നു. ജീവനുള്ള ക്രിസ്തു നമ്മെ നേരായ വഴിയിൽ നടത്തുന്നു. നിങ്ങൾക്കു വേണമെങ്കിൽ ആ യേശുവിനെ ഏറ്റുവാങ്ങാം. യേശുവിന്റെ രക്തത്താൽ വലയം ചെയ്യപ്പെടാം. രക്ഷിക്കപ്പെടുന്ന ഭാഗ്യാനുഭവം നിങ്ങൾക്ക് പ്രാപിക്കാം.

എന്നെ സ്നേഹിച്ച എന്റെ യേശു എന്റെ പാപം മുഴുവനും ഏറ്റെടുത്തു. എന്റെ അശുദ്ധമായ രക്തം ഏറ്റെടുത്ത് അവന്റെ വിശുദ്ധരക്തം എന്നിലേക്ക് ഒഴുക്കിത്തന്നു. എന്റെ വ്യാജം അവൻ ഏറ്റെടുത്തു, അവന്റെ സത്യം എന്നിലേക്ക് പകർന്നു. എന്റെ കാപട്യം അവൻ ഏറ്റെടുത്തു, അവന്റെ ഉണ്മയായത് എന്നിലേക്ക് പകർന്നു. എന്റെ അശുദ്ധി അവൻ ഏറ്റെടുത്തു, അവന്റെ വിശുദ്ധി എനിക്കു തന്നു.

അതുകൊണ്ടാണ് അവൻ അടികൊണ്ടത്. അതുകൊണ്ടാണ് അവൻ തുപ്പലേറ്റത്. എന്റെ പാപം, മകനേ, മകളേ, നിന്റെ പാപം അവൻ ഏറ്റെടുത്തതുകൊണ്ട്, അതുകൊണ്ടാണ് അവൻ അടികൊണ്ടത്. അതുകൊണ്ടാണ് അവൻ കുത്തേറ്റത്. അതുകൊണ്ടാണ് അവൻ കൈകാലുകൾ ആണിതറച്ച് ദയനീയമായ രീതിയിൽ കുരിശിന്മേൽ കിടന്നത്.

എന്റെ അന്ധകാരം, ഇരുളിന്റെ ഭീകരമായ വ്യാപാരം അവൻ ഏറ്റെടുത്തു. അതുകൊണ്ട് കൂരിരുട്ടിന്റെ മധ്യത്തിൽ മൂന്നു മണിക്കൂർ അവൻ കിടന്നു, അവന്റെ വെളിച്ചം എന്നിലേക്കു പകരാൻ. ഇതു നിങ്ങൾ വിശ്വസിക്കുമ്പോഴാണ് നിങ്ങൾക്ക് തിരുരക്തത്താലുള്ള ആച്ഛാദനം കിട്ടുന്നത്.

മകനേ, നിന്റെ വേശ്യാവൃത്തിയും വ്യാജഭാവവും പുറത്തു പറയാൻ ലജ്ജാകരമായ നിന്റെ അശുദ്ധിയുള്ള ജീവിതവും എല്ലാം അവൻ ഏറ്റെടുത്തു എന്ന കാര്യം നീ മറന്നുകളയരുത്. മകളേ, നിന്റെ ജീവിതത്തിലെ എല്ലാതിന്മകളും എല്ലാദുഷ്ടതകളും എല്ലാ പരിഭവങ്ങളും എല്ലാ പരാതികളും എല്ലാ അശുദ്ധിയും അവൻ ഏറ്റെടുത്തു എന്ന് നീ മറന്നുകളയരുത്.

അതെല്ലാം അവൻ ഏറ്റെടുത്തിട്ട് നിനക്ക് സൗജന്യമായി മോചനം തരികയാണ്. അതാണ് സൗജന്യമായ വീണ്ടെടുപ്പ്. അതാണ് സൗജന്യമായ രക്ഷ. അതാണ് സൗജന്യമായ നീതീകരണം. ഈ രക്ഷ ഇന്ന് നിങ്ങളുടെ അരികത്ത് വന്ന് മുട്ടുകയാണ്. ഇന്ന് നിങ്ങളുടെ ഹൃദയവാതിൽക്കൽ വന്ന് രക്ഷകൻ മുട്ടുകയാണ്.

മകനേ, നിന്റെ ഹൃദയവാതിൽ നീ എനിക്കു വേണ്ടി തുറന്നാൽ ഞാൻ അകത്തു വരാം. മകളേ, നീ എന്റെ ശബ്ദം കേട്ട് നിന്റെ ഹൃദയത്തിന്റെ വാതിൽ തുറന്നാൽ ഞാൻ അകത്തേക്കു വരാം. ഞാൻ ബലം പ്രയോഗിച്ച് തുറക്കുകയില്ല. തള്ളിതുറക്കുകയില്ല. എന്നാൽ നീ സ്വന്തമായി തുറന്നിട്ട് എന്നെ വിളിച്ചാൽ ഞാൻ അകത്തു വരാം.

നിങ്ങളിന്ന് സാത്താനോട് യാത്രപറയുക. യേശുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുക. ഹൃദയവാതിൽക്കൽ മുട്ടുന്ന രക്ഷകനെ ഉള്ളത്തിലേക്ക് കൈക്കൊള്ളുക.

യേശുവേ, നീ പുറത്തുവന്ന് നില്ക്കേണ്ടവനല്ല. നീ രാജാവാണ്. നീ എന്റെ കർത്താവാണ്. നീ എന്റെ ഉടമസ്ഥനാണ്. നീ എന്റെ രക്ഷകർത്താവാണ്. നീ എന്റെ നാഥനാണ്. നീ അകത്തേക്കു വരേണ്ടവനാണ്, പുറത്തുനിൽക്കേണ്ടവനല്ല. നീ അന്യനല്ല. നീ എന്റെ വീണ്ടെടുപ്പുകാരനാണ്. നാഥാ! നീ അകത്തേക്കു വരണമേ.

യേശുവേ, തിരുരക്തത്തിന്റെ അടയാളം എനിക്കു തരണമേ. സംഹാരകൻ എന്നെ തൊടാതിരിപ്പാൻ തിരുരക്ത

ത്താൽ എന്നെ മുദ്രയിടണമേ. തിരുരക്തത്താൽ എന്നെ പൊതിയണമേ.

യേശുവേ, ഇന്ന് നിന്റെ തിരുരക്തത്താൽ എന്നെ പൊതിഞ്ഞാൽ ആ രക്തത്തെ മാനിച്ച് ഞാൻ ജീവിക്കും. എന്നെ പൊതിഞ്ഞ നിന്റെ തിരുരക്തത്തെ അശുദ്ധമാക്കാൻ ഞാൻ ഇടവരുത്തുകയില്ല. ആ രക്തത്തെ ഞാൻ മലിനപ്പെടുത്തുകയില്ല. ആ രക്തത്തിന് അശുദ്ധിവരാൻ ഞാൻ സമ്മതിക്കയില്ല. ആ രക്തത്തെ പരിപാവനമായി കണ്ടുകൊണ്ട് ഇന്നുമുതൽ ഞാൻ പരിശുദ്ധനായി ജീവിക്കും.

വിശുദ്ധിയുള്ള ദൈവപുരുഷനായിത്തീരണമെങ്കിൽ ആത്മാവിനെ പ്രാപിക്കണം. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത് എങ്ങനെയെല്ലാമാണ്?

> *"രാജാക്കന്മാർ നിന്റെ പോറ്റപ്പന്മാരും അവരുടെ രാജ്ഞികൾ നിന്റെ പോറ്റമ്മമാരും ആയിരിക്കും; അവർ നിന്നെ സാഷ്ടാംഗം വണങ്ങി, നിന്റെ കാലിലെ പൊടി നക്കും; ഞാൻ യഹോവ എന്നും എനിക്കായി കാത്തിരിക്കുന്നവർ ലജ്ജിച്ചുപോകയില്ല എന്നും നീ അറിയും."* *യെശയ്യാവ് 49 : 23*

കാത്തിരുന്നാൽ, കാത്തിരുന്ന് ബലം പ്രാപിച്ചാൽ ലജ്ജിച്ചുപോകയില്ല. അവൻ ദരിദ്രന്മാരെ കുപ്പയിൽ നിന്ന് ഉയർത്തുന്നു. വിശന്നിരിക്കുന്നവരെ നന്മകളാൽ നിറയ്ക്കുന്നു. സമ്പന്നന്മാരെ അവൻ വെറുതെ അയച്ചു കളയുന്നു. കുനിഞ്ഞിരിക്കുന്നവരെ നിവർത്തുന്നു. താണവരെ ഉയർത്തുന്നു. അവൻ ക്ഷീണിതരെ താങ്ങുന്നു. ബലഹീനരെ സഹായിക്കുന്നു. ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുന്നു. താണുപോയവരെ ഉയർത്തുന്നു. യഹോവയ്ക്കായി കാത്തിരിക്കുന്നവർ ലജ്ജിച്ചു പോകയില്ല.

അനേകർക്ക് ലജ്ജയുണ്ട്. അനേകർക്ക് മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു താഴ്ചയുണ്ട്. അപകർഷതാ

ബോധം! ഇതുവരെ വിവാഹം നടന്നില്ല. വിവാഹം കഴിഞ്ഞു, വർഷങ്ങളായി ഒരു കുഞ്ഞിനെ കിട്ടിയില്ല. ഭർത്താവ് കുടിച്ചു ലക്കില്ലാതെ വീട് മുടിച്ചുകൊണ്ടിരിക്കുന്നു. ഭാര്യയ്ക്ക് മനുഷ്യരുടെ മുഖത്തു നോക്കാൻ സാധിക്കുന്നില്ല. സ്വന്തം വീട്ടിൽ ഭർത്താവ് വന്നാൽ ഒന്ന് മാന്യമായി സംസാരിക്കാൻ പോലും അറിയില്ല. ആ സ്ത്രീക്ക് ലജ്ജയുണ്ട്. ആവശ്യത്തിന് പത്തു രൂപ എടുക്കാൻ കൈയിലില്ല. ജീവിതത്തിൽ ചില പരാധീനതകളും പ്രയാസങ്ങളും വന്നു. അതിൽനിന്ന് കരകയറാൻ സാധിക്കുന്നില്ല. ആ പുരുഷന് ലജ്ജയുണ്ട്.

ഓരോ തരത്തിൽ പോരായ്മകളുള്ളവരാണ് എല്ലാവരും. ആരോഗ്യത്തിൽ കുറവുള്ളവരുണ്ട്. സൗന്ദര്യത്തിൽ കുറവുള്ളവരുണ്ട്. വിദ്യാഭ്യാസത്തിൽ കുറവുള്ളവരുണ്ട്. വരുമാനത്തിൽ കുറവുള്ളവരുണ്ട്. ഈ ലോകത്തിലെ ജീവിത ചുറ്റുപാടുകളിൽ കുറവുള്ളവരുണ്ട്.

എവിടെയാണോ നിങ്ങൾക്ക് അപകർഷതയുള്ളത്, എവിടെയാണോ പോരായ്മയുള്ളത്; നിങ്ങളുടെ ലജ്ജ ദൈവത്തോടു പറയാം. നിങ്ങളുടെ പരാധീനത, നിങ്ങളുടെ പോരായ്മ ദൈവത്തോടു പറയാം.

ഞാൻ അനാഥനായിരുന്നു. അപ്പനില്ലാത്തവനായിരുന്നു. എന്റെ അപ്പന്റെ മുഖം ഞാൻ കണ്ടിട്ടില്ല. ഒരു വയസ്സിൽ അപ്പൻ മരിച്ചുപോയി. അപ്പന്റെ ലാളനം അനുഭവിച്ചിട്ടില്ല. ഞാൻ താണവനായിരുന്നു. വിലകെട്ടവനായിരുന്നു. ആക്ഷേപിക്കപ്പെട്ട മനുഷ്യനായിരുന്നു. നിന്ദിക്കപ്പെട്ട മനുഷ്യനായിരുന്നു. എല്ലാവർക്കും സഹതാപമുള്ള ആളായിരുന്നു. പക്ഷേ, ആ സഹതാപം തന്നെ എനിക്ക് വേദനയായിരുന്നു. എന്റെ കാര്യം പറയാൻ ആരുമില്ലല്ലോ എന്ന ചിന്ത.

മനസ്സ് ഉഷ്ണിച്ചു വിഷമിച്ചു പോയവർ, നിരാശയിലാണ്ടുപോയവർ, ഞാൻ എന്തിനു ജീവിക്കണമെന്ന് ഓർക്കുന്നവർ കേൾക്കൂ, നിങ്ങളെ സ്നേഹിക്കുന്ന യേശു നിങ്ങളുടെ

ലജ്ജ മാറ്റിത്തരും. അവൻ നിങ്ങളുടെ മുഖത്തെ നിന്ദ തുടച്ചു നീക്കിത്തരും. അവൻ നിങ്ങളുടെ മുഖത്തെ പ്രകാശിപ്പിക്കും. അവൻ നിങ്ങളെ വിലയേറിയവരായി എണ്ണും. അവൻ നിങ്ങൾക്ക് മാന്യത തരും; വില തരും. അവൻ നിങ്ങൾക്ക് അഭിമാനം തരും. നിങ്ങളെ ഉയർത്തും. നിങ്ങളെ വളർത്തും. അവൻ നിങ്ങളുടെ കാര്യം അന്വേഷിക്കും.

യേശു നിന്റെ കണ്ണുനീരു തുടച്ചു തരും. നിന്റെ മുഖത്തിന്റെ നിന്ദ മാറ്റിത്തരും. ഏതിലെല്ലാമാണ് നിനക്ക് അപകർഷതയുള്ളത്? ഏതെല്ലാം കാര്യത്തിലാണ് നിനക്ക് പോരായ്മയുള്ളത്? ഏതെല്ലാം കാര്യത്തിലാണ് നിനക്ക് വീഴ്ചയുള്ളത്? എവിടെയെല്ലാമാണ് നിനക്ക് തോൽവി സംഭവിച്ചത്? എവിടെയെല്ലാമാണ് നിനക്ക് പരാജയം വന്നുപോയത്? അവിടെയെല്ലാം നിന്നെ ജയിപ്പിക്കാൻ യേശു ജീവിക്കുന്നു.

അവൻ നിന്റെ അരികത്തു വന്നു നിന്ന് നിന്നോട് ഇടപെടുകയാണ്. അവൻ നിന്നെ സ്നേഹിക്കുകയാണ്. ഓമനപ്പേർ ചൊല്ലി വിളിക്കുകയാണ്. അവന് നിന്നെ സ്നേഹമാണ്. അവൻ നിന്റെ കാര്യം അന്വേഷിക്കുന്നവനാണ്. നിന്റെ കാര്യം നോക്കുന്നവനാണ്. അവൻ നിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നവനാണ്. നിനക്ക് ശോഭനമായ ഭാവി തരുന്നവനാണ്. നല്ല നാളുകളിലേക്ക് അവൻ നിന്നെ നടത്തും.

അവൻ വാഗ്ദത്തങ്ങളിൽ മാറ്റമില്ലാത്തവനാണ്. അവൻ വിശ്വസ്തനായ ദൈവമാണ്. വാക്കുമാറാത്ത ദൈവമാണ്. ദൈവം ചോദിക്കുകയാണ്, മനുഷ്യൻ വാക്കുമാറും; ഞാൻ വാക്കു മാറുമോ? പെറ്റതള്ള കുഞ്ഞിനെ മറക്കുമോ? പെറ്റതള്ള കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല.

ഒരു സ്ത്രീയ്ക്ക് താൻ പ്രസവിച്ച കുഞ്ഞിനോട് കരുണ തോന്നാതിരിക്കുമോ? എനിക്ക് നിന്നോട് കരുണ തോന്നുകയാണ്. നിന്നെ ഞാൻ നോക്കിക്കൊള്ളാം. നിന്റെ മക്കളുടെ കാര്യം ഞാൻ നോക്കിക്കൊള്ളാം. നിന്റെ തലമുറകളെ ഞാൻ

നോക്കിക്കൊള്ളാം. നിനക്ക് ശോഭനമായ ഭാവി ഞാൻ തന്നു കൊള്ളാം. നിന്റെ ഭാവി ഭാസുരമാക്കിത്തരാം. നിന്റെ ജീവിതം ഞാൻ പ്രകാശമാനമാക്കിത്തരാം. നിന്റെ ലജ്ജ ഞാൻ മാറ്റി ത്തരാം. നിന്റെ നിന്ദ ഞാൻ നീക്കിത്തരാം. നിന്റെ പോരായ്മക ളെല്ലാം നികത്തിത്തരാം.

ലജ്ജ മാറ്റുന്ന ദൈവം! നിന്ദ മാറ്റുന്ന ദൈവം! നിന്റെ ജീവിതത്തിൽ അനുഗ്രഹങ്ങൾ പകരുന്ന ദൈവം! യഹോവ യ്ക്കായി കാത്തിരിക്കുന്നവർ ലജ്ജിച്ചു പോകയില്ല.

നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, നീ എന്റെ മുഖത്തെ ലജ്ജ മാറ്റിത്തരണമേ. കർത്താവേ, നീ എന്റെ മുഖ ത്തുനിന്ന് നിന്ദ തുടച്ചു മാറ്റിത്തരണമേ.

> *"ആ നാളുകൾ കഴിഞ്ഞിട്ട് അവന്റെ ഭാര്യ എലീശ ബെത്ത് ഗർഭം ധരിച്ചു: മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് എന്നെ കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിക്കു ചെയ്തുതന്നിരിക്കുന്നു എന്നു പറഞ്ഞ് അഞ്ചു മാസം ഒളിച്ചു പാർത്തു." ലൂക്കോസ് 1 : 24, 25*

നമ്മെ കടാക്ഷിക്കുന്ന ദൈവം! കർത്താവേ, മനുഷ്യരുടെ ഇടയിൽ ഞാൻ വില കുറഞ്ഞവനാണ്. നിന്ദയുണ്ട്. എന്റെ മക്കൾ പഠിക്കുന്നില്ല. എത്രപ്രാവശ്യം ഡോക്ടറെ കണ്ടു, ഒരു കുഞ്ഞുണ്ടാകാൻ കഴിഞ്ഞില്ല. എത്രമാത്രം പ്രാർത്ഥിച്ചു, എന്റെ മകൾക്ക് ഒരു വിവാഹം വന്നില്ല. ഇങ്ങനെ ഓരോ വിഷ യവും എടുത്തുകൊണ്ട് ദൈവസന്നിധിയിൽച്ചെന്ന് ശാന്തമാ യിരുന്നുകൊണ്ട് നിങ്ങൾ പറയണം. കർത്താവേ, എന്റെ നിന്ദ മാറ്റുവാൻ നീ എന്നെ കടാക്ഷിക്കണം. ആ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്നു വയ്ക്കണം. എന്റെ കുടുംബ ത്തിലെ കോപാവേശം മാറ്റിത്തരണം. എന്റെ കർത്താവേ, എന്റെ കുടുംബത്തിൽ നിന്ന് ഈ നിന്ദയെ മാറ്റിത്തരണം.

"ഈ നാളിൽ അവൻ ഇങ്ങനെ എനിക്ക് ചെയ്തു തന്നു."

എന്തൊരു സന്തോഷത്തോടെയാണ് എലീശബെത്ത് ഇത് പറയുന്നത്. എലീശബെത്തിന് ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. മച്ചി എന്നു പറഞ്ഞ് ആളുകൾ നിന്ദയോടു കൂടിയാണ് കണ്ടുകൊണ്ടിരുന്നത്. പക്ഷേ സ്വർഗ്ഗത്തിലെ ദൈവത്തോടു പ്രാർത്ഥിച്ചു. അപ്പോൾ കാര്യങ്ങൾ മാറി.

ലൂക്കോസിന്റെ സുവിശേഷം ഒന്നാമദ്ധ്യായത്തിൽ ദൂതൻ അവനോടു പറഞ്ഞത്: "സെഖര്യാവേ ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി" എന്നാണ്. ആശയറ്റുപോയപ്പോഴും സെഖര്യാവ് മടുക്കാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "നിന്റെ ഭാര്യ എലീശബെത്ത് ഒരു മകനെ പ്രസവിക്കും." സെഖര്യാവ് അത്ഭുതപ്പെട്ടു. എങ്ങനെ സംഭവിക്കും? സാധ്യതയില്ല. കാരണം, അവൾ മച്ചിയാണ്. ഉത്തരം കിട്ടാത്ത കാര്യങ്ങളുമായി, ഇനി ആശയ്ക്ക് വകയില്ല എന്നു ചിന്തിക്കുന്നവർ ആരെല്ലാം ഈ വാക്കുകളെ കേൾക്കുന്നുണ്ട്? ഭാവി ഇരുളടഞ്ഞു എന്നു പറഞ്ഞിരിക്കുന്നവർ ആരെല്ലാമുണ്ട്? ആത്മഹത്യ ചെയ്യാം എന്നു ചിന്തിച്ചിരിക്കുന്നവർ ആരെല്ലാമുണ്ട്? ഇന്ന് നിന്റെ പ്രാർത്ഥനക്ക് ഉത്തരമായി നിന്റെ ജീവിതത്തിലെ നിന്ദ മാറ്റുവാൻ കർത്താവ് നിന്നെ കടാക്ഷിക്കുകയാണ്. ദൈവമേ, നിന്റെ വഴികൾ എത്ര അത്ഭുതം! നിന്റെ വഴികൾ എത്ര അഗോചരം!

യഹോവയ്ക്കായി കാത്തിരിക്കുക. അവൻ നിന്റെ ലജ്ജ മാറ്റിത്തരും. അതിന് അവൻ ക്രൂശിൽ ലജ്ജിതനായി കിടന്നു; കുരിശിൽ നിന്ദിതനായി കിടന്നു. നാണത്തോടെ, അവൻ അർദ്ധനഗ്നനായി കുരിശിന്മേൽ കിടന്നു. ദുഃഖവെള്ളിയാഴ്ച ദിവസം സ്രഷ്ടാവിനെ മദ്ധ്യാഹ്നത്തിൽ നഗ്നനായി കണ്ടപ്പോൾ സൂര്യൻ പരിഭ്രമത്തോടെ കണ്ണ് അടച്ചുപിടിച്ചു. ആറാം മണിനേരം മുതൽ ഒമ്പതാം മണി നേരംവരെ ദേശത്തെല്ലാം ഇരുട്ടുണ്ടായി.

എനിക്കുവേണ്ടി, എന്റെ ലജ്ജ മാറ്റുവാൻ, എന്റെ നിന്ദ മാറ്റുവാൻ യേശു കുരിശിന്മേൽ നിന്ദിതനായി കിടന്നു.

കുരിശിന്മേൽ കിടന്ന് നിന്ദയേറ്റവനെ നിങ്ങൾക്കു വേണമെങ്കിൽ സ്വന്തമാക്കാം.

ഇന്ന് നിങ്ങളുടെ നിന്ദ മാറ്റുവാൻ സ്വർഗ്ഗത്തിലെ ദൈവം കടന്നുവന്ന് നിങ്ങളുടെമേൽ തന്റെ കരം വയ്ക്കുന്ന ദിവസമാണ്. നിങ്ങളുടെ അപമാനം മാറ്റുവാൻ, സ്വർഗ്ഗത്തിലെ നിത്യനായ ദൈവം, രാജാധിരാജനായ യേശുക്രിസ്തു നിങ്ങളുടെ സമീപത്തു നിന്നുകൊണ്ട്, അവന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെമേൽ വയ്ക്കുന്ന അത്ഭുതനിമിഷമാണ്.

ഈ നിമിഷം നിങ്ങൾ നഷ്ടപ്പെടുത്തരുത്. യേശുവിനോട് നിങ്ങൾ വാക്കുപറയൂ: എന്നെ സ്നേഹിച്ച നിത്യസ്നേഹമേ, നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം ഞാൻ ഇന്നുമുതൽ നയിക്കും. എന്നെ സ്നേഹിച്ച് കുരിശിൽ മരിച്ച നിത്യസ്നേഹമേ, എന്നെ സ്നേഹിച്ച് തിരുവിലാവിൽനിന്ന് തിരുനിണം വാർന്ന അത്ഭുത സ്നേഹമേ, ഇന്ന് മുതൽ ഞാൻ നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം തുടങ്ങും. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വകയായി ജീവിക്കും.

## എട്ട്

പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനെക്കുറിച്ചും കാത്തിരിപ്പിനെക്കുറിച്ചുമാണ് നാം ചിന്തിച്ചുവരുന്നത്. പരിശുദ്ധാത്മാവിന് വേണ്ടിയുള്ള കാത്തിരിപ്പ്: "എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും." പരിശുദ്ധാത്മാവ് എന്ന ദാനം ലഭിച്ചാൽ മാത്രമേ നമ്മുടെ സ്വഭാവം മാറുകയുള്ളൂ; ഉള്ളിൽ സമാധാനം വരികയുള്ളൂ. അത്ഭുതങ്ങൾ നടക്കുകയുള്ളൂ. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ എന്താണ് വേണ്ടത്?

ഒരു കഥ വായിച്ചു. ഒരു ദേശത്ത് ഒരു ധനാഢ്യനായ മനുഷ്യനുണ്ടായിരുന്നു. അദ്ദേഹത്തിന് ഭാര്യയും ഒരു മകനുമുണ്ട്. ഒറ്റയ്ക്കൊരു മകൻ. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു. അദ്ദേഹം തന്റെ സ്വത്തെല്ലാം വിറ്റ് സ്വരുക്കൂട്ടി വേറൊരു നാട്ടിലേക്ക് പോയി. അവിടെ ചെന്ന് ഏറെ താമസിയാതെ ഏക മകനും മരിച്ചു. അദ്ദേഹം നിരാശനായി. ആ നാട്ടിലുള്ളവർക്ക് അദ്ദേഹത്തെ അത്ര പരിചയമില്ല; വേറെ നാട്ടിൽ നിന്നും വന്നയാളല്ലേ? ഏറെനാൾ കഴിയുംമുമ്പേ ഇദ്ദേഹവും മരിച്ചു. ഇനി ഈ സ്വത്തിന്റെയെല്ലാം അവകാശം ആർക്കാണ്? ഇദ്ദേഹം വല്ല വിൽപ്പത്രവും എഴുതിവച്ചിട്ടുണ്ടോ? ആളുകൾ വീട് അരിച്ചുപെറുക്കിനോക്കി. ഒന്നും എഴുതിവെച്ചിട്ടില്ല.

അവസാനം സർക്കാർ, കാര്യം ഏറ്റെടുത്ത് സ്വത്തെല്ലാം സർക്കാരിന്റേതാക്കിയെടുക്കാൻ തീരുമാനിച്ചു. ഗവൺമെന്റിൽ

നിന്നും ഉദ്യോഗസ്ഥർ വന്ന് നോട്ടീസ് പരസ്യപ്പെടുത്തിയതിന് ശേഷം സാധനങ്ങളെല്ലാം ലേലം ചെയ്യാൻ തുടങ്ങി. ആളുകൾ ധാരാളംപേർ വന്നു. വീട്ടിലെ ഓരോരോ സാധനങ്ങളായി ലേലം ചെയ്യുന്നു. ആ കൂട്ടത്തിൽ അവിടുത്തെ മോന്റെ ഒരു ഫോട്ടോയുണ്ട്. അതും ലേലം ചെയ്യാമെന്ന് വിചാരിച്ചു. അതിന് ആർക്കും വലിയവില തോന്നിയില്ല. പക്ഷേ, ഈ കുഞ്ഞിനെ വളർത്തിയ ഒരു ആയയുണ്ടായിരുന്നു. ഈ ആയയ്ക്ക് ആ കുഞ്ഞിനോട് വലിയ സ്നേഹമായിരുന്നു. ആ കുഞ്ഞിന്റെ ഫോട്ടോ എങ്കിലും വേണമെന്ന് അവൾ ആഗ്ര ഹിച്ചു. പൈസയൊന്നും മുടക്കാൻ മാർഗ്ഗമില്ലാത്തവളാണ്. നിസ്സാരപൈസക്ക് ഇവൾക്ക് ആ ഫോട്ടോ കിട്ടി. കാരണം വേറെ ആരും അത് വിളിച്ചില്ല.

എന്നാൽ ആ ഫോട്ടോയുടെ പിറകിൽ ഒരു കടലാസ് വച്ചിരിക്കുന്നു. ഈ ഫോട്ടോ ആർക്ക് ഉടമസ്ഥാവകാശം കിട്ടു ന്നുവോ ആ ആൾക്ക് സ്വത്തിന്റെ മുഴുവന്റെയും ഉടമസ്ഥാവ കാശം! സ്വത്തെല്ലാം അവൾക്ക് കിട്ടി. എന്താണു കാരണം? അവൾ ആ കുഞ്ഞിനെ സ്നേഹിച്ചു. എന്തുവില കൊടുത്തും ആ ഫോട്ടോ വാങ്ങണം എന്നവൾ വിചാരിച്ചു. അവൾക്ക് സർവ്വവും കിട്ടി. ഇതൊരു കഥയാണ്. ഈ കഥയുടെ അർത്ഥ മെന്താണ്?

നമ്മൾ ഒരു പത്തു പൈസപോലും മുടക്കാതെ ക്രിസ്തു വിനെ സ്നേഹിച്ചാൽ പരിശുദ്ധാത്മാവിനെ കിട്ടും. ക്രിസ്തു വിനെ സ്നേഹിക്കുക. ക്രിസ്തുവിനെ സ്നേഹിക്കാൻ നിങ്ങൾ തയ്യാറാകുമോ? നിങ്ങൾക്ക് ഏറ്റവും നല്ലതെന്ന് തോന്നുന്ന തെല്ലാം കർത്താവ് തരും, സംശയിക്കേണ്ട. യേശുവിനോടുള്ള സ്നേഹത്താൽ പ്രചോദിതമായി നിങ്ങൾ യേശുവിനുവേണ്ടി ദാഹിക്കുമെങ്കിൽ സകലവും നമുക്ക് ലഭിക്കും.

വേദപുസ്തകം പറയുന്നു: “ദൈവം നമുക്ക് അനുകൂല മെങ്കിൽ നമുക്ക് പ്രതികൂലം ആര്? സ്വന്തപുത്രനെ ആദരി

ക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏൽപ്പിച്ചു തന്നവൻ അവ നോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?" റോമർ 8 : 31 – 33. അതിൽ രോഗസൗഖ്യമുണ്ട്, കടംമാറുന്ന കാര്യമുണ്ട്, വീട് വയ്ക്കുന്ന കാര്യമുണ്ട്, കല്യാണം നടക്കുന്ന കാര്യമുണ്ട്, കുടുംബത്തിലെ സ്വൈരക്കേട് മാറുന്ന കാര്യമുണ്ട്, പിള്ളേ രുടെ സ്വഭാവം മാറുന്ന കാര്യമുണ്ട്, വിദ്യാഭ്യാസം ശരിയാ കുന്ന കാര്യമുണ്ട്. പരീക്ഷ പാസ്സാകുന്ന കാര്യമുണ്ട്. ജോലി കിട്ടുന്ന കാര്യമുണ്ട്. Promotion ന്റെ കാര്യമുണ്ട്; ഇതെല്ലാം ഭൗതികമായ കാര്യങ്ങൾ.

ആത്മീയമായി പറഞ്ഞാൽ പാപം മാറുന്ന കാര്യമുണ്ട്, കോപം മാറുന്ന കാര്യമുണ്ട്, അശുദ്ധി മാറുന്ന കാര്യമുണ്ട്, നമ്മുടെ ഇഷ്ടക്കുറവ്, വൈരാഗ്യം, പക, വിദ്വേഷം, അസൂയ, അഹങ്കാരം, അലസത ഇതെല്ലാം മാറുന്ന കാര്യമുണ്ട്. "അവ നോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?" റോമർ 8 : 32

ക്രിസ്തുവിനെ നിങ്ങൾ വിശ്വസിക്കുക. നിങ്ങൾ മുട്ടിന്മേ ലിരുന്നുകൊണ്ട് കർത്താവിനോടു പറയണം: കർത്താവേ, ഞാനൊരു ആവശ്യക്കാരനായി തിരുമുമ്പാകെ വന്നിരിക്ക യാണ്. എനിക്ക് വിളിച്ചപേക്ഷിപ്പാൻ വേറെ ആരുമില്ല. എന്റെ സങ്കടം പറയാൻ എനിക്കാരുമില്ല. എന്റെ സങ്കടത്തിന് പരി ഹാരം തരാൻ ആർക്കും കഴിയുകയില്ല. കർത്താവേ, ഞാൻ നിന്റെ പാദപീഠത്തിലേക്ക് വരികയാണ്. എന്റെ ഈ പ്രശ്നത്തിൽ നീ ഒന്ന് തൊടണം. ഈ കാര്യത്തിൽ നിന്റെ കരം വയ്ക്കണം.

കർത്താവേ, ഞാൻ എന്റെ ആയുസ്സ് നിന്നെ ഏൽപ്പിച്ച തല്ലേ? എന്നേയും എനിക്കുള്ള സകലതിനേയും നിന്റെ കരങ്ങ ളിലേക്ക് തന്നതല്ലേ? എന്നെ നിനക്ക് സമർപ്പിച്ചതല്ലേ? ഇതെന്റെ ആവശ്യമാണ്. "ഹൃദയത്തിലെ ആഗ്രഹങ്ങളെ ഞാൻ നിനക്ക് തരും" എന്നല്ലേ നിന്റെ വചനം? ആ വാഗ്ദത്തത്തെ മുറുകെ

പിടിച്ചുകൊണ്ട് ഞാൻ തിരുമുമ്പാകെ വരുന്നു. നീ ജീവിക്കുന്നു; നീ എന്നെ സ്നേഹിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ പാപം ഏറ്റ്, എന്റെ ശിക്ഷ നീ വഹിച്ച് കുരിശിൽ മരിച്ചു എന്നും നിന്റെ തിരുരക്തം സകലപാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് നാഥാ! എന്റെ അരികിൽ വന്ന് നിന്റെ കരം എന്റെ തലമേൽ വച്ച് എന്റെ ഈ പ്രശ്നത്തിൽ നിന്റെ കരം വയ്ക്കണമേ. എന്റെ ഈ രോഗത്തിൽ, എന്റെ ഈ കടത്തിൽ എന്റെ മനസ്സിന്റെ വേദനയിൽ, എന്റെ കുടുംബത്തിലെ ക്ലേശത്തിൽ നിന്റെ കരം വയ്ക്കണമേ. കർത്താവേ, എന്റെ ജീവിതത്തിൽ വന്നിരിക്കുന്ന ഈ വലിയ പ്രതിസന്ധിയിൽ നിന്റെ തിരുരക്തം പുരട്ടണമേ. ഏത് വലിയ പ്രശ്നവും നിങ്ങൾക്ക് യേശുവിന്റെ അരികിലേക്ക് കൊണ്ടുചെല്ലാം.

വിശ്വസിക്കൂ. കൃപയുടെ ഉടയവൻ നിങ്ങളുടെ അരികത്തേക്ക് വന്നിട്ടുണ്ട്. ഇന്നൊരു വിശേഷ ദിവസമാണ്. ഇന്നൊരു സൗഭാഗ്യ ദിവസമാണ്. ഇത് യഹോവയുണ്ടാക്കിയ ദിവസം, ദൈവം കരുതിയ ദിവസമാണ്. ഇന്ന് സ്വർഗ്ഗം തുറന്നിരിക്കുന്ന ദിവസമാണ്. നിങ്ങൾക്കുവേണ്ടി അനുഗ്രഹത്തിന്റെ കലവറ തുറക്കുന്ന ദിവസമാണ്. നിങ്ങളുടെമേൽ ആത്മാവിനെ പകരുവാൻ കർത്താവ് കണ്ടിരിക്കുന്ന ദിവസമാണ്. പിന്മാറിപ്പോയവർ തിരികെ വരുന്ന ദിവസമാണ്. പാപത്തിന്റെ ചതിക്കുഴിയിൽപെട്ട് പോയവർ, അശുദ്ധമായ സാഹചര്യത്തിൽപെട്ട് നശിച്ചുപോയവർ, ഇനി ഞാൻ എഴുന്നേൽക്കില്ല എന്നു പറഞ്ഞിരിക്കുന്നവർ, എന്റെ ഭാവി തീർന്നില്ലേ എന്നു പറഞ്ഞ് നിരാശപ്പെട്ടിരിക്കുന്നവർ, ഇനി എനിക്ക് ആശയ്ക്ക് വകയില്ല, മരിച്ചാൽ മതിയെന്ന് കരുതിയിരിക്കുന്നവർ, എല്ലാവരും വിശ്വസിക്കൂ, യേശു ജീവിക്കുന്നു! യേശു നിങ്ങളെ സ്നേഹിക്കുന്നു! യേശു നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്. യേശു നിങ്ങളെ

കരുതുന്നു!

ഒരു ചെറുപ്പക്കാരൻ കടൽപ്പുറത്തുകൂടെ നല്ല വേഗത്തിൽ നടന്നു പോകുകയാണ്. ഉടനെ ഒരാൾ തന്റെ സഞ്ചിയിൽനിന്നും ഒരു പുതിയനിയമത്തിന്റെ. കോപ്പിയെടുത്തു, അവന്റെ പിന്നാലെ ഓടിയെത്തി: "നിൽക്ക്, ഇതു കൊണ്ടുപൊയ്ക്കൊള്ളൂ." "വേണ്ട, ഇതൊന്നും എനിക്കു വേണ്ട. നിങ്ങൾക്കൊരു തൊഴിലില്ലേ?" എന്നു പറഞ്ഞുകൊണ്ട് അവൻ വീണ്ടും ഓടി. പിറകെ വരുന്നയാളും പിന്നാലെ ഓടി. "വേദപുസ്തകം വായിക്കാൻ സമയമില്ലെങ്കിൽ വേണ്ട, ഞാൻ ഒരു tract തരാം. ഒരു കഷണം കടലാസ്സേ ഉള്ളൂ. നിൽക്ക്, യേശു നിന്നെ സ്നേഹിക്കുന്നു." "ഇല്ല, എന്നെ ആർക്കും സ്നേഹിക്കാൻ പറ്റുകയില്ല." ആ ചെറുപ്പക്കാരൻ സാവധാനം നിന്നു. പിറകെ ചെന്നയാൾ അദ്ദേഹത്തോട് സംസാരിച്ചു.

അപ്പോഴാണ് കാര്യമറിയുന്നത്. അവൻ കടലിൽ ചാടി ആത്മഹത്യ ചെയ്യാൻ പോവുകയായിരുന്നു. കടുത്ത നിരാശ. ജീവിതത്തിന്റെ സന്തോഷമെല്ലാം നഷ്ടപ്പെട്ട് മരിക്കാനുള്ള ഓട്ടമായിരുന്നു. അദ്ദേഹം ആ ചെറുപ്പക്കാരനോടു സംസാരിച്ചു; വചനം പിന്നെയും പിന്നെയും പറഞ്ഞു. യേശുവിനെക്കുറിച്ച് പറഞ്ഞു. ആരും നിനക്കില്ലെങ്കിലും യേശു നിനക്കുണ്ട്, ഞാനും നിന്നെ സ്നേഹിക്കുന്നു എന്നു പറഞ്ഞു. അവൻ ചോദിച്ചു: അതിന് നിങ്ങൾക്ക് എന്നെ പരിചയമില്ലല്ലോ. "പരിചയമുണ്ടായിട്ടല്ല. യേശു നിന്നെ സ്നേഹിക്കുന്നതുകൊണ്ട് ഞാനും നിന്നെ സ്നേഹിക്കുന്നു. ഞാൻ യേശുവിന്റെ മകനാണ്. അതുകൊണ്ടാണ് ഞാൻ നിന്നെ സ്നേഹിക്കുന്നത്." ആ ചെറുപ്പക്കാരൻ ആത്മഹത്യയുടെ ഉദ്യമത്തിൽനിന്നും മാറി. അവൻ പിൽക്കാലത്ത് ഒരു സുവിശേഷകനായിത്തീർന്നു.

നിരാശപ്പെട്ടുപോയവരുണ്ട്. ഇനി എഴുന്നേൽക്കില്ല എന്നു പറഞ്ഞിരിക്കുന്നവരുണ്ട്. ഇനി എന്റെ ജീവിതത്തിൽ പ്രതീക്ഷയ്ക്ക് യാതൊരു കാര്യവുമില്ല എന്നു പറയുന്നവരുണ്ട്.

എന്നെ ആർക്കും സ്നേഹിക്കാൻ സാധിക്കില്ല എന്നു പറഞ്ഞിരിക്കുന്നവരുണ്ട്. എന്റെ കുടുംബം തകർന്നില്ലേ എന്നു പറഞ്ഞിരിക്കുന്നവരുണ്ട്. എന്റെ ഭർത്താവിന് എന്നോടല്ല, മറ്റാരോടോ ഒക്കെയാണ് സ്നേഹം എന്നു പറഞ്ഞ് ഭാരപ്പെട്ട് വിഷമിക്കുന്നവരുണ്ട്.

പ്രിയപ്പെട്ടവരേ, നിങ്ങളെ സ്നേഹിക്കുന്ന യേശു, നിങ്ങൾക്ക് തന്റെ ആത്മാവിനെ തരാൻ തയ്യാറാണ്. പരിശുദ്ധാത്മാവിനെ കിട്ടിയാൽ യേശുവിനെ കിട്ടുകയാണ്. സർവ്വശക്തനെയാണ് കിട്ടുന്നത്. "എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും."

പതിനേഴാമത്തെ വയസ്സിൽ ഈ ആത്മാവിന് വേണ്ടിയുള്ള ദാഹം എനിക്ക് കിട്ടി. ആത്മാവ് എന്താണെന്ന് അറിഞ്ഞിട്ടൊന്നുമല്ല. അടുത്തറിയുന്തോറും മഹാസമുദ്രം പോലെ വിശാലമാണ് പരിശുദ്ധാത്മാവിന്റെ കാര്യം. എനിക്ക് മനസ്സിലാകുന്നതുപോലെയായിരിക്കില്ല വേറൊരാൾക്ക് മനസ്സിലാകുന്നത്. കാരണം, ഓരോരുത്തർക്കും ആത്മാവ് ഓരോ വിധത്തിലാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആരാണ്? നമുക്കാർക്കും ബുദ്ധികൊണ്ട് മനസ്സിലാകില്ല, അനുഭവംകൊണ്ട് മനസ്സിലാകും.

പരിശുദ്ധാത്മാവ് വരുമ്പോൾ നമ്മെ സകലസത്യത്തിലും വഴിനടത്താൻ തുടങ്ങും. നിങ്ങളുടെ വിവാഹക്കാര്യം യേശുവിനെ ഏൽപ്പിക്കൂ. ഒരു ദൈവപൈതലായി ജീവിച്ച് എന്റെ ജീവിതം തികയ്ക്കാൻ, ഒരു വിശ്വാസിയായി, വിശുദ്ധനായി ജീവിക്കാൻ പറ്റിയ ബന്ധം തരണമേ എന്നു പ്രാർത്ഥിക്കൂ. എന്റെ ലക്ഷ്യം നിത്യസ്വർഗ്ഗമാണ്. അതെനിക്ക് തടഞ്ഞുപോകരുത്. നിത്യസ്വർഗ്ഗത്തിലെത്തുന്നതിന് ഉതകത്തക്കവണ്ണം ഒരു ബന്ധം എനിക്ക് തരണേ. അതിനുള്ള ഒരു കൂട്ടാളിയെ എനിക്ക് തരണേ എന്ന് പ്രാർത്ഥിക്കണം. അങ്ങനെയുള്ള ഒരു

കുഞ്ഞിനെ എന്റെ വീട്ടിലേക്ക് തരണേ എന്ന് അമ്മമാരും അപ്പന്മാരും പ്രാർത്ഥിക്കണം.

കല്യാണം കഴിഞ്ഞു, മക്കളുണ്ടാകുന്നില്ല. മക്കൾ വേണമെന്നത് നല്ല ആഗ്രഹമാണ്. ഭൗതികമായി മക്കളുണ്ടായില്ലെങ്കിലും എനിക്ക് പരിശുദ്ധാത്മാവിൽ മക്കളെ ജനിപ്പിക്കാൻ ഭാഗ്യം തരണേ, ഞാൻ യേശുവിന്റെ സാക്ഷിയായി നിൽക്കുന്നതുമൂലം പലരേയും വീണ്ടുംജനനത്തിലേക്ക് നയിക്കാൻ ഭാഗ്യം തരണേ എന്ന് പ്രാർത്ഥിക്കണം. അങ്ങനെ നിങ്ങളുടെ ലക്ഷ്യം ശരിയാകുമ്പോൾ ജഢപ്രകാരം നിങ്ങൾക്ക് മക്കൾ വേണമോ? തരാൻ യേശുവിന് കഴിയും.

## ഒൻപത്

"നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നു പോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു." വിശുദ്ധനായ ദൈവപുരുഷനാകുവാൻ ആത്മാവിനെ പ്രാപിക്കണം. അതിന് എന്തുചെയ്യണം?

1. "യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും."
2. "തനിക്കായി കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."
3. "ഞാൻ യാഹോവയ്ക്കായി കാത്തുകാത്തിരുന്നു. അവൻ എങ്കലേക്കു ചാഞ്ഞു, എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ അവൻ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, എന്റെ ദൈവത്തിനു സ്തുതി തന്നേ."
4. ദൈവത്തിന്റെ പരിശുദ്ധാത്മാവിനായി കാത്തിരിക്കുക. "എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി നിങ്ങൾ കാത്തിരിക്കേണം. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും."
5. പരിശുദ്ധാത്മാവിനായി കാത്തിരിക്കുന്നവരെ ദൈവം രക്ഷിക്കും. നിത്യരക്ഷ ലഭിക്കും.
6. ആത്മാവിന്നായി കാത്തിരിക്കുന്നവർ ലജ്ജിച്ചു

പോകയില്ല.

*“ദുഷ്പ്രവൃത്തിക്കാർ ഛേദിക്കപ്പെടും; യഹോവയെ പ്രത്യാശിക്കുന്നവരോ ഭൂമിയെ കൈവശമാക്കും.”*

*സങ്കീർത്തനങ്ങൾ 37 : 9*

യഹോവയെ പ്രത്യാശിക്കുന്നവർ എന്നതിന്റെ ശരിയായ തർജ്ജമ, ‘യഹോവയ്ക്കായി കാത്തിരിക്കുക’ എന്നുള്ളതാണ്. യഹോവയെ കാത്തിരിക്കുന്നവർ, ദൈവത്തെ പ്രത്യാശയോടെ കാത്തിരിക്കുന്നവർ, ദൈവത്തിനായി കാത്തിരിക്കുന്നവർ, അവർ ഭൂമിയെ കൈവശമാക്കും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും. യഹോവയ്ക്കായി പ്രത്യാശിക്കുന്നവർ ഭൂമിയെ അവകാശമാക്കും. നിത്യമായ ആകാശവും ഭൂമിയും! നിത്യമായ വാനഭൂമി, സ്വർഗ്ഗഭൂമി, അവകാശമാക്കും.

ഈ ഭൂമിയിൽ എന്നും ദുരിതം; ഇവിടെ കുടുംബത്തിൽ സ്വൈര്യമില്ല; ഒന്നു വിശ്രമിക്കാൻ സാധിക്കുന്നില്ല. എന്നും കടം, എന്നും രോഗം, എന്നും വഴക്ക്, എന്നും പിണക്കം, എന്നും ശണ്ഠ, എന്നും ആവലാതി, എന്നും തോരാക്കണ്ണീർ. ഇവിടത്തെ പ്രശ്നം തീർന്നിട്ടു വേണ്ടേ അക്കരെയുള്ള കാര്യം ചിന്തിക്കാൻ? മരണശേഷമുള്ള കാര്യം ചിന്തിക്കാൻ?

എന്നാണ് എനിക്കൊരു വിശ്രമമുണ്ടായിട്ടുള്ളത്? പലരും ചിന്തിക്കുന്നതങ്ങനെയാണ്. എന്നും ദുരിതങ്ങൾ, വിശ്രമമില്ല. ആകുലങ്ങൾക്ക് വിശ്രമമില്ല, കഷ്ടപ്പാടുകൾക്ക് വിശ്രമമില്ല, ആവലാതികൾക്ക് വിശ്രമമില്ല, പ്രതിസന്ധികൾക്കു വിശ്രമമില്ല, പ്രശ്നങ്ങൾക്കു വിശ്രമമില്ല; ഒന്നുമാറി ഒന്നുമാറി വന്നു കൊണ്ടിരിക്കുന്നു.

എന്നാൽ നിങ്ങൾ നിത്യമായ സ്വർഗ്ഗരാജ്യം അവകാശമാക്കുമ്പോൾ ഈ ഭൂമിയിൽ എന്തെല്ലാം നിങ്ങൾക്ക് ആവശ്യമുണ്ടോ എല്ലാം നിങ്ങൾക്ക് തന്നിരിക്കും. നിത്യമായ സ്വർഗ്ഗത്തിന്റെ അവകാശം നിങ്ങൾക്ക് കിട്ടിക്കഴിഞ്ഞാൽ,

നിങ്ങളുടെ പാപങ്ങളൊക്കെയും ക്ഷമിച്ചുകിട്ടിക്കഴിഞ്ഞാൽ, നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തു വന്നുകഴിഞ്ഞാൽ, നിങ്ങളുടെ കാര്യങ്ങളെല്ലാം ക്രിസ്തു ഏറ്റെടുക്കും. നിങ്ങളുടെ രോഗത്തിന്റെ കാര്യം, നിങ്ങളുടെ കടത്തിന്റെ കാര്യം, നിങ്ങളുടെ ആവശ്യങ്ങളുടെയും ആകുലതകളുടെയും ആവലാതികളുടേയും കാര്യം, എല്ലാം ക്രിസ്തു ഏറ്റെടുക്കും. നിങ്ങളുടെ മക്കളുടെ കാര്യവും മക്കളുടെ മക്കളുടെ കാര്യവും ക്രിസ്തു ഏറ്റെടുക്കും. സകലവും ക്രിസ്തുവിന്റെ കൈയിൽ ആകും.

"Commit your way unto the Lord, trust also in Him, and He shall bring it to pass."

*"നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."*
*സങ്കീർത്തനങ്ങൾ 37 : 5*

എന്തെല്ലാമാണോ നിങ്ങളുടെ ആവശ്യങ്ങൾ? എല്ലാം നിർവ്വഹിക്കും. പക്ഷേ, ആദ്യം സ്വർഗ്ഗത്തിന്റെ അവകാശം നിങ്ങൾ പ്രാപിക്കണം. നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കണം. ക്രിസ്തുവിന്റെ അരികിലേയ്ക്ക് ചെല്ലാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ക്രിസ്തുവിന്റെ സന്നിധിയിലേക്ക് അടുത്തണഞ്ഞു ചോദിക്കുവാനുള്ള പ്രാഗത്ഭ്യം നിങ്ങൾ നേടണം.

*"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്ന് അടുത്ത് ചെല്ലുക."* *എബ്രായർ 4 : 15, 16*

ധൈര്യത്തോടെ ചെല്ലാം. ഒട്ടും മടിക്കണ്ട. നിങ്ങളുടെ കഴിഞ്ഞകാലജീവിതത്തിൽ പാപങ്ങളുണ്ട്, ശരിയാണ്. പക്ഷേ,

അതെല്ലാം ഏറ്റുപറഞ്ഞുപേക്ഷിച്ച് കർത്താവേ, എല്ലാം വന്നുപോയി, എനിക്ക് ഒരു ന്യായവും പറയുവാനില്ല, എന്നോടു ക്ഷമിക്കണമേയെന്ന് യാചിച്ചുകൊണ്ട് ചെല്ലുക. ഞാൻ എന്തു ചെയ്യും? പ്രായശ്ചിത്തം ചെയ്യാൻ നിവൃത്തിയില്ല. ഒന്നും ചെയ്യാൻ എനിക്ക് കഴിവില്ല. എന്നോട് കരുണതോന്നി ക്ഷമിക്കണമേ. നിന്റെ തിരുരക്തംകൊണ്ട് എന്നെ ആവരണം ചെയ്യണമേ. നാഥാ! ഞാൻ എന്റെ ജീവിതം മുഴുവനായി നിനക്കു തരുന്നു. എന്റെ പരാജയങ്ങളോടുകൂടെ, എന്റെ ജീവിതത്തിലെ തിന്മകളോടുകൂടെ, എന്റെ അവിവേകങ്ങളോടുകൂടെ ഞാനിതാ നിന്റെ തിരുമുമ്പാകെ വരുന്നു. ഇപ്പോൾ നാഥാ! ഞാൻ പൂർണ്ണഹൃദയത്തോടെ എന്നെത്തന്നെ തരുന്നതുകൊണ്ട് എന്റെ കാര്യം ഏറ്റെടുക്കണമേ.

ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ക്രിസ്തു തീർച്ചയായും നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചുതരും. സംശയിക്കേണ്ട, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് വരും. ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് നിങ്ങൾ കൈക്കൊള്ളണം. കർത്താവേ, എനിക്ക് കൂടിയേ കഴിയൂ എന്ന് നിർബ്ബന്ധമുള്ളത് നിത്യജീവനാണ്, നിത്യസ്വർഗ്ഗമാണ്. ഇന്നു മരിച്ചാൽ നിന്റെ സന്നിധിയിൽ ഞാൻ കാണപ്പെടണം. പലകാര്യങ്ങൾ ചോദിക്കുന്നില്ല. ഒറ്റയ്ക്കൊരു കാര്യം മാത്രം തന്നാൽ മതി.

കർത്താവേ, എനിക്ക് നിത്യജീവൻ തരണം. എനിക്ക് സ്വർഗ്ഗരാജ്യത്തിൽ അവകാശം തരണം. ഇന്ന് ഞാൻ മരിച്ചാൽ നിന്റെ രാജ്യത്തിൽ എത്തുവാനുള്ള കൃപ തരണം. കർത്താവേ, നീ രണ്ടാമതു വരുമ്പോൾ നിന്റെ വിശുദ്ധന്മാരുടെ നിരയിൽ ഞാനും പറക്കുവാനുള്ള ഭാഗ്യം തരണം. കർത്താവേ, മനസ്സറിഞ്ഞ് ഒരു പാപം എന്നിൽ വരികയില്ല.

നിത്യസ്വർഗ്ഗം! നിത്യ വാനഭൂമി! നിത്യമായ പുതിയ ആകാശവും പുതിയ ഭൂമിയും! അതിന്റെ അവകാശം തരാമെന്നാണ് പറയുന്നത്. റോക്കറ്റ് ഉയരുന്നതുപോലെ ഒരു ദിവസം നാം പറന്നുയരും. ഈ ആത്മാവ് പറന്ന് അങ്ങ് സ്വർഗ്ഗത്തിൽ

ദൈവത്തിന്റെ സന്നിധിയിൽ ചെന്നണയും. ഇന്ന് സമർപ്പിക്കു മെങ്കിൽ അതൊരു ദിവസം സംഭവിക്കും.

പൗലോസും ശീലാസും സ്തുതിച്ചുകൊണ്ടിരുന്നപ്പോൾ അർദ്ധരാത്രിയിൽ കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. ജയിലറ നടുങ്ങി. ദൈവമക്കൾ സ്തുതിച്ചപ്പോൾ വലിയ ഭൂകമ്പം ഉണ്ടായി. പൗലോസും ശീലാസും ജയിലിലാണ്. അടികൊണ്ട പാടുകളുണ്ട്. പാടുകളിൽ നീറ്റലുണ്ട്. അന്ന് പകലൊന്നും കഴിച്ചിട്ടില്ല. തുള്ളി വെള്ളം കുടിച്ചിട്ടില്ല. ആഹാരം കിട്ടിയിട്ടില്ല. വിശന്നു പൊരിയുന്നുണ്ട്.

എന്നാൽ അർദ്ധരാത്രിയിൽ പൗലോസും ശീലാസും പ്രാർത്ഥിച്ചു, പാടി ദൈവത്തെ സ്തുതിച്ചു. കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. പെട്ടെന്നിതാ പൂട്ടിയിരുന്ന വാതിലുകൾ എല്ലാം തുറക്കുന്നു. ഇരുമ്പോടാമ്പലുകൾ മാറുന്നു. ചങ്ങലക ളെല്ലാം അഴിഞ്ഞു വീഴുന്നു. കാരാഗൃഹപ്രമാണി നടുങ്ങിപ്പോയി. തടവുകാർ എല്ലാവരും ഓടി രക്ഷപ്പെട്ടു കാണും. എന്തുചെയ്യും? എന്റെ പ്രാണൻ അപകടത്തിലായല്ലോ. നാളെ പുലർച്ചയ്ക്കു മുമ്പ് എന്റെ തലവെട്ടും. എന്നാൽ രാജാവ് കൊല്ലുന്നതിനു മുമ്പ് ഞാനങ്ങു മരിച്ചേക്കാം; അവൻ വാളൂരി തന്നെത്താൻ കൊല്ലാൻ നോക്കി. ഉടനെ പൗലോസ് പറഞ്ഞു: “നിനക്കൊരു ദോഷവും ചെയ്യരുത്. ഞങ്ങളാരും ഓടിപ്പോയിട്ടില്ല. തടവു പുള്ളികൾ എല്ലാവരും ഇവിടെയുണ്ട്.”

കാരാഗൃഹപ്രമാണി വെളിച്ചം ചോദിച്ചുകൊണ്ട് പൗലോസിന്റെ മുമ്പിൽ വന്നു. അന്ന് പകൽ അവന്റെ കൈകൊണ്ട് പൗലോസിനേയും ശീലാസിനേയും അടിച്ചതാണ്. എന്നാൽ ഇപ്പോൾ അവൻ പൗലോസിന്റേയും ശീലാസിന്റേയും മുമ്പിൽ ചെന്നു വീണു: “യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്താണുചെയ്യേണ്ടത്?” രക്ഷ പ്രാപിക്കണം. ആകാശഗോള ങ്ങൾക്കപ്പുറമുള്ള നിത്യസ്വർഗ്ഗത്തിൽ പരിശുദ്ധാത്മാവ് പറപ്പിച്ച് കൊണ്ടുപോകണം.

ഒരിക്കൽ ഒരു അപ്പനും മകളും എന്റെ അടുക്കൽ വന്നു. ഈ മകൾ വലിയ നിരാശയിലാണ്. ‘‘സാർ, ഒന്നു പ്രാർത്ഥിക്കണം.” മോളേ, എന്താണ് പ്രശ്നം? ഞാൻ ചോദിച്ചു. “എനിക്ക് പത്താം ക്ലാസ്സിലെ പരീക്ഷ എഴുതാൻ പറ്റില്ല. നന്നായി പഠിച്ചുകൊണ്ടിരുന്നതാണ്. ക്രിസ്തുമസ് പരീക്ഷ നന്നായി എഴുതി. നല്ല മാർക്കുണ്ടായിരുന്നു. പക്ഷേ, എനിക്ക് പിന്നെ പഠിക്കാൻ പറ്റുന്നില്ല. എന്റെ കൈ എപ്പോഴും വിറയ്ക്കുന്നു.” “മോളേ എന്താ കാര്യം തുറന്നു പറയൂ.”കുറച്ചുനേരം മിണ്ടാതിരുന്നശേഷം അവൾ പറഞ്ഞുതുടങ്ങി:

സാറേ, ക്രിസ്തുമസ്സ് പരീക്ഷ കഴിഞ്ഞശേഷം ആ അവധിയ്ക്ക് ഞാൻ ഞങ്ങളുടെ ബന്ധത്തിൽപെട്ട ഒരു വീട്ടിൽ പോയി. ഒരു ദിവസം അവിടെ താമസിച്ചു. സാറേ, എന്റെ ജീവിതത്തിൽ ഒരിക്കലും സംഭവിക്കരുതാത്തത് സംഭവിച്ചു. ഞാൻ എങ്ങനെ തുറന്നു പറയും? ഒരു സ്ത്രീയ്ക്ക് വിലയേറിയത് എനിക്ക് നഷ്ടപ്പെട്ടു. സാറേ, അന്നുതുടങ്ങി എന്റെ കൈയുടെ വിറ. എന്റെ ജീവിതം അപകടത്തിലായി. എന്റെ ഭാവി നശിച്ചു. ഞാൻ നിരാശയിലാണ്.

ഞാൻ പറഞ്ഞു: “കുഞ്ഞേ, അകൃത്യം തന്നെയാണ്, പാപമാണ് സംഭവിച്ചത്. എന്നാൽ അകൃത്യം ക്ഷമിക്കുന്ന ഒരു യേശുവുണ്ട് എന്ന് നിനക്കറിയാമോ? നിന്റെ പാപം കൂടി ഏറ്റുകൊണ്ടാണ് യേശു ക്രൂശിൽ മരിച്ചത്. യേശുക്രിസ്തുവിനോടു പ്രാർത്ഥിച്ചാൽ പാപം ക്ഷമിച്ചു തരും. യേശു ക്രിസ്തുവിന്റെ തിരുരക്തം വന്ന് പാപം മായ്ച്ചുകഴിഞ്ഞാൽ അങ്ങനെ ഒരു സംഭവം നടന്നിട്ടില്ലാത്തതുപോലെയാക്കിത്തീർക്കും.” ഞാൻ വചനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ ആ പെൺകുട്ടിയുടെ കൈയുടെ വിറമാറുന്നു. പിന്നീട് അവൾ സമാധാനത്തോടെ പരീക്ഷയെഴുതി. സത്യമായും ഒരു ദൈവം ജീവിക്കുന്നു!

ക്രിസ്തു നിങ്ങളുടെ ഓരോരുത്തരുടേയും അടുക്കലേക്ക് നടന്നു വരുന്നുണ്ട്. അവൻ നിങ്ങളുടെ അരികത്ത് വന്നു

നിൽക്കുന്നുണ്ട്. നിങ്ങൾക്ക് സ്വർഗ്ഗഭൂമി അവകാശമാക്കണമോ, സ്വർഗ്ഗരാജ്യത്തിൽ പോകണമോ? കഴിഞ്ഞതെല്ലാം മായ്ച്ചുതരും. എന്തെല്ലാം സംഭവിച്ചെങ്കിലും എല്ലാം കഴുകിത്തരും. ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ മായ്ച്ചുതരും; പുതുക്കിത്തരും. അതാണ് ക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തി. ഗോഗുൽത്തായിൽ, ജയമുള്ള സ്ലീബായിൽ ചൊരിഞ്ഞ തിരുരക്തത്തിന്റെ അത്ഭുതശക്തി അതാണ്. എന്തെല്ലാം തിന്മകൾ സംഭവിച്ചുപോയെങ്കിലും എല്ലാം കഴുകിത്തരും. അതുമൂലം വന്ന കേടുപാടുകൾ എല്ലാം മായ്ച്ചുതരും.

നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾ ചിലരെ ഉപദ്രവിച്ചു കാണും, ചിലരെ വേദനിപ്പിച്ചു കാണും. ഹൃദയത്തിൽ മുറിവേൽപ്പിച്ചു കാണും. ഭാര്യയെ മർദ്ദിച്ചു കാണും. ആ സാധു സ്ത്രീയെ വല്ലാതെ വിഷമിപ്പിച്ചുകാണും. മക്കൾ കരഞ്ഞുകൊണ്ട് വീടുവിട്ട് ഓടേണ്ട സന്ദർഭങ്ങൾ വരുത്തിക്കാണും. മദ്യത്തിന്റെ അടിമയായി, കഞ്ചാവിന് അടിമയായി ജീവിച്ചുകാണും. മയക്കുമരുന്നിന് നീ അടിമപ്പെട്ടു കാണും. വൈരാഗ്യവും പകയും വിദ്വേഷവും വച്ചുകൊണ്ട് പ്രതികാരം ചെയ്തുകാണും. പ്രതികാരത്തിൽ ചിലർക്ക് കേടുവന്നു കാണും. എന്നാൽ ഒന്നും സംഭവിക്കാത്തതുപോലെ ആക്കിത്തരുവാൻ യേശുക്രിസ്തുവിനു കഴിയും.

“യഹോവയ്ക്കായി കാത്തിരിക്കുന്നവർ ഭൂമിയെ അവകാശമാക്കും.” സ്വർഗ്ഗരാജ്യം അവകാശമാക്കും. നിങ്ങൾ സ്വർഗ്ഗരാജ്യത്തിന് അന്യരായി നിൽക്കയില്ല. സ്വർഗ്ഗരാജ്യത്തിലേക്കുള്ള ധൈര്യമായ പ്രവേശനം നിങ്ങൾക്കുതരും. ഒരു പാപവും പറ്റാത്തവനെപ്പോലെ നിങ്ങൾക്ക് കടന്നു ചെല്ലാൻ സാധിക്കും. നിങ്ങളുടെ ഹൃദയം സ്തുതിച്ചുകൊണ്ടിരിക്കും. യേശുവേ, നിന്റെ തിരുരക്തം എല്ലാം മായ്ച്ചതുകൊണ്ടാണല്ലോ എനിക്ക് ഇവിടെ കടന്നു വരാൻ സാധിച്ചത്. ആ തിരുരക്തം എന്നെ കഴുകിയതുകൊണ്ടാണല്ലോ എനിക്ക് ജീവിക്കാൻ സാധിച്ചത്. തിരുരക്തത്തിന്റെ അത്ഭുതശക്തി! നിന്റെ കൃപ!

കൃപ!

എന്റെ യേശുവേ, എന്റെ കഴിവല്ല, എന്റെ ശക്തിയല്ല, എന്റെ ഒരുക്കമല്ല, എന്റെ മനോഗുണപ്രവൃത്തികളല്ല, എന്റെ നോമ്പല്ല ഒന്നുമല്ല എന്നെ രക്ഷിച്ചത്. നിന്റെ രക്തമാണ് എന്നെ രക്ഷിച്ചത്! തിരുരക്തമാണ് എന്നെ വീണ്ടെടുത്തത്! തിരുരക്തം എന്നെ കഴുകിയിരിക്കുന്നു. ആ തിരുരക്തത്താൽ എന്നെ കഴുകിയതുകൊണ്ട് ഞാൻ ഇന്ന് ശുദ്ധനായിത്തീർന്നിരിക്കുന്നു. ആ തിരുരക്തം എന്നെ ശുദ്ധീകരിച്ചിരിക്കുന്നു.

കാരാഗൃഹപ്രമാണി പൗലോസിന്റെ മുമ്പിൽ വീണു: "യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തുചെയ്യണം?" ഞാൻ രക്ഷയിലല്ല എന്ന തിരിച്ചറിവ് ഒരു അനുഗ്രഹമാണ്.

ഞാൻ ഇപ്പോൾ രക്ഷയിലല്ല, ഞാൻ നരകാവകാശിയാണ്; ഞാൻ സ്വർഗ്ഗത്തിന്റെ അവകാശം പ്രാപിച്ചിട്ടില്ല. ഈയൊരു ബോധ്യം വരുമ്പോഴാണ് രക്ഷ കിട്ടുന്നത്. അപ്പോഴാണ് സ്വർഗ്ഗത്തിന്റെ അവകാശം കിട്ടുന്നത്.

"കർത്താവായ യേശുവിൽ വിശ്വസിക്കുക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും." താൻ ഒരാൾ രക്ഷപ്രാപിക്കുന്ന കാര്യമേ കാരാഗൃഹപ്രമാണി ചിന്തിച്ചുള്ളൂ. അത്രമാത്രം നിരാശയിലാണ് അവൻ വന്നത്. അത്രമാത്രം ഭാരത്തിലാണ് അവൻ വന്നത്: "എനിക്ക് ഒരാൾക്ക് രക്ഷപ്രാപി ക്കാൻ ഞാൻ എന്തുചെയ്യണം? അടികൊണ്ട് മുറിവുകളിൽ നീറ്റലുണ്ടായിട്ടും വിശന്ന് പൊരിഞ്ഞിട്ടും ദാഹിച്ച് തൊണ്ട വരണ്ടിട്ടും ഒരു ഭാരവുമില്ലാതെ ഈ സമയത്ത് നല്ല പ്രസന്നത യോടെ പാടുവാൻ നിങ്ങൾക്കു സാധിച്ചത് ഒരത്ഭുതമാണ്. ഈ മഹാത്ഭുതം നിങ്ങൾക്ക് സാധിക്കത്തക്കവിധം ഏതോ പ്രത്യേകശക്തി നിങ്ങളിലുണ്ട്. ഈ ശക്തി രക്ഷയുടെ ശക്തി യാണ്. അതിന് ഞാൻ എന്താണ് ചെയ്യേണ്ടത്?"

പൗലോസും ശീലാസും പറഞ്ഞു: ഞങ്ങളുടെ കാൽക്കൽ വീണതുകൊണ്ട് ഫലമില്ല. ഞങ്ങളെ ഈ കാരാഗൃഹത്തിൽ

കാത്ത ഒരു ദൈവമുണ്ട്. ഞങ്ങൾക്ക് കഷ്ടതയുടെ മദ്ധ്യത്തിൽ പ്രസന്നത തന്ന ഒരു ദൈവമുണ്ട്. വേദനയുടെ മദ്ധ്യത്തിൽ ഞങ്ങളുടെ ഹൃദയത്തിൽ ആനന്ദത്തിന്റെ മധുരിമ തന്ന ഒരു ദൈവമുണ്ട്. ആ ദൈവത്തെ നിങ്ങൾ കാണൂ. കർത്താവായ യേശുക്രിസ്തുവിൽ നീ വിശ്വസിക്കൂ. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.

> *"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവൻ രാത്രിയിൽ, ആ നാഴികയിൽ തന്നേ, അവരെ കൂട്ടിക്കൊണ്ടുപോയി."*
>
> *അപ്പൊ. പ്രവൃത്തികൾ 16 : 31 – 33*

പകൽ അവരെ അടിച്ച് മർദ്ദിച്ച് അവശരാക്കിയ ആ ഭീകരനായ കാരാഗൃഹപ്രമാണി അർദ്ധരാത്രിയിൽ തന്നെ അവരെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ അവർ കർത്താവിന്റെ വചനം അവനോടും വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അർദ്ധരാത്രിയിൽ പ്രസംഗം. രക്ഷപ്രാപിപ്പാൻ യേശുവിന്റെ വചനം കൊടുത്തു. അവൻ അവരുടെ മുറിവുകളെ കഴുകി. താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു. പിന്നെ അവരെ വീട്ടിൽ കൈക്കൊണ്ടു. അവർക്ക് ഭക്ഷണം കൊടുത്തു. ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു.

നമ്മുടെ കൊച്ചുകൊച്ചു കുടുംബങ്ങൾ ആനന്ദത്തിന്റെ പറുദീസയായി മാറണം. യഹോവയ്ക്കായി പ്രത്യാശിക്കുന്നവർ ഭൂമിയെ അവകാശമാക്കും. നിത്യഭൂമി! നിത്യവാനഭൂമി! പുതിയ ആകാശവും പുതിയ ഭൂമിയും!

> *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല.*

*പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു."*

*വെളിപ്പാട് 21 : 1, 2*

സുന്ദരിയായി സഭയാകുന്ന മണവാട്ടി ഉയരത്തിൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു.

*"സിംഹാസനത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി."*

*വെളിപ്പാട് 21 : 3 – 5*

ഇപ്പോൾ നിന്റെ ജീവിതം യേശുവിന് കൊടുക്കൂ. എന്റെ ദേഹവും ദേഹിയും ആത്മാവും യേശുവേ, നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്നെയും എനിക്കുള്ളതിനെയും തൃപ്പാദത്തിങ്കൽ വയ്ക്കുന്നു. കർത്താവേ, നീയില്ലാത്ത ജീവിതം പൂജ്യമാണ്. നീ മാത്രം മതി. യേശുവേ, നിന്റെ പരിശുദ്ധാത്മാവിനെ എന്റെമേൽ ഇപ്പോൾ ഊതണമേ. നാഥാ, ഇപ്പോൾത്തന്നെ സ്വർഗ്ഗത്തിലെ വെള്ളപ്രാക്കൾ എന്റെ തലമേൽ പറന്നിരിക്കണമേ.

സ്വർഗ്ഗത്തിലെ പ്രാവ് എന്റെ തലമേൽ പൊരുന്നി ആവസിക്കണമേ. എന്റെ സിരകളിലൂടെ പരിശുദ്ധാത്മാവ് ഒഴുകണമേ. നിന്റെ പരിശുദ്ധാത്മാവിനെ എനിക്ക് ദാനമായി തരണമേ. പരിശുദ്ധാത്മാവിനെ മാനിച്ച് മേലിൽ ഞാൻ ജീവിക്കും.

പരിശുദ്ധാത്മാവിനെ അനുസരിച്ചും കീഴ്പ്പെട്ടും പരിശുദ്ധാത്മാവിന്റെ വഴിയും വചനവും സ്വീകരിച്ചും ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

യേശുവിന്റെ തിരുരക്തം നിങ്ങളുടെമേൽ തളിക്കട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങളെ കഴുകട്ടെ. നിങ്ങളുടെ രോഗങ്ങൾ മാറ്റട്ടെ. പൈശാചികശക്തികളെ ഭർത്സിച്ചകറ്റട്ടെ. യേശുവിന്റെ തിരുരക്തം ഇന്ന് അത്ഭുതം പ്രവർത്തിക്കട്ടെ. യേശുവിന്റെ കരം നിങ്ങളുടെമേൽ വയ്ക്കട്ടെ. കണ്ണുനീര് തുടയ്ക്കട്ടെ. സൗഖ്യം തരട്ടെ. ബലം പകരട്ടെ. തീജ്ജ്വാല നിങ്ങളെ സ്പർശിക്കട്ടെ. നിങ്ങൾ തീകൊണ്ട് ചൂടുപിടിക്കട്ടെ.

കാരുണ്യവാനായ സ്വർഗ്ഗീയപിതാവേ, ഈ അത്ഭുത നിമിഷങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാവരേയും തൊട്ടതിനായി സ്തോത്രം. തീപ്പൊരി ചിതറിയതിനായി സ്തോത്രം. ഓരോരുത്തരുടെമേലും തീപ്പൊരി വീണതിനാൽ സ്തോത്രം. എല്ലാവരേയും വിശുദ്ധീകരിക്കണമേ. യേശുക്രിസ്തുവിന്റെ മഹത്വമുള്ള നാമത്തിൽത്തന്നേ, ആമ്മേൻ.

# പത്ത്

*“ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവ യുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവെയ്ക്കുക.”*

*സങ്കീർത്തനങ്ങൾ 27 : 13, 14*

ദൈവത്തിന്റെ നന്മ, ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്.

*“യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കു ന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടു ക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും!”* *മത്തായി 7 : 8 – 11*

നന്മ പരിശുദ്ധാത്മാവാണ്. അതുകൊണ്ടാണ് “ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം” എന്നു പറയുന്നത്. എന്റെ ഭൗതിക ജീവിതകാലത്ത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ എനിക്ക് കിട്ടുമെന്ന് ഞാൻ വിശ്വസിച്ചില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം!

എങ്ങനെയെല്ലാം ജീവിച്ചവരാണെങ്കിലും ഏതു ഘോര പാപങ്ങളിൽ കുടുങ്ങിയവരാണെങ്കിലും ഏതെല്ലാം ഹീനപാതകങ്ങൾ ചെയ്തവരാണെങ്കിലും ഏതെല്ലാം തരത്തിൽ ഈ നിമിഷംവരെ അശുദ്ധചിന്തകൊണ്ട് മൂടിയവരാണെങ്കിലും നിങ്ങൾ കേൾക്കൂ: "ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം." നിങ്ങൾക്ക് ആർക്കും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ തരാമെന്നാണ് ദൈവം വാക്കു പറയുന്നത്.

ദൈവത്തിന് മുഖപക്ഷമില്ല. പക്ഷഭേദമില്ല. ജീവനുള്ള ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. ഏതെല്ലാം തരത്തിൽ വലയുന്നവരാണെങ്കിലും, ഈ ചീത്തചിന്തകൾ പോകുന്നില്ലല്ലോ എന്നോർത്ത് വിഷമിക്കുന്നവരാണെങ്കിലും അയ്യോ! വേണ്ടാതീനങ്ങൾ മാറുന്നില്ലല്ലോ, എന്റെ അശുദ്ധി പോകുന്നില്ലല്ലോ എന്നോർത്ത് വിഷമിക്കുന്നവരാണെങ്കിലും നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾക്ക് ഈ ഭൂമിയിൽ വച്ച് പരിശുദ്ധാത്മാവിനെ തരും.

അസാദ്ധ്യമായതിനെ സാധിപ്പിച്ചു തരാം എന്ന് ജീവനുള്ള ദൈവം വാക്കുപറയുന്നു. യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും. മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും. അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും. ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും! പരിശുദ്ധാത്മാവിനെ ദൈവം സമൃദ്ധിയായി തരും.

കിട്ടുന്നില്ലെങ്കിൽ, നിങ്ങൾ ചോദിക്കേണ്ടതുപോലെ ചോദിച്ചിട്ടില്ല. നിങ്ങളെത്തന്നെ ശുദ്ധീകരിച്ച്, നിങ്ങൾ അതിനുവേണ്ടി ദാഹിക്കണം. പ്രാർത്ഥിക്കണം. നിങ്ങൾ കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിക്കണം.

യഹോവയ്ക്കായി കാത്തിരിക്കുന്നവർ ലജ്ജിച്ചു പോകു

കയില്ല. ദൈവത്തിനുവേണ്ടി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. ദൈവത്തിനുവേണ്ടി കാത്തിരിക്കുന്നവർ യെരൂശലേമിൽനിന്ന് വാങ്ങിപ്പോകാതെ പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം എന്നാൽ പരിശുദ്ധാത്മാവെന്ന ദാനം നിങ്ങൾക്കു ലഭിക്കും. നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊണ്ട് ദാഹത്തോടെ കാത്തിരിക്കണം.

ഒന്നാമത്തെ കാര്യം യഹോവയുടെ മനോഹരത്വം കാണണം. അവന്റെ മന്ദിരത്തിൽ ധ്യാനിക്കണം. എന്റെ ആയുഷ്ക്കാലമെല്ലാം എനിക്ക്, യേശുവിനോടുകൂടെ ആയിരിക്കണം. യേശു എന്നോടുകൂടെ നടക്കണം. ഞാൻ ഉറങ്ങാൻ കിടക്കുമ്പോൾ എന്നോട് ചേർന്നിരിക്കണം. മനഃപീഡകൾ വർദ്ധിക്കുമ്പോൾ എന്നെ താങ്ങണം. എന്റെ മനസ്സിൽ വേദനകളും വിഷാദങ്ങളും വരുമ്പോൾ യേശു തൃക്കരം എന്റെ ശിരസ്സിൽ വയ്ക്കണം.

ഞാൻ വേണ്ട, വേണ്ട എന്നു വെച്ച പാപങ്ങൾ എന്റെ ജീവിതത്തിലേക്ക് കയറാൻ തുടങ്ങുമ്പോൾ യേശുവേ, നിന്റെ തിരുരക്തം എന്റെമേൽ തളിക്കണം. അങ്ങനെ യേശുവിനോട് ചേർന്ന് യേശുവിന്റെ കൂടെ നടക്കുന്ന ഒരനുഭവത്തിലേക്ക് നാം വരാനാണ് ദൈവം ആഗ്രഹിക്കുന്നത്. അവിടെ കക്ഷിഭേദമില്ല. സഭാഭേദമില്ല. സമുദായ വ്യത്യാസമില്ല. മതം മാറണ്ട, സഭ മാറണ്ട, സമുദായം മാറണ്ട. പക്ഷേ, ഹൃദയം മാറും. ഹൃദയം ശാന്തമാകും.

> *"യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ, ധൈര്യപ്പെട്ടിരിപ്പിൻ; നിങ്ങളുടെ ഹൃദയം ഉറച്ചിരിക്കട്ടെ."*
>
> *സങ്കീർത്തനങ്ങൾ 31 : 24*

ധൈര്യപ്പെട്ടിരിപ്പിൻ. ഉറച്ചിരിക്കട്ടെ.

യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ, എന്നുള്ളത് ഇംഗ്ലീഷ് ബൈബിളിൽ യഹോവയ്ക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഏവരുമേ, നിങ്ങളുടെ ഹൃദയം ഉറച്ചിരിക്കട്ടെ

എന്നാണ്.

പരിശുദ്ധാത്മാവ് വരുമ്പോൾ ഹൃദയം സ്ഥിരമായിരിക്കും. ഹൃദയം ഉറച്ചിരിക്കും.

യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക. ഇന്ന് മനുഷ്യനെ ഗ്രസിച്ചിരിക്കുന്ന ഒരു വലിയ കെടുതി ഭയമാണ്. നാളെയെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ! ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ! മക്കളെക്കുറിച്ചുള്ള ആവലാതികൾ! മക്കൾ സ്കൂളിൽ പോകുമ്പോൾ എന്റെ ദൈവമേ, അവർ പോകുന്ന വഴിക്ക് കുഴപ്പമൊന്നും വരല്ലേ. ബസ്സിലോ അല്ലെങ്കിൽ കാറിലോ കുഴപ്പമൊന്നും വരല്ലേ. അല്ല, മോളെ കല്യാണം കഴിച്ച് വിടുന്നു. ഇത്രയും നാൾ ഇവിടെ ഞാൻ പൊന്നുപോലെ ഓമനിച്ച് കൊണ്ടുനടന്നു. ഇനി അവിടെ ചെല്ലുമ്പോൾ പുതിയ വീട്ടിൽ എങ്ങനെയൊക്കെയാകുമോ? ദൂരെ ജോലിക്കുവേണ്ടി വിടുന്നു. എന്റെ കർത്താവേ, ദൂരെ ദൂരെ പോകുന്നു, കാത്തുകൊള്ളണേ. ആശങ്കകൾ! ഉത്ക്കണ്ഠകൾ! ഭയപ്പാടുകൾ!

എന്നാൽ ഒരു കാര്യവുമില്ലാതെ ആശങ്കയുള്ളവരുണ്ട്. ഒരു പേടി. ഏതാണ്ടൊരു ആധിപോലെ, ഒരു ആന്തലുപോലെ. ഒരു കാര്യവും പ്രത്യേകിച്ച് പറയാനില്ല. ഇന്ന കാര്യത്തിലാണ് ഭയം എന്നില്ല. എന്നാൽ പരിശുദ്ധാത്മാവിന് വേണ്ടി കാത്തിരുന്നാൽ സകല ഭീതികളും നമ്മിൽ നിന്ന് മാറ്റിത്തരും. എന്തൊക്കെയുണ്ട് ഭീതികൾ? പരീക്ഷ എഴുതി. അയ്യോ! ഞാൻ തോറ്റുപോകും. ബാങ്ക് ടെസ്റ്റ് എഴുതി, ടെസ്റ്റ് ജയിക്കില്ലായിരിക്കുമോ? ബിസിനസ്സിന് വേണ്ടി ഇറങ്ങി. ബിസിനസ്സ് പരാജയപ്പെട്ടുപോകുമോ?

ഇങ്ങനെ എന്തുമാത്രം ആശങ്കകളാണ് നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നത്? എന്നാൽ ദൈവത്തിന് വേണ്ടി പ്രത്യാശയോടെ കാത്തിരുന്നാൽ ഈ ഭീതി മാറും. ‘റൂസ്‌വെൽറ്റ്’ പറഞ്ഞു: “The only thing we have to fear is fear itself.” “നമുക്ക് ഭയപ്പെടാനുള്ള ഒരേയൊരു കാര്യം ഭയമാണ്.” ഭയം ഉണ്ട്

എന്നുള്ളതാണ് ഭയം. പരിശുദ്ധാത്മാവ് വന്നാൽ ഭയം മാറും!

ഒരു വലിയ കച്ചവടക്കാരൻ അർമീനിയ എന്നു പറയുന്ന സ്ഥലത്തുനിന്ന് തുർക്കിയിലേക്ക് കച്ചവടസാധനങ്ങൾ വാങ്ങിക്കൊണ്ട് പോവുകയാണ്. ഒട്ടകപ്പുറത്താണ് കൊണ്ടുപോകുന്നത്. അദ്ദേഹത്തിന്റെ ജോലിക്കാരും കൂടെയുണ്ട്. അവർ ഇടയ്ക്കിടെ ഇങ്ങനെ പോകാറുണ്ട്. ഒരിക്കൽ സാധനങ്ങളെല്ലാം വാങ്ങിക്കൊണ്ടുപോകുമ്പോൾ രാത്രി ഇവർ വിശ്രമിക്കുന്ന സമയത്ത് ഇവരെ കൊള്ളചെയ്യാൻ ഒരു കൊള്ളസംഘം അടുത്തുവന്നു. പക്ഷേ, കൊള്ളസംഘത്തിന് അടുക്കാൻ പറ്റുന്നില്ല. കാരണം, അവിടെ ചുറ്റി ഒരു മതിൽ! ഇവിടെയെങ്ങനെയാണ് മതിലുണ്ടായത്!

അന്ന് കൊള്ളക്കാരുടെ ഉദ്ദേശ്യം നടന്നില്ല. അവർ യാത്രാസംഘത്തെ പിന്തുടർന്നു. അടുത്ത ദിവസവും അതിനടുത്ത ദിവസവും രാത്രി കൊള്ളചെയ്യാൻ ചെന്നപ്പോൾ ആ വലിയ മതിലുണ്ട്. പക്ഷേ, മൂന്നാമത്തെ ദിവസം വന്നപ്പോൾ മതിലിൽ അവിടവിടെ വിള്ളലുകൾ! അവർ ആ വിള്ളലിൽ കൂടി അകത്തു കടന്നു. അവർ കച്ചവടസംഘത്തിലെ നേതാവിനെ പിടികൂടി അദ്ദേഹത്തോട് ചോദിച്ചു: ഞങ്ങൾ നിങ്ങളെ കൊള്ളചെയ്യാൻ വന്നതാണ്. കൊള്ളചെയ്യുകയും ചെയ്യും. പക്ഷേ ഒരു കാര്യം അറിയണം. സത്യം തുറന്നുപറഞ്ഞാൽ കൊള്ളചെയ്യില്ല.

ഇന്നലെയും മിനിഞ്ഞാന്നും ഞങ്ങൾ നിങ്ങളെ കൊള്ളചെയ്യാൻ വന്നു. പക്ഷേ നിങ്ങൾക്ക് ചുറ്റും ഒരു വലിയമതിലുണ്ടായിരുന്നു. ഇന്നും ആ മതിലുണ്ട്, പക്ഷേ മതിലിന്റെ അവിടവിടെ ചില വിള്ളലുകൾ കാണുന്നു. അതുകൊണ്ടാണ് ഞങ്ങൾക്ക് കടക്കാൻ പറ്റിയത്. അതിന്റെ രഹസ്യമെന്താണ്? അദ്ദേഹം കുറച്ചുനേരം ആലോചിച്ചു. എന്നിട്ടു പറഞ്ഞു: ഇന്നലെയും മിനിഞ്ഞാന്നും ഞാൻ ഉറങ്ങാൻ പോകുന്നതിനു മുമ്പ് കുറെനേരം പ്രാർത്ഥിച്ച് എന്റെ കച്ചവടസംഘത്തെയും ഒട്ടകങ്ങളെയും കച്ചവടവസ്തുക്കളെയും കൂടെയുള്ളവരെയുമെ

ല്ലാം യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചിട്ടാണ് കിടന്നത്.

യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്: യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു, ഇയ്യോബിന് ചുറ്റും വേലി കെട്ടി കാവൽ ചെയ്തു, അവൻ എന്റെ കോട്ടയും എന്റെ പാറയും എന്റെ ഓഹരിയുമാകുന്നു എന്ന്. എന്റെ പ്രാർത്ഥനകൊണ്ട് ദൈവമെനിക്ക് തന്ന കോട്ടയായിരുന്നു നിങ്ങൾ കണ്ട മതിൽ. “പക്ഷേ, പിന്നെ ഇന്നെന്താണ് വിള്ളൽ വന്നത്?” അദ്ദേഹം പറഞ്ഞു: ഞാൻ വളരെ ദുഃഖിക്കുന്നു. കാരണം, ഇന്ന് രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ ഇത്തിരി ക്ഷീണിതനായിരുന്നു. എനിക്ക് വേണ്ടതുപോലെ പ്രാർത്ഥിക്കാൻ പറ്റിയില്ല. ഞാൻ പ്രാർത്ഥിച്ചു. ഒരു ജൽപ്പനം പോലെ പതിവ് പ്രാർത്ഥന ചൊല്ലിത്തീർത്തു. ഉള്ളം തകർന്ന് ഹൃദയം നുറുങ്ങി ഞാൻ പ്രാർത്ഥിച്ചില്ല. എത്രയും വേഗം പ്രാർത്ഥന തീർത്തിട്ട് ഒന്നുറങ്ങിയാൽ മതി എന്ന മട്ടിലായിരുന്നു. ധൃതിപിടിച്ച് ഞാൻ പ്രാർത്ഥിച്ചു. അതാണ് വിള്ളൽ വരാൻ കാരണം.

അങ്ങനെ പരിപാലിക്കുന്ന ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം നല്ല ദൈവമാണല്ലോ. എന്നാൽ ഞാനും ആ ദൈവത്തെ സ്വീകരിക്കുന്നു. കൊള്ളക്കാരനും സംഘത്തിലുള്ളവരും ആ മരുഭൂമിയിൽ മുട്ടുമടക്കി. അവർ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു. ഇത് നടന്ന സംഭവമാണ്.

നമുക്ക് കോട്ട കെട്ടിത്തരാൻ, സമ്പൂർണ്ണമായി നമുക്കു ചുറ്റും മതിൽ പണിതു തരാൻ കർത്താവ് തയ്യാറാണ്. ഏത് ഭീതിയുടെ നിമിഷത്തിലും ഏതു യാതനയുടെ നിമിഷത്തിലും ഏതു കഠിനമായ ശോധനയുടെ സമയത്തിലും എത്ര കൊടിയ ആക്രമണങ്ങൾ വരുമ്പോഴും നമ്മെ കാവൽ ചെയ്യുവാൻ കർത്താവ് തയ്യാറാണ്. ഒരു കാര്യം മാത്രം, പ്രാർത്ഥനയിൽ ക്രിസ്തുവിൽ നാം ആശ്രയിക്കണം.

ഹിറ്റ്ലറുടെ കാലത്ത് നാസ്സി പടയാളികൾ യഹൂദന്മാരെ അനേകം പേരെ പിടികൂടി കൊന്നൊടുക്കി. ലക്ഷക്കണക്കിന് യഹൂദന്മാരെ പിടികൂടി തടങ്കൽ പാളയത്തിലാക്കി. ആ കൂട്ടത്തിൽ കോറിടെൻബൂം എന്ന പെൺകുട്ടിയും അവളുടെ സഹോദരി ബെറ്റ്സിയുമുണ്ടായിരുന്നു. തടങ്കൽ പാളയത്തിൽ ആരെയും കഠിനമായി ജോലി ചെയ്യിക്കും. അവരെ ഏതെല്ലാം തരത്തിൽ ക്രൂരമായി ഉപദ്രവിക്കാമോ, അതെല്ലാം ചെയ്യും.

ഒരു ദിവസം കോറിടെൻബൂമിന് ഭയങ്കര ജലദോഷം. അവൾ പറഞ്ഞു: എനിക്കു വയ്യ. ഈ തടങ്കൽ പാളയത്തിൽ ഒരു കർച്ചീഫ് കിട്ടില്ല. ഇത്തിരി പഞ്ഞി കിട്ടിയാലും മതിയായിരുന്നു. ഒരു ചെറിയ തൂവാല കിട്ടിയിരുന്നെങ്കിൽ! ബെറ്റ്സി പറഞ്ഞു: നമ്മുടെ ദൈവം വലിയവനല്ലേ. നീ പ്രാർത്ഥിക്ക്. കോറിടെൻബൂം ഒന്നു ചിരിച്ചു. ഇത്രയും വലിയ തടങ്കൽ പാളയത്തിൽ, യാതനയുടെ മദ്ധ്യത്തിൽ ഒരു കർച്ചീഫിന് വേണ്ടി പ്രാർത്ഥിക്കുക? ടെൻബൂമിന് അത്ര ഉറപ്പും സന്തോഷവും തോന്നിയില്ല. കാരണം, എത്രയോ വലിയ പ്രശ്നത്തിൽ നിൽക്കുകയാണ്? ജീവിതം എവിടെയാ പോകുന്നത് എന്ന് അറിയാൻ പാടില്ല. എപ്പോഴാണ് കൊല്ലുന്നത് എന്നറിയില്ല. അതുകൊണ്ട് ഈ ഒരു ചെറിയ കാര്യത്തിന് വേണ്ടി പ്രാർത്ഥിക്കാൻ അവൾക്കു തോന്നിയില്ല.

പക്ഷേ, ബെറ്റ്സി പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവേ, എന്റെ സഹോദരി ജലദോഷംകൊണ്ട് വിഷമിക്കുന്നു. അവൾക്ക് ഒരു കർച്ചീഫ് കൊടുക്കണേ. യേശുവിന്റെ നാമത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ സഹോദരിക്ക് ഒരു തൂവാല കൊടുക്കണേ. അല്പനേരം കഴിഞ്ഞപ്പോൾ ജനാലയ്ക്കൽ തട്ടുന്ന ഒരു ശബ്ദം. അടുത്ത camp- ലുള്ള ഒരു തടവുകാരിയാണ്. അവർ ചോദിച്ചു. കോറിടെൻബൂം ഇവിടെയുണ്ടോ? “ഉണ്ട്, അത് ഞാനാണ്.”

അവർ പറഞ്ഞു: ഞാൻ തൂവാല തയ്ക്കുകയായിരുന്നു. അപ്പോൾ എന്റെ ഉള്ളിൽ ഒരു ശബ്ദം. ഈ തൂവാല കോറി

ടെൻബ്രൂമിന് കൊണ്ടുപോയി കൊടുക്കുക. അതുകൊണ്ട് ഇത് തരാൻ വന്നതാണ്. ആ സഹോദരിമാർ ആ തടങ്കൽ പാളയത്തിൽ മുട്ടുമടക്കി. ദൈവമേ, ഇത്ര ചെറിയൊരു കാര്യത്തിനും ഉത്തരം തരുന്ന ഒരു ദൈവമുണ്ടല്ലോ. നിസ്സാരമായ ഒരു കാര്യം ചോദിച്ചപ്പോൾ കേട്ട ഒരു ദൈവമുണ്ടല്ലോ.

പ്രിയപ്പെട്ടവരേ, പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവമുണ്ട്. അവൻ നമുക്ക് ചുറ്റും കോട്ടയായിരിക്കും. അവൻ നമ്മെ കാക്കും. ശത്രുവിന്റെ കണ്ണ്, ആക്രമിക്കാൻ വരുന്നവരുടെ കണ്ണ് അന്ധമാക്കും. നമുക്ക് ചുറ്റും കോട്ട കെട്ടിത്തരും. യഹോവ എന്റെ കോട്ടയാകുന്നു. എന്റെ ശരണശൈലമാകുന്നു. യഹോവ എന്റെ ദുർഗ്ഗമാകുന്നു.

## പതിനൊന്ന്

*"ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലെത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല."* *യെശയ്യാവ് 65 : 17*

കാത്തിരിക്കുന്നവർക്ക് പുതിയ ആകാശവും പുതിയ ഭൂമിയും ലഭിക്കും. ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാക്കുന്നു. മുമ്പിലത്തേത് ആരും ഓർക്കുകയില്ല.

നാം പറമ്പിലെ മരങ്ങളെല്ലാം വെട്ടിമാറ്റി കെട്ടിടങ്ങൾ പണിയുന്നു. കുറെനാളുകൾ കഴിയുമ്പോൾ ആ പഴയ പറമ്പിനെക്കുറിച്ച് ആരുടെയും ഓർമ്മയിൽ പോലും വരാതവണ്ണം അത് മാറി മനോഹരമായ വീടോ വലിയ കെട്ടിടങ്ങളോ ആയി മാറുന്നു. ഇപ്പോൾ ഇനി ആ പഴയ പറമ്പോ അതിലെ ഫലവൃക്ഷങ്ങളോ കാണാൻ കിട്ടുമോ? ഇല്ല, അതൊരിക്കലും ഇനി അവിടെ ഉണ്ടാകയില്ല. എല്ലാം മറവിയിലേക്ക് പോകും.

ഇന്നത്തെ മനോഹരമായ കെട്ടിടങ്ങൾ, മാളികകൾ ഒന്നും കാണുകയില്ല, എല്ലാം തകർന്നുപോകും.

ഒരു പുതിയ ആകാശവും പുതിയ ഭൂമിയും കർത്താവ് നമുക്ക് ഒരുക്കിയിരിക്കുന്നു.

*"ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാട്."*
*യെശയ്യാവ് 66 : 22*

എന്തൊരു ഭാഗ്യം! നിങ്ങളുടെ സന്തതി നിലനിൽക്കും. എല്ലാം മാറി മറയും പക്ഷേ, നിന്റെ സന്തതിയും നിന്റെ സന്തതി യുടെ പേരും നിലനിൽക്കും. ഇത് വിശ്വാസികൾക്കുള്ള വാഗ്ദ ത്തമാണ്. അവർ കഷ്ടതയുടെ കണ്ണുനീർ കുടിച്ച് വലയുന്നവ രാണ്. എന്നാൽ അവർക്കുള്ള വാഗ്ദത്തങ്ങൾ കർത്താവ് തരി കയാണ്.

നിലനിൽക്കത്തക്ക പേര് നാം സമ്പാദിച്ചുവോ? നില നിൽക്കത്തക്ക സ്വഭാവം നാം സമ്പാദിച്ചുവോ? മാനിക്കത്തക്ക പേർ നാം സമ്പാദിച്ചുവോ? നമുക്കാർക്കും ഉവ്വ് എന്ന് പറയാ നില്ല. ഞാനും എളിമയോടെ, ലജ്ജയോടു കൂടെയാണ് നിൽക്കു ന്നത്. നിങ്ങളാരെക്കാളും ഞാൻ ഭേദപ്പെട്ടവനല്ല.

> *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല."*
>
> *വെളിപ്പാട് 21 : 1*

ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞു പോയി. സമുദ്രവും ഇനി ഇല്ല. എന്നുപറഞ്ഞാൽ ഇന്നത്തെ രീതിയിലുള്ള സമുദ്രത്തിന്റെ അതിരുകളായിരിക്കില്ല ഇനി ഉണ്ടാകാൻ പോകുന്നത്.

യോഹന്നാൻശ്ലീഹാ സമുദ്രത്തിൽ നല്ല പരിചയമുള്ള ആളാണ്. ഗലീലാകടലിൽ സഞ്ചരിച്ചിട്ടുള്ള ആളാണ്. യോഹ ന്നാൻശ്ലീഹാ പത്മോസ് ദ്വീപിൽ ഇരുന്നുകൊണ്ട് ഇതെഴുതു മ്പോൾ ചുറ്റും സമുദ്രം അലയടിക്കുന്നു. അപ്പോൾ യോഹ ന്നാൻശ്ലീഹായ്ക്ക് കിട്ടിയ വെളിപാട് ഈ സമുദ്രം ഇങ്ങനെ ആയിരിക്കില്ല എന്നാണ്. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സമുദ്രത്തിന്റെ രൂപമൊന്നും ഇങ്ങനെ ആയിരി ക്കില്ല. രൂപവും ഭാവവും മാറും!

നാം വെളിപ്പാട് പുസ്തകം വായിച്ചുവരുമ്പോൾ അവിടെ ഒരു പുതിയ നഗരം കാണുന്നു. പുതിയ ഒരു നഗരം. വേദപു

സ്തകത്തിന്റെ ഒന്നാമത്തെ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ ഒരു garden-ഉദ്യാനം കാണാം; ഏദെൻ തോട്ടം. എന്നാൽ വേദപുസ്തകത്തിന്റെ അവസാനഭാഗത്തേയ്ക്കു വരുമ്പോൾ garden city കാണാം. Garden-ൽ തുടങ്ങി Garden city–യിൽ അവസാനിക്കുന്ന വേദപുസ്തകം!

നിങ്ങളുടെ ജീവിതം graden city–യിൽ, സ്വർഗ്ഗീയനഗരത്തിൽ എത്തേണ്ടതാണ്. പുതിയ യെരൂശലേം എന്ന ആ പുത്തൻ നഗരം നിങ്ങൾക്ക് ആവേശം പകരുന്നുണ്ടോ? കർത്താവേ, ഇതുപോലൊരു ദിവസം ഞാൻ ഭൂമിയിൽ നിന്ന് കടന്നുപോകും; ഒരു ദിവസം കർത്താവായ യേശു ഈ ഭൂമിയിലേയ്ക്ക് വരും. തന്റെ മോഹനസൃഷ്ടിയായ മനുഷ്യൻ വസിക്കുന്ന ഭൂമിയിലേയ്ക്ക് യേശു വരും.

എത്രയോ ഗോളങ്ങളുണ്ട്! എത്രയോ സൂര്യന്മാരുണ്ട്! എത്രയോ നക്ഷത്രങ്ങളുണ്ട്! എത്രയോ ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമുണ്ട്! എന്നാൽ ഈ ചെറിയ ഗ്രഹത്തിലേക്ക് സർവ്വശക്തനായ ദൈവം എഴുന്നള്ളി വരും. ഈ നിസ്സാരമനുഷ്യനെ കാണാൻ, തന്റെ അരികിലേക്ക് ചേർക്കാൻ ദൈവം വരും. ആയുസ്സുള്ളകാലത്ത് അവന്റെ സന്നിധിയിൽ ചേരാനുള്ള യോഗ്യത നേടണം. ഉള്ളകാലം കുറച്ചാകട്ടെ അധികമാകട്ടെ, ആ കാലംകൊണ്ട് നിത്യസ്വർഗ്ഗതീരത്തെത്തുവാനുള്ള യോഗ്യത സമ്പാദിക്കണം. അങ്ങനെ വിശുദ്ധരായിത്തീരുന്നവർക്കാണ് യേശു രണ്ടാമത് വരുമ്പോൾ പറന്നുപോകാൻ കഴിയുന്നത്.

നമ്മുടെ ജീവിതത്തിൽ അവിടെ എത്താനുള്ള യോഗ്യത നാം നേടിയോ? ആ സ്വർഗ്ഗീയ നഗരത്തിൽ പ്രവേശിക്കാനുള്ള യോഗ്യത നേടാനുള്ള കാലം ഈ ഭൂമിയിലെ ജീവിതകാലമാണ്. അതുകൊണ്ട് ഈ ഭൂമിയിലെ ജീവിതകാലം വളരെ വിലപ്പെട്ടതാണ്. വിലയേറിയതാണ്. ഒരു സെക്കൻഡ് നഷ്ടപ്പെടുത്താൻ പാടില്ല. ഉള്ളകാലം അദ്ധ്വാനിച്ച് ഒരു വിശുദ്ധനായിത്തീർന്ന്, ഒരു ശുദ്ധിമതിയായിത്തീർന്ന് രാജാധിരാജന്റെ സ്വർഗ്ഗീയ അരമനയിലേക്ക് പ്രവേശിക്കാനുള്ള മണവാട്ടിയുടെ

യോഗ്യത നാം നേടണം.

"ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു." 2 കൊരിന്ത്യർ 11 : 2. ഗോഗുൽത്തായിൽ വിവാഹനിശ്ചയം കഴിഞ്ഞു. കാൽവരിക്രൂശിൽ ക്രിസ്തു തിരുരക്തം കൊടുത്ത് നമ്മെ വിലയ്ക്ക് വാങ്ങി, വിവാഹനിശ്ചയം ചെയ്തു. വിവാഹം നടക്കേണ്ടത് മദ്ധ്യാകാശത്തിൽ വച്ചാണ്. മദ്ധ്യാകാശത്തിൽ എത്തുന്നതുവരെ മണവാട്ടി എന്നാണ് പറയുന്നത്. എന്നാൽ അതിനുശേഷം കാന്തയാണ്. കാരണം, ഭാര്യയായി മാറി ക്രിസ്തുവിന്റെ ശരീരത്തോട് ഒന്നിച്ചു ചേർന്ന് ക്രിസ്തുവിൽ ലയിക്കുന്ന, ക്രിസ്തുവിൽ അലിഞ്ഞു ചേരുന്ന ഒരു ആളത്വമായി നാം മാറുകയാണ്. പിന്നെ രണ്ടല്ല, ഒന്നാണ്. 'അദ്വൈതം' എന്നു പറയുന്നതുപോലെ, അത് രണ്ടല്ല ഒന്നാണ്. ദൈവവും മനുഷ്യനും ഒന്നായിച്ചേരുന്ന അനുഭവം.

യേശുക്രിസ്തുവിൽ ഒന്നായിച്ചേരാനുള്ള യോഗ്യത നാം നേടിയോ? മഹാപരിശുദ്ധനായ ഈ വിശുദ്ധമണവാളന്റെ മണവാട്ടിയായിത്തീരാനുള്ള യോഗ്യത ഞാൻ നേടിയോ? നിത്യപരിശുദ്ധനായ യേശുവിന്റെ മണവാട്ടിയാകാൻ എനിക്ക് കഴിഞ്ഞില്ലെങ്കിൽ നഷ്ടമല്ലേ?

> *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു."*
>
> *വെളിപാട് 21 : 1*

കാത്തിരിക്കുന്നവർ, സ്വർഗ്ഗീയനഗരത്തിൽ എത്തിച്ചേരും. അത് പുതിയ ആകാശവും പുതിയ ഭൂമിയും ആയിരിക്കും.

ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി. എല്ലാം മാറിപ്പോകും. എപ്പോഴാണത് സംഭവിക്കുക എന്നറിഞ്ഞുകൂടാ. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോകും. സമുദ്രവും ഇനി ഇല്ല. ഈ പുതിയ ഭൂമിയിലേക്ക് സ്വർഗ്ഗത്തിൽ നിന്ന് ഒരു നഗരം ഇറങ്ങി വരുന്നു.

കർത്താവു പറഞ്ഞു: "ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് ഭവനം പണിതാൽ ഞാൻ ഇരിക്കുന്നേടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യേശുവിനോടുകൂടെ ആ പുതിയ ഭവനത്തിൽ, ആ പുതിയ നഗരത്തിൽ, ആ പുതിയ ഭൂമിയിൽ വാഴേണ്ടവരാണ് നാം ഓരോരുത്തരും.

പ്രിയപ്പെട്ടവരേ, ആർക്കും നിരൂപിക്കാൻ വയ്യാത്ത മഹാഭാഗ്യം നമുക്കുവേണ്ടി കരുതിവെച്ചിരിക്കുന്നു. നിങ്ങളാരും വിചാരിക്കണ്ട, എനിക്കത് കിട്ടുകയില്ല എന്ന്. യേശു സ്നേഹമാണ്. യേശു വാത്സല്യമാണ്. ആ സ്നേഹം നിങ്ങളെ വിളിക്കുന്നു. ആ സ്നേഹം നിങ്ങളോട് ക്ഷമിക്കാമെന്നു പറയുന്നു. എല്ലാം പൊറുത്തു തരാമെന്നു പറയുന്നു. ആ മഹാസൗഭാഗ്യത്തിൽ നിങ്ങളെ എത്തിക്കാമെന്നു പറയുന്നു. അത് ക്രിസ്തുവിന്റെ സ്നേഹമാണ്. അനന്തമായ സ്നേഹം! അതിരില്ലാത്ത സ്നേഹം! അളവില്ലാത്ത സ്നേഹം!

ഈ നിസ്തുലസ്നേഹമാണ് ഇന്ന് നമ്മുടെ ഹൃദയവാതിൽക്കൽ വന്ന് മുട്ടിക്കൊണ്ട് നിൽക്കുന്നത്. നിങ്ങൾ ആ വിളി കേൾക്കുക.

> *"ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും. കഴികയില്ലതാനും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*
>
> *ലൂക്കോസ് 13 : 24*

പലരും കടപ്പാൻ നോക്കും, കഴികയില്ലതാനും. പലർക്കും കടക്കണമെന്നുണ്ട്. ആ വാതിൽ കണ്ടെത്തുന്നവർതന്നെ ചുരു

ക്കമാണ്. നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ള താണ് അത് കണ്ടെത്താൻ പ്രയാസമില്ല. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കമുള്ളതും വഴി ഞെരുക്കമുള്ളതുമാണ്. അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ മത്തായി 7 : 12 – 14.

ആ സ്വർഗ്ഗീയനഗരത്തിൽ നാം ചെല്ലുമ്പോൾ നമ്മുടെ പ്രിയനെ നാം കാണും, അവന്റെ ശരീരത്തിലെ വടുക്കൾ നാം കാണും. ആ ശരീരത്തിലെ മുറിപ്പാടുകൾ, നമുക്കുവേണ്ടി അടിയേറ്റ മുറിപ്പാടുകൾ നാം കാണും. ആ മുറിപ്പാടുകൾ കാണുമ്പോൾ എന്റെ നാഥാ, നീ എനിക്കുവേണ്ടി ഇതെല്ലാം ഏറ്റല്ലോ എന്ന് പറഞ്ഞ് ഞാൻ അവന്റെ പാദപീഠത്തിൽ ചെന്ന് കുമ്പിടും!

“അളവുനൂൽ എനിക്ക് മനോഹരദേശത്ത് വീണിരിക്കുന്നു. എനിക്ക് നല്ലോരവകാശം ലഭിച്ചിരിക്കുന്നു. എനിക്ക് ബുദ്ധിയുപദേശിച്ചു തന്ന യഹോവയെ ഞാൻ വാഴ്ത്തും.” സങ്കീർത്തനം 16 : 6. പ്രിയപ്പെട്ടവരേ, നിങ്ങൾക്കുറപ്പുണ്ടോ? എനിക്ക് മനോഹരദേശത്ത് അളവുനൂൽ വീണിരിക്കുന്നു. എനിക്ക് സ്വർഗ്ഗീയനഗരത്തിൽ ഓഹരി തന്നിരിക്കുന്നു. നല്ലോരവകാശം തന്നിരിക്കുന്നു. അവൻ എനിക്കുള്ള ഓഹരിയെ കരുതിയിരിക്കുന്നു.

“ദാനിയേലേ, പൊയ്ക്കൊൾക. നീയും വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റ് വരും,”

ദാനിയേലേ, നിന്റെ ശുശ്രൂഷ തീർന്നിരിക്കുകയാണ്. ഈ ഭൂമിയിലെ നിന്റെ വേല തീർന്നിരിക്കുന്നു. നീ ജീവിച്ചിരുന്നിടത്തോളം കാലം എന്നെ മാനിച്ച്, എന്റെ വചനത്തെ മാനിച്ച് നീ ജീവിച്ചു. നീ എന്നെ ആദരിച്ചും ഭയന്നും എന്റെ വേല ചെയ്തു ജീവിച്ചു. ഇപ്പോൾ ദാനീയേലേ, വിശ്രമമില്ലാത്ത വേല കഴിഞ്ഞ് ഇനി നീ വിശ്രമിച്ചുകൊൾക. കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ നീ എഴുന്നേറ്റ് വരും. നിനക്ക് ഞാൻ ഒരു ഓഹരി വച്ചിട്ടുണ്ട്. ആ ഓഹരി പ്രാപിപ്പാൻ

നീയും ഉയിർത്തെഴുന്നേറ്റ് വരും. എന്റെ സ്വത്തിന്റെ ഓഹരി ഞാൻ നിനക്ക് വച്ചിട്ടുണ്ട്. എന്റെ നഗരത്തിന്റെ ഒരു ഓഹരി ഞാൻ നിനക്ക് വച്ചിട്ടുണ്ട്.

പ്രിയപ്പെട്ടവരേ, എന്താണ് തീരുമാനം? ഞാൻ യഹോവയെ എല്ലായ്പ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. എപ്പോഴും ദൈവത്തെ മുന്നിൽ വച്ചിരിക്കുന്നു.

*"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങിപ്പോകയില്ല."*

*സങ്കീർത്തനങ്ങൾ 16 : 8*

ശത്രു വന്നാൽ എന്നെ തൊടുകയില്ല. ഞാൻ കുലുങ്ങുകയില്ല. ഞാൻ ഭയപ്പെടുകയില്ല. ഞാൻ പേടിക്കുകയില്ല. ഞാൻ വാടുകയില്ല. ഞാൻ തളരുകയില്ല. ഞാൻ മടുത്തുപോകയില്ല. കാരണം എന്റെ വലത്തുഭാഗത്ത് എന്റെ രക്ഷകൻ നിൽക്കുന്നു. അവനെന്നെ പൊതിഞ്ഞ് സംരക്ഷിച്ചു നിൽക്കുന്നു.

സ്വർഗ്ഗീയ നഗരത്തിന്റെ ഓഹരി! പുതിയ ആകാശവും പുതിയ ഭൂമിയും! ഇന്നെന്നപോലെ ഒരു ദിവസം നമ്മുടെ പ്രിയപ്പെട്ടവർപോയ അതേ വാതിലിൽ കൂടി നാമും കടന്നുപോകും. മരണത്തിന്റെ വാതിലിൽകൂടി ഒരു ദിവസം ഞാനും പോയേ പറ്റൂ. ഞാൻ അങ്ങോട്ട് കടന്നു ചെല്ലുമ്പോൾ എന്റെ നാഥനെന്നെ സ്വീകരിയ്ക്കും.

"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ." മത്തായി 25 : 34. കടന്നുചെല്ലുമ്പോൾ ലോകസ്ഥാപനം മുതൽ ഒരു രാജ്യം നമുക്കുവേണ്ടി ഒരുക്കിവച്ചിരിക്കുന്നു.

ഒരു ധനികയായ സ്ത്രീ. രക്ഷിക്കപ്പെട്ട് ജീവിതം കർത്താവിന് സമർപ്പിച്ചവളാണ്. അവൾ കടന്നുപോയി. അക്കരെചെന്ന് നോക്കിയപ്പോൾ, അവൾക്കുണ്ടേി ഒരുക്കിയി

രിക്കുന്ന ഭവനം അത്ര സുന്ദരമല്ല. അവളുടെ ഭവനത്തിനടുത്തായി ഒരു വലിയ മണിമാളിക. അവൾ ചോദിച്ചു: ആ മണിമാളിക ആരുടെയാണ്? അപ്പോൾ മാലാഖ പറഞ്ഞു: അത് ഒരു ചെറുപ്പക്കാരനായ മനുഷ്യനുവേണ്ടി പണിതതാണ്. ഇവൾ ചോദിച്ചു: എന്താണവന്റെ പേര്? മാലാഖ ഒരു പേരു പറഞ്ഞു. “ഇതെനിക്കു പരിചയമുള്ള പേരാണല്ലോ?” മാലാഖ പറഞ്ഞു. “അവൻ ഒരു സ്ത്രീയുടെ തോട്ടം സൂക്ഷിപ്പുകാരനായിരുന്നു.” അവൾ ചോദിച്ചു: എതാണാ സ്ത്രീ?” “അത് നിങ്ങൾ തന്നെയാണ്” “എന്റെ തോട്ടം സൂക്ഷിപ്പുകാരനാണോ ആ വീട് കിട്ടിയിരിക്കുന്നത്? എന്തൊരു മനോഹരമായ ഭവനം!”

“എനിക്കിത്രയും ചെറിയ മോശപ്പെട്ട വീടും അവനത്രയും മനോഹരമായ വലിയ വീടും! അതെന്താ അങ്ങനെ?”

അപ്പോൾ മാലാഖ പറഞ്ഞു: “ഇവിടെ ഒരു പ്രത്യേകതയുണ്ട്. ഭൂമിയിൽ നിങ്ങൾ ജീവിച്ചിരിക്കുന്ന കാലത്ത് അയച്ചുതരുന്ന സാധനങ്ങൾകൊണ്ടാണ് ഇവിടെ അവർക്ക് ഭവനം പണിയുന്നത്. നിങ്ങൾ അയച്ചു തന്ന സാധനങ്ങൾകൊണ്ട് ഇത്രയുമൊക്കെയേ പണിയാൻ സാധിച്ചുള്ളൂ. എന്നാൽ ഇത്രയും വലിയ മനോഹരമായ ഭവനം പണിയാൻ തക്കവണ്ണം അത്രയും മനോഹരങ്ങളായ സാധനങ്ങളാണ് അവൻ അയച്ചുതന്നത്.”

നാം ഇവിടെ ഭൂമിയിൽ ജീവിക്കുമ്പോൾ അക്കരെ ദേശത്തേയ്ക്കുള്ളത് സമ്പാദിച്ചു കൊള്ളണം. ഇവിടെ ജീവിക്കുമ്പോൾ നാമെന്തൊക്കെയാണ് കൊടുക്കുന്നത്? മക്കളെ പ്രാകുന്നു, ഭാര്യയെ പ്രാകുന്നു, ഭാര്യയെ അടിക്കുന്നു. മദ്യപിച്ച് കൂത്താടി വന്ന് പാവം സ്ത്രീയുടെ തലമുടിക്ക് പിടിച്ച് ചുമരിലേക്ക് ഇടിക്കുന്നു. മക്കൾ കരയുന്നു. മക്കൾക്കെതിരെ ആക്രോശിക്കുന്നു. അവരെ ചീത്തവാക്ക് പറയുന്നു.

അല്ലെങ്കിൽ ഭർത്താവ് മദ്യപിച്ച് വരുമ്പോഴേക്കും ഭാര്യ ചീത്തയും മോശപ്പെട്ട വാക്കുകളും പറഞ്ഞ് പ്രാകുകയും

തന്നെത്താൻ ശപിക്കുകയും ചെയ്യുന്നു. ഇനി ആത്മഹത്യ ചെയ്താൽ മതി എന്നു വിചാരിക്കുന്നു. എന്നും വഴക്ക്.

ഇവിടെ നിന്ന് അയച്ചുകൊടുക്കുന്നത് എന്തെല്ലാമാണ്? മദ്യപാനത്തിന്റെ ദുർഗന്ധം അയക്കുന്നവരുണ്ട്; കഞ്ചാവിന്റെ ബോധമില്ലായ്മ അയച്ചുകൊടുക്കുന്നുണ്ട്; വൃത്തികെട്ട ജീവിതം, വിവാഹത്തിന് മുമ്പുള്ള കൊള്ളരുതാത്ത ബന്ധങ്ങൾ. Facebook-ലൂടെയുള്ള ബന്ധങ്ങൾ, അതിൽ കൂടിയുണ്ടാകുന്ന പ്രേമബന്ധങ്ങൾ, കൊള്ളരുതാത്ത ബന്ധങ്ങൾ! ഭാര്യ അത് കണ്ടുപോയാൽ ഉടനെ വീട്ടിൽ കലഹങ്ങൾ, മാതാപിതാക്കളോടുള്ള ധിക്കാരങ്ങൾ, മാതാപിതാക്കളെ അനുസരിക്കാത്ത സ്വഭാവങ്ങൾ, ഇതൊക്കെയാണ് അയച്ചുകൊടുക്കുന്നത്. ഇതുകൊണ്ട് അവിടെ എന്തു പണിയാൻ കൊള്ളാം?

നിങ്ങൾ ചിന്തിക്കൂ. നിത്യനഗരത്തിൽ നിങ്ങൾക്ക് ഭവനം പണിയാൻ നിങ്ങൾ എന്തെല്ലാം അയച്ചുകൊടുത്തു? നിങ്ങൾ കർത്താവിന്റെ വേലയ്ക്കുവേണ്ടി ത്യാഗം സഹിച്ചുവോ? കർത്താവിന്റെ വേലയ്ക്കുവേണ്ടി ഉറക്കിളച്ചുവോ? കർത്താവിന്റെ വേലയ്ക്കുവേണ്ടി നിങ്ങൾ യാത്ര ചെയ്തുവോ?

കർത്താവിന്റെ വേലയ്ക്കുവേണ്ടി നിങ്ങൾ പൈസ മുടക്കിയോ? ഒരു ആത്മാവിനെ വീണ്ടെടുക്കാനുള്ള ദാഹത്തോടെ നിങ്ങൾ മലകളും കുന്നുകളും കയറിയോ? ഭവനം ഭവനംതോറും കയറിയിറങ്ങി യേശുവിന്റെ വചനം പറഞ്ഞ്, നിങ്ങളുടെ അനുഭവസാക്ഷ്യം പറഞ്ഞ് അനേകരെ കർത്താവിന്റെ വചനത്തിലേക്ക് ആകർഷിച്ചുവോ, വിളിച്ചുവോ, ക്ഷണിച്ചുവോ?

കഷ്ടപ്പെടാൻ നിങ്ങൾക്ക് മനസ്സ് വന്നോ? ഇതൊന്നുമല്ല സുവിശേഷവേല, ജാതികളുടെ ഇടയിലാണ് വേല ചെയ്യേണ്ടത് എന്നൊക്കെ നിങ്ങൾ അഭിപ്രായം പറഞ്ഞു കാണും. പ്രിയപ്പെട്ടവരേ, അതെല്ലാം പാപമാണ്. നിങ്ങൾ ആരെയും കുറ്റം വിധിക്കരുത്. ആരെയും ദുഷിക്കരുത്. ആരെയും

ദൂഷണം പറയരുത്. ഭർത്താവിനോട് ധിക്കാരമായി പെരുമാറി യിട്ടുണ്ടോ? ഭർത്താവിനെ വേദനിപ്പിക്കുന്ന രീതിയിൽ സംസാ രിച്ചുപോയിട്ടുണ്ടോ? സ്നേഹിക്കാതിരുന്നിട്ടുണ്ടോ?

നിങ്ങൾ ക്ലാസ്സ് മുറിയിൽ ഉഴപ്പിയിട്ടുണ്ടോ? അധ്യാപ കരെ കബളിപ്പിച്ചുപോയിട്ടുണ്ടോ? എന്തെല്ലാമാണ് നിങ്ങളുടെ ജീവിതത്തിൽ വന്നുപോയത്? ഓരോന്നോരോന്ന് ചികഞ്ഞെ ടുക്കണം. എന്നിട്ട് ദൈവസന്നിധിയിൽ ഇരിക്കണം. പ്രാർത്ഥന യാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്ന തല്ല. ദൈവസന്നിധിയിൽ ഇരുന്ന് ഓരോന്നും കണ്ടുപിടിച്ചിട്ട് എണ്ണി എണ്ണി യേശുവിനോട് പറയണം: "എന്റെ കർത്താവേ, ഈ പാപത്തിനുവേണ്ടി നീ അടിയേറ്റു എന്ന് ഞാൻ വിശ്വസി ക്കുന്നു. കർത്താവേ, ഇപ്പോൾ നിന്റെ തിരുരക്തത്താൽ എനിക്ക് മോചനം തരണമേ." ഇങ്ങനെ ഓരോ പാപവും ഏറ്റുപറഞ്ഞ് ദൈവത്തിന്റെ കരുണയ്ക്ക് വേണ്ടി യാചിക്ക ണം.

സഹോദരങ്ങളേ, നിങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്ന് നിങ്ങളത് ആരംഭിക്കൂ. ഇനി വൈകരുത്. നിങ്ങൾ ഇപ്പോൾ തന്നെ ദൈവത്തോട് പറയണം: "എന്റെ കർത്താവേ. ഇത് ഞാൻ വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ എന്റെമേൽ നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്ത ത്തിന്റെ ഒരു തുള്ളി വീഴിക്കണമേ. എനിക്കൊരു കഴുകൽ തര ണമേ. യേശുവേ, എന്റെ പാപക്കറകൾ കഴുകാതെ എന്നെ എഴുന്നേൽപ്പിക്കല്ലേ."

"ഞാൻ കൊലപാതക പ്രവൃത്തി ചെയ്തില്ല. പക്ഷേ, ചില രോട് കോപിച്ചു. ദ്വേഷിച്ച് സംസാരിച്ചു. ചിലർക്ക് നഷ്ടം വര ണമെന്നാഗ്രഹിച്ചു. ചിലർക്ക് നാശം വരണമെന്ന്, അപകടം വരണമെന്ന് ഞാൻ ചിന്തിച്ചു. കർത്താവേ, അതെല്ലാം പാപ മായിപ്പോയല്ലോ. അതെല്ലാം നിന്റെ സ്വഭാവത്തിന് വിരുദ്ധമാ യിപ്പോയല്ലോ. എന്നോട് നീ ക്ഷമിക്കണമേ." എല്ലാം നിങ്ങൾ ദൈവത്തോട് എണ്ണി എണ്ണിപ്പറയണം. നിങ്ങളുടേതല്ലാത്തത്

നിങ്ങളുടെ കൈവശം വന്നത്, മോഷ്ടിച്ചെടുത്തത്, ഒരുപക്ഷേ അറിയാതെ നിങ്ങളുടെ കൈവശം വന്നുപോയത്, നിങ്ങൾ ചെലവഴിച്ച രൂപയിൽ ക്രമക്കേട് വന്നത്, കള്ളക്കണക്കെഴുതിയത്. ഇങ്ങനെ എന്തെല്ലാമെന്തെല്ലാം ചിന്തിക്കാനുണ്ട്. ഓരോന്നോരോന്നായി പരിശോധിക്കുക. ഒരു കരടും ഇരിക്കരുത്. കരടുകളെല്ലാം പെറുക്കിക്കളഞ്ഞ് വചനത്തിന്റെ അരിപ്പയിൽ അരിച്ചെടുത്തുകൊള്ളുക.

ഒരു കാറിൽ ഒരു കുട്ടിയും അപ്പനും കൂടി യാത്ര പോകുകയായിരുന്നു. അപ്പൻ കാറോടിക്കുന്നു. മോൻ, അരികത്ത് ചേർന്നിരിക്കുന്നു. ഒരു സമയം വന്നപ്പോൾ എങ്ങനെയെന്നറിയില്ല, ഒരു കടന്നൽ അകത്തു കടന്നു. കടന്നൽ ഇങ്ങനെ പാഞ്ഞു നടക്കുകയാണ്. ഇത്തിരി കഴിഞ്ഞപ്പോൾ കടന്നൽ അപ്പനെ കൊത്തി. അപ്പൻ ഉടനെ തന്നെ കൈകൊണ്ട് തിരുമ്മി ആ വേദന കടിച്ചമർത്തി.

അപ്പന്റെ വേദനയും ഞെട്ടലുമെല്ലാം മോൻ കണ്ടു. ഇപ്പോൾ ആ കടന്നൽ മോന്റെ നേരെ പാഞ്ഞുവരികയാണ്. മോൻ പേടിച്ച് 'അയ്യോ' എന്ന് പറഞ്ഞ് നിലവിളിക്കാൻ തുടങ്ങി. അപ്പോൾ അപ്പൻ പറഞ്ഞു: "മോനേ, നീ പേടിക്കണ്ട. ആ കടന്നലിന് ഒരു കൊമ്പാണുള്ളത്. അത് ഒടിഞ്ഞ് എന്റെ കവിളത്തിരിക്കുന്നുണ്ട്. ഇനി ആ കടന്നൽ നിന്നെ കൊത്തില്ല. ഇനി അത് നിന്നെ കൊത്താൻ വന്നാലും നീ പേടിക്കേണ്ട. കൊത്താനുള്ള കൊമ്പ് അതിനില്ല, പേടിപ്പിക്കാമെന്നു മാത്രമേയുള്ളൂ."

പ്രിയപ്പെട്ടവരേ, പിശാചിന്റെ കൊത്തേറ്റ് എന്റെ യേശു വേദനിച്ചു. സാത്താന്റെ കുത്തേറ്റ് വേദനിച്ചതാണ് കുരിശിന്മേൽ കിടന്ന്, "എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്" എന്ന് പറഞ്ഞ് നിലവിളിച്ചത്. സാത്താന്റെ കൊമ്പൊടിഞ്ഞു. ഒരിക്കലായിട്ട് ഗോഗുൽത്തായിൽ വച്ച് അവന്റെ കൊമ്പൊടിഞ്ഞു. ഇനി ഭയപ്പെടേണ്ട. കൊമ്പ് ഇല്ലാത്തതുകൊണ്ട് നിങ്ങളിലേക്ക് വിഷം പകരുകയില്ല.

ഒരിക്കലായിട്ട് അതിന്റെ വേദനയും വിഷവുമെല്ലാം യേശു ഏറ്റെടുത്തു കഴിഞ്ഞു. മോനേ, നിനക്ക് മോചനം തന്നു കഴിഞ്ഞു. ഇത് നീ വിശ്വസിക്കൂ. യേശു എല്ലാം ഏറ്റെടുത്തു കൊണ്ട് നിനക്കുവേണ്ടി എല്ലാം സഹിച്ചുകൊണ്ട് കുരിശിൽ കിടന്ന് പിടഞ്ഞു. കൈകാലുകൾ തുളയ്ക്കപ്പെട്ടു. ചങ്ക് തുറന്നു; തിരുവിലാവിൽ നിന്ന് ചോരയും നീരും ഒഴുക്കി; കൈകളും കാലുകളും തുളയ്ക്കപ്പെട്ടു; ശിരസ്സിൽ മുൾമുടിയേറ്റു; ദേഹമാസകലം ചാട്ടവാറുകൊണ്ടുള്ള ആഞ്ഞടികളേറ്റ് വിണ്ടുകീറി.

കരുണയുള്ള കർത്താവ് എല്ലാം സഹിച്ചു. മുഖത്ത് തുപ്പലേറ്റു. കന്നത്ത് അടിയേറ്റു. നിന്ദാവിഷയമായി, ആക്ഷേപിക്കപ്പെട്ടവനായി കുരിശിന്മേൽ ലജ്ജിതനായിക്കിടന്നു. എന്റെ ലജ്ജ മാറ്റാൻ, എന്റെ നിന്ദ മാറ്റാൻ, മകളേ നിന്റെ നിത്യനിന്ദ മാറ്റാൻ യേശു ലജ്ജിതനായി കുരിശിന്മേൽ കിടന്നു. ഇനി നീ ലജ്ജിക്കേണ്ട. ഇനി നീ നിന്ദ അനുഭവിക്കേണ്ട. നിന്റെ നിന്ദയെല്ലാം അവൻ വഹിച്ചിരിക്കുന്നു. നിന്റെ ലജ്ജ അവൻ ഏറ്റെടുത്തിരിക്കുന്നു.

അവനെ നോക്കിയാൽ നിനക്ക് മോചനമുണ്ട്. അവനെ നോക്കിയാൽ നിനക്ക് വിടുതലുണ്ട്. അവനെ നോക്കിയാൽ നിനക്ക് പ്രകാശമുണ്ട്. നിന്റെ ലജ്ജ മാറിപ്പോകും. ഇന്ന് ലജ്ജിതരായവർ ആരെല്ലാമുണ്ട്? നിന്ദയേറ്റിരിക്കുന്നവർ ആരെല്ലാമുണ്ട്? എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരായി ആരെല്ലാമുണ്ട്? സ്വന്തംവീട്ടിൽപോലും മാനമില്ലാത്തവരായി ആരെല്ലാമുണ്ട്? സ്വന്തം ഭർത്താവിനുപോലും വിലകെട്ടവരായി ആരെല്ലാമുണ്ട്? സ്വന്തം ഭാര്യയ്ക്കുപോലും വില തോന്നാത്തവരായി ആരെല്ലാമുണ്ട്? സ്വന്തം മക്കൾക്കുപോലും വിലയില്ലാത്തവരായി ആരെല്ലാമുണ്ട്?

എന്നാൽ നിന്നെ വിലമതിക്കുന്ന ഒരു യേശുവുണ്ട്. ആ യേശുവിതാ നിന്റെ അരികത്തേക്ക് വന്നിരിക്കുന്നു. നിന്റെ അരികത്തുകൂടി നടക്കുന്നു. നിനക്കുവേണ്ടി നഗരം ഒരുക്കി കൊണ്ട് അവനിതാ നിന്റെ അരികത്തേക്ക് വന്നിരിക്കുന്നു.

അവൻ പുതിയ യെരൂശലേം എന്ന പുതിയ നഗരം നിനക്കുവേണ്ടി ഒരുക്കിയിരിക്കുന്നു.

കരുണയുള്ള കർത്താവേ, അടിയങ്ങളെ സ്നേഹിച്ച മഹാസ്നേഹത്തിനായി സ്തോത്രം. ഞങ്ങളുടെ മദ്ധ്യത്തിലേക്ക് നീ എഴുന്നള്ളി വന്നതിനായി സ്തോത്രം. അർഹിക്കാത്ത അനുഗ്രഹങ്ങൾ ഞങ്ങൾക്ക് തന്നതിനായി സ്തോത്രം. അനേകരുടെ കണ്ണുനീർ തുടയ്ക്കുന്നതിനായി സ്തോത്രം. അനേകരുടെ ബന്ധനങ്ങൾ അഴിച്ചതിനായി സ്തോത്രം. അനേകരുടെ ജീവിതത്തിലെ ശാപങ്ങൾ അഴിച്ചു മാറ്റിയതിനായി, പാപക്കറകൾ കഴുകിയതിനായി സ്തോത്രം. ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുരക്തം പുരട്ടി, സംഹാരകൻ തൊടാതെ സ്വർഗ്ഗീയശക്തികൊണ്ട് വേലി കെട്ടിയതിനായി സ്തോത്രം.

എല്ലാവരേയും അനുഗ്രഹിക്കണമേ. എല്ലാവരേയും തലോടണമേ. ആവശ്യങ്ങൾ സാധിപ്പിച്ചു കൊടുക്കണമേ. ഭാരത്തോടിരിക്കുന്നവരുടെ ഭാരങ്ങൾ മാറ്റിക്കൊടുക്കണമേ. എന്റെ നാഥാ, നിന്റെ അത്ഭുതസ്നേഹം എല്ലാവർക്കും അനുഭവമാക്കിക്കൊടുക്കണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധമായ നാമത്തിൽ താഴ്മയോടെ പ്രാർത്ഥിക്കുന്നു പിതാവേ, കൃപയോടെ കേൾക്കുമാറാകണമേ, ആമ്മേൻ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം

# Prof. M.Y. യോഹന്നാൻ

## സുവിശേഷസന്ദേശം നൽകുന്നു

**എല്ലാ ദിവസവും, രാത്രി 8 : 30**
**പവ്വർവിഷൻ TV**

**വെള്ളി രാത്രി 9 : 30**
**ആത്മീയയാത്ര TV**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**ഞായർ രാവിലെ 6 : 30**
**ജീവൻ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ ഉച്ചയ്ക്ക് 2 : 00**
**ആത്മീയയാത്ര TV**

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും
**www.crfgospel.org**


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |